


ഭേദഗതി ചെയ്ത ഭൂനയബിൽ

# ആരോഗ്യവും നിത്യയൗവ്വനവും കാംക്ഷിക്കുന്നവർ

## ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസിദ്ധ

# "മൃഗമദാദിരസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോക്കും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലതു്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

**സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും സേവിക്കാം.**

**വില: റാത്തൽ ഒന്നുക്കു് 5 രൂ. 75 ന: പ:**

സ്റ്റോക്കിസ്റ്റന്മാർ:— 1 മെ: രാജൻ മെഡിക്കൽസ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം 2 മാതേവൻമെഡിക്കൽസ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം–3. 3. ചന്ദ്രികാ മെഡിക്കൽസ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4 ഗോപി & കമ്പനി, മെയിൻറോഡ്, മാർത്താണ്ഡം 5 എൻ. തിരവിയം, കെമിസ്റ്റ്സ്, നാഗർകോവിൽ 6 വെസ്റ്റേൺ മെഡിക്കൽ സ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം 7 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 8 കമലാ മെഡിക്കൽസ്റ്റോഴ്സ്, കന്നിക്കോട് 9 ജൂപ്പിററർ മെഡിക്കൽസ്റ്റോഴ്സ്, കായംകുളം 10 പരീതുകുഞ്ഞ് & സൺസ്, മർച്ചൻറ്സ്, പുനലൂർ 11 പി. കെ. രാഘവൻപിള്ള, മർച്ചൻറ്, കുണ്ടറ 12 ശശി മെഡിക്കൽസ്റ്റോഴ്സ്. കഴക്കൂട്ടം 13 കെ. ടി. ജോർജ്ജ് & സൺസ്, തിരുവല്ലാ 14 സി. ജെ. ജോൺ & കൊ, കെമിസ്റ്റ്സ്, വൈക്കം 15 പ്രഭാത് മെഡിക്കൽസ്റ്റോർ, ചെങ്ങന്നൂർ 16 പി. എസ്. കെ. സ്റ്റോഴ്സ്, മുണ്ടക്കയം 17 കളരിക്കൽ മെഡിക്കൽസ്റ്റോഴ്സ്, കോട്ടയം 18 മെഡോണാ എമ്പോറിയം, ചങ്ങനാശേരി 19 യുണൈറഡ് മെഡിക്കൽസ്റ്റോഴ്സ്, മാവേലിക്കര 20 പുലമൺ മെഡിക്കൽസ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര 21 എസ്. ഡി. വി. എ. ഫാർമസി, അടൂർ 22 ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 23 പ്രമീളാ സ്റ്റോഴ്സ്. ഓച്ചിറ 24 ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി 25 അബ്ദുൽ റസാക്ക്, മർച്ചൻറ്, ചവറ 26 പോപ്പുലർ മെഡിക്കൽസ്റ്റോഴ്സ്, വർക്കല 27 എം. പി. ജോസഫ്, മരുന്നുവ്യാപാരം, ചാത്തന്നൂർ 28 പി. സി. ശേഖർ, മർച്ചൻറ്, നെയ്യാററിൻകര 29 എം. അബ്ദുൽറഹിം, മർച്ചൻറ്, ബാലരാമപുരം 30 ബാലാ & ബ്രദേഴ്സ്, മെഡിക്കൽ സ്റ്റോഴ്സ്, പാറശാല 31 ന്യൂ കൊളംബൊ ഫാർമസി, പത്തനംതിട്ട 32 കേരളാഫാർമസി, നെടുമങ്ങാട് 33 ശ്രീചിത്രാ മെഡിക്കൽസ്റ്റോർ, അഞ്ചൽ.

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജ് 1 രൂ. 95 ന: പ. ഫോൺ നമ്പർ 586.

**മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ—ആലപ്പുഴ.**

**(Alleppey P. O.)**

ബ്രാഞ്ചുകൾ:— അമ്പലപ്പുഴ, ചേർത്തല, കുത്തിയതോട്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം, മട്ടാഞ്ചേരി (കൊച്ചി), എറണാകുളം.

UKUMAR NEWS AGEN
CHENTHITTA
TRIVANDRUM

# സരസൻ

(വിനോദമാസിക)

7-11-60

പുസ്തകം 16 | ചങ്ങനാശേരി — നവംബർ 1960 | ലക്കം 7

# ★ തിരപ്പുറപ്പാട് ★

## ഇല്ലെന്നും ഉണ്ടെന്നും

പുറത്തുപറയാൻ സങ്കോചംതോന്നുന്ന എല്ലാ കാര്യങ്ങളിലും പതിവാണ് ഇങ്ങനെ ഒരു തർക്കം. ഹനുമാൻെറ തള്ളയായ അഞ്ജനയ്ക്കു് ഈ തർക്കമുണ്ടായി. അമ്മൂമ്മത്തള്ള ചില ബാഹ്യലക്ഷണം നോക്കിയിട്ടു പറഞ്ഞു ഉണ്ടെന്നു്, അഞ്ജന പറഞ്ഞു ഇല്ലെന്നു്. വയററിൽ വായുവിൻെറ ഉപദ്രവമാണെന്നാണ് അവർ വാദിച്ചതു്. എങ്കിലും ഒമ്പതാം മാസം കഴിഞ്ഞപ്പോൾ ഉണ്ടെന്നു സ്ഥിരപ്പെട്ടു. അങ്ങനെ ഹനുമാൻ ജനിച്ചു. തള്ളയുടെ തർക്കവാദം പരാമർശിച്ചു് പരിഹസിച്ചുകൊണ്ടു് വായുവിൻെറ മകനാണ് ഹനുമാനെന്നു് അയൽക്കാരിപെണ്ണുങ്ങൾ പറഞ്ഞുണ്ടാക്കി. ഒടുവിൽ വായുപുത്രനെന്നുള്ള പേരു് സ്ഥിരപ്പെടുകയുംചെയ്തു. കുന്തീദേവിയും ഒരിക്കൽ ഇങ്ങനെ ഒരു തർക്കത്തിൽ ഏർപ്പെട്ടു. ഉണ്ടെന്നു് അവളുടെ തള്ള; ഇല്ലെന്നു് അവൾ. ഒടുവിൽ (ചെവിയിൽക്കൂടെയാണെങ്കിലും) അവൾ പ്രസവിക്കേണ്ടിവന്നു. കർണ്ണത്തിൽക്കൂടെ വന്നതുകൊണ്ടു് കർണ്ണൻ എന്നു പേരുംകൊടുത്തു. ഉണ്ടെന്നും ഇല്ലെന്നും ഉള്ള തർക്കത്തിൻെറ അവസാനം മിക്കവാറും ഇങ്ങനെയാണ്. ഒരു പരിധിവരെയൊക്കെ ഇല്ലെന്നു പറഞ്ഞോണ്ടു നടക്കാം. അതു കഴിഞ്ഞാൽ എല്ലാം സ്വയം വെളിപ്പെട്ടുപോകും.

കേരളാ കോൺഗ്രസ്സിൽ ഇപ്പോൾ ഉണ്ടെന്നും ഇല്ലെന്നും തർക്കം തുടങ്ങിയിരിക്കയാണ്. നാൽപ്പത്തിനാലു് എം. എൽ. ഏ-മാരും അഞ്ചു നേതാക്കന്മാരും ഒരു ബുദ്ധിരാക്ഷസ്സും ഇല്ലെന്നു തീർത്തുപറഞ്ഞു. ഒരു വലിയ നേതാവും ഒരു വലിയ മന്ത്രിയും മൂന്നു പത്രക്കാരും ഉണ്ടെന്നു് ഉറപ്പിച്ചു പറയുകയുംചെയ്തു. വടക്കുന്നു വന്ന ഒരു വയററാട്ടി പരിശോധിച്ചതിൽ ഒന്നും പറയാതെ പോവുകയുംചെയ്തു. ഒന്നും പറയാഞ്ഞതുകൊണ്ടുതന്നെ സംശയം മൂത്തിരിക്കയാണ്. ഏതായാലും റെയ്പൂർ ഘോഷയാത്ര കഴിഞ്ഞ് സഞ്ജീവറെഡ്ഡി വരുന്നുണ്ടത്രേ ഉണ്ടെങ്കിൽ ആർക്കും ദോഷംവരാതെ ഇല്ലാതാക്കാൻ അദ്ദേഹം സമർത്ഥനാണെന്നാണ് വിശ്വാസം. പക്ഷേ ഉത്തരപ്രദേശത്തും പഞ്ചാബിലും ആന്ധ്രായിലും മൈസൂറിലും അദ്ദേഹത്തിൻെറ പ്രയോഗം ഫലിച്ചില്ല. ഉള്ളതിങ്ങു പുറത്തു വന്നുപോയി. നേരത്തെ വിളിക്കാത്തതുകൊണ്ടാണ് അങ്ങനെ പററിയതെന്നു സമാധാനം പറയുന്നുണ്ടു്. ഇവിടെ ഏതായാലും അങ്ങനെ ഒഴികഴിവു പറയാൻ പററുകില്ല. തർക്കം തുടങ്ങിയപ്പോഴേ അറിയിച്ചിരിക്കയാണ്. വരേണ്ട സമയത്തു വന്നു വേണ്ടതു ചെയ്യേണ്ടതു് അദ്ദേഹത്തിൻെറ ചുമതലയാണ്. അതു ചെയ്യുമെന്നു വിശ്വസിക്കാം.

## ഇരട്ടച്ചുവപ്പ്

കമ്മ്യൂണിസത്തിൻെറ നിറം ചുവപ്പാണ്. ആറെസ്പിയുടെ നിറം കടുംചുവപ്പുമാണ്. സ്വാഭാവികമായും ഒന്നിക്കേണ്ടവരാണിവർ. എങ്കിലും 1954-നുശേഷം പിണങ്ങി. എന്തുവന്നാലും ഇണങ്ങുകയില്ലെന്നു് രണ്ടുകൂട്ടരും



നാടുനീളെ നടന്ന് നാട്ടാരെ സാക്ഷിയാക്കി സത്യംചെയ്തു. തനി വെള്ളയായ കോൺഗ്രസ്സുമായി അമ്പത്തൊമ്പതിൽ കടുംചുവപ്പു കൂട്ടുചേർന്നു. കാര്യം കണ്ടപ്പോൾ വെള്ള കടുംചുവപ്പിനെ തള്ളി. വെറും ചുവപ്പിന് വല്ലാത്ത മങ്ങലും ബാധിച്ചു. അങ്ങനെ ചുവപ്പു രണ്ടും തുല്യദുഃഖിതരായി. തിരുവനന്തപുരം കോർപ്പറേഷനിൽ പഴയ ശാപശരങ്ങളെല്ലാം അന്യോന്യം പിൻവലിച്ച് രണ്ടും ഒരിക്കൽകൂടി പ്രണയപ്പെട്ട് പരസ്പരം പരിഗ്രഹിച്ചു. എങ്കിലും ഫലത്തിൽ വലിയ മേന്മയൊന്നും ഉണ്ടായില്ല. നിഷ്കാമപ്രേമമാകുമ്പോൾ അതിൽ ദുഃഖിക്കാനില്ല. എങ്കിലും ചിലർക്കൊക്കെ ഒരു സംശയം. ഇങ്ങനെ വേണമായിരുന്നോ എന്ന്. അഷ്ടമുടിയിൽ ചാടി ചത്ത പോലീസുകാരനെപ്പോലെ കൂട്ടുകാരിയുമായി കെട്ടിപ്പിണഞ്ഞു ചാവുന്നതിൽ എന്താ പ്രത്യേക സുഖം? അത്രയ്ക്കുള്ള പ്രണയവും ഈ കാര്യത്തിലില്ലല്ലോ. ഒന്നിക്കാനാണെങ്കിൽ നല്ലതുപോലെ ഒന്നിക്കുക. അതില്ലെങ്കിൽ പഴയതുപോലെ നിൽക്കുക. അതാ സാമാന്യസദാചാരം. പക്ഷേ രാഷ്ട്രീയത്തിൽ അങ്ങനെ അല്ലായിരിക്കാം. എങ്കിൽ ഞങ്ങൾക്കൊന്നും പറയാനില്ല.

## കാർഷികബന്ധബിൽ

പ്രസ്തുത ബിൽ പാസ്സായി. അതിലെ നാലഞ്ചു നെടുംതൂണുകൾ ഇളക്കിക്കളഞ്ഞിട്ടാണ് പാസ്സാക്കിയതെന്നു നമ്പൂരിപ്പാടു പറയുന്നു. അങ്ങനെ ചെയ്തതിന്റെ പേരിൽ എ. കെ. ഗോപാലൻ ചില പ്രക്ഷോഭണവും നടത്തി. ഇപ്പോഴത്തെ ബില്ലനുസരിച്ചാണെങ്കിൽ ഭൂസ്വാമികൾക്കാർക്കും മിച്ചഭൂമിയുണ്ടായിരിക്കയില്ലെന്നും അതില്ലാത്ത നിലയ്ക്കു ഭൂരഹിതർക്കു വിതരണംചെയ്യാൻ ഒരു സെൻറു പോലും കിട്ടുകയില്ലെന്നും ഗൗരിയമ്മയും പറയുന്നു. എന്നിട്ടും ബില്ല് ഉടനടി നടപ്പിലാക്കണമെന്നാണ് ഇപ്പോഴത്തെ നിർബന്ധം. അധികഭൂമി ആർക്കുമില്ലെങ്കിൽ പിന്നെന്തിനാണിതു നടപ്പാക്കുന്നത്? അഥവാ അതു നടപ്പാക്കാമെന്നു വിചാരിച്ചാലും എന്തുപാധിയിന്മേലാണ് നടപ്പാക്കേണ്ടത്. പന്തില്ലാതെ പന്തുകളിക്കാൻ പററുമോ? ഭൂമിയില്ലാതെ ഭൂമിവിതരണവും സാധ്യമല്ലല്ലോ. പിന്നെന്തിനാണ് നിർബന്ധിക്കുന്നത്. അപ്പോൾ ആദ്യം പറഞ്ഞതിലോ ഇപ്പോൾ പറയുന്നതിലോ എന്തോ കള്ളമുണ്ട്. സങ്കരസർക്കാരിനെക്കൊണ്ടു പാഴ്വേല ചെയ്യിച്ചു നാണംകെടുത്താമെന്നുള്ള കണക്കുകൂട്ടലായിരിക്കയില്ല ലക്ഷ്യം. നാണമുണ്ടെങ്കിലല്ലേ നാ ണം കെ ടാ നി ടയുള്ളു.

മററു പ്രവിശ്യകളിലും ഭൂനയബില്ലുകളുണ്ടായിവരുന്നു. പക്ഷേ അതൊന്നും ഈയിടെയെങ്ങും പാസ്സാകുന്ന ലക്ഷണമില്ല. ഇവിടെമാത്രം ഒരെണ്ണം പാസ്സായി. പലതിലും കേരളമാണ് ഇന്ത്യയിൽ ഒന്നാമത്തേത്. ഇരട്ടപെറുന്ന പെണ്ണുങ്ങൾ ഇവിടെയുള്ളത്ര മറെറങ്ങുമില്ല. ആദ്യത്തേതിന്റെ ചോറൂണിനുമുമ്പേ രണ്ടാമത്തേതിനെ ജനിപ്പിക്കുന്നവരും മറെറങ്ങും കാൺകില്ല. ചുരുക്കത്തിൽ മനുഷ്യക്കൃഷിയിൽ നാം ഒന്നാംസ്ഥാനത്ത്. പിന്നെയുള്ളത് തൊഴിലില്ലായ്മയാണ്. തീർച്ചയായും അതിലും നാം ഒന്നാംസ്ഥാനത്തുതന്നെ. ബുദ്ധിശക്തിയുടെ കാര്യം പ്രത്യേകിച്ചെന്തു പറയാനാണ്. ബുദ്ധിരാക്ഷസന്മാർപോലും ഇവിടെയാണുള്ളത്. അതുകൊണ്ട് ഭൂനയബിൽ ആദ്യം പാസ്സാക്കിയ ഇന്ത്യൻ സംസ്ഥാനമെന്നുള്ള പദവി ഒരു വലിയ കാര്യമൊന്നുമല്ല. അത് ആദ്യം നടപ്പാക്കിയെന്നുള്ള പദവിയും അതേ യുക്തിപ്രകാരമാണെങ്കിൽ വലുതല്ല. എങ്കിലും ആർക്കും ദോഷംവരാത്തതാണെന്നു ഗൗരിയമ്മ പറഞ്ഞ നിലയ്ക്ക് അതങ്ങു നടപ്പാക്കുകയാണ് നല്ലത്. വിനോബാജിയുടെ ഭൂദാനംപോലെ കുറേ പ്രസംഗങ്ങൾമാത്രം വിതരണംചെയ്യുക എന്നുള്ളതാണെങ്കിൽ ആർക്കെന്തു ചേതം? ഉടനടി നടപ്പാക്കണമെന്നാണ് ഞങ്ങളുടേയും പക്ഷം.

## മന്ത്രിക്കാറിൽ ക്രിമിനൽ പുള്ളി

ഒരാൾ രാത്രിയിൽ വെറുതേ വഴിയേ നടന്നു. കാലിൽ ഒരു കയറു തടഞ്ഞു. അതും എടുത്തുകൊണ്ടു വീട്ടിൽ ചെന്നു. അപ്പോഴാണ് കണ്ടത് കയറിന്റെ അററത്ത് ഒരു കാളയും ഉണ്ടെന്ന്. സത്യസന്ധനായ അയാളെ കാളമോഷണത്തിൽ ശിക്ഷിക്കാമോ—? ഉത്തരം വായനക്കാർ അവരവരുടെ ഏററവും ഉററവരോടു രഹസ്യമായി പറഞ്ഞാൽമതി. നമ്മുടെ പോലീസ്മന്ത്രി നിയമസമാധാനകാര്യാന്വേഷണവ്യഗ്രനായി സഞ്ചരിച്ചതിനിടയിൽ കാറുകിട്ടായ്കയാൽ നടന്നുപോകുന്ന ഒരു നിഷ്ക്കാറനെ കണ്ടു. ഖദറിട്ടിരുന്നവനായതുകൊണ്ടും സ്റ്റേററുകാറിൽ സ്ഥലമുണ്ടായിരുന്നതുകൊണ്ടും അയാളെക്കൂടി അതിൽ കയററി. പിന്നെ കുറേ കഴിഞ്ഞപ്പോൾ അറിഞ്ഞു അയാൾ ഒരു ക്രിമിനൽകേസ്സിലെ പ്രതിയാണെന്ന്! ഇതിനു മന്ത്രിയെ കുററം പറയാമോ—? ഇതിന്റെ ഉത്തരവും വായനക്കാർ ഏററവും ഉററവരോടു പറഞ്ഞാൽമതി. ഉററവരില്ലെങ്കിൽ സ്വന്തം മനസ്സിൽ കരുതിയാലും മതി. ഞങ്ങൾ പറയുന്നില്ല—കാരണം? പോലീസ് മന്ത്രിയാണ് കഥാനായകൻ. ഞങ്ങൾക്കു പോലീസിനെ ബഹുമാനവുമാണ്.

—o—



# കേരളത്തിലെ അണുവായുധമൽസരം

## നിരായുധീകരണം ഉടനടി നടപ്പാക്കണമെന്നു് നെഹ്റു.

കോട്ടയത്തു് ഒരു പാടത്തു ഞാറുനട്ടുകൊണ്ടിരുന്ന കുറേപ്പേർ ഈയിടെ മയങ്ങിവീണു. ഫോളിഡോൾ ശ്വസിച്ചതാണെന്നു സമാധാനം പറഞ്ഞു. എറണാകുളത്തുനിന്നും പുറപ്പെട്ട ഒരു തീവണ്ടിയിലെ യാത്രക്കാരിൽ ആറുപേർക്കു ബോധക്കേടുവന്നു. ബീഡിവലിച്ചിട്ടാണെന്നു കാരണം പറഞ്ഞു. നെടുമങ്ങാട്ടു് ഒരു സ്കൂൾ വീണു് കുറെ കുഞ്ഞുങ്ങൾ ചത്തു; കൺടാക്ടറെ കുററം പറഞ്ഞു് അതും സഹിച്ചു. നീണ്ടകരപ്പാലത്തിന്റെ നടുവും തളർന്നു. പാലത്തിന്റെ പഴക്കം പഴിപറഞ്ഞു് അവിടവും നിന്നു. ചെല്ലാനം തുടങ്ങി നെടുനീളം കടൽകയറി കുടികളിളക്കി. വെറും കടൽക്ഷോഭമാണെന്നു കാരണം പറഞ്ഞു. മദ്ധ്യ ഏഷ്യയിൽനിന്നും അനേകം പററം വെട്ടുക്കിളികൾ ഇങ്ങോട്ടുവരുന്നു. കഷ്ടകാലമാണെന്നുമാത്രം സമാധാനിക്കുകയാണു്. മലബാറിലെ മുളകുകൊടിയെല്ലാം നിന്നനിൽപ്പിൽ കരിഞ്ഞുപോകുന്നെന്നു റിപ്പോർട്ടുവന്നു. അറിയപ്പെടാത്ത ഏതോ പേപ്പർ ദീനമാണെന്നു പറഞ്ഞൊഴിഞ്ഞു. കുംഭത്തിൽ തുടങ്ങിയ പേമാരിയും ഇടിവെട്ടും ഇന്നും തുടരുന്നു. കാലാവസ്ഥാഭേദമാണെന്നുമാത്രം ഒഴികഴിവു പറയുകയാണു്.

പക്ഷേ ഈ അത്യാഹിത പരമ്പരയ്ക്കു് ഇതൊന്നുമല്ല യഥാർത്ഥകാരണം. ഈയിടെ ഏ. ഐ. സി. സി. യിൽനിന്നും അയച്ച വിദഗ്ദ്ധന്റെ പരിശോധനയിലാണു് അതു തെളിഞ്ഞതു്. നമ്മുടെ അന്തരീക്ഷം മലിനമാണു്. അതിഗൂഢമായി രണ്ടുമൂന്നു പ്രധാന കേന്ദ്രങ്ങളിൽ ഏതാനും വർഷമായി നടത്തിപ്പോരുന്ന അണുവായുധപരീക്ഷണമാണു കാരണം.

ജനകീയം തുടങ്ങിയതുമുതൽ ഈ അണുവായുധപരീക്ഷണവും തുടങ്ങിയതാണത്രെ. കോട്ടയത്താണു് ആദ്യം ആരംഭിച്ചതു്. ആദ്യപരീക്ഷണം ഉദ്ദേശിച്ചതിലധികം ഫലിച്ചു. ഒന്നാമത്തെ ആററംബോംബുവീണാണു് പട്ടം–ടി. എം.–കേശവൻ മന്ത്രിസഭ പൊട്ടിയതു്. അന്നു് ഏൽക്കേണ്ടിവന്ന റേഡിയോപ്രസരത്തിന്റെ ഫലമായി ടി. എം–ം, കേശവനും ഇന്നും ശയ്യാവലംബികളാണു്. കസേരയിൽനിന്നും തെറിച്ചുപോയ പട്ടം കുറേനാൾ മോഹാലസ്യത്തിൽ കിടന്നശേഷം ചീനത്തെ സിംഹാസനത്തിൽ തെറിച്ചുപോയ ചിയാങ്ങനേപ്പോലെ, തന്നെ രക്ഷിക്കുവാൻ കരുത്തുണ്ടെന്നു തോന്നിയ വൻശക്തികളുടെ പടിപ്പുരകാത്തു് കാലംകഴിച്ചു. ബോംബെറിഞ്ഞ കുമ്പളത്തിന്റെ ദേഹത്തുബാധിച്ച പൊള്ളൽ ഉണങ്ങാതെ കൂടുതൽ കൂടുതൽ കെടുതികളുണ്ടാക്കിക്കൊണ്ടുമിരുന്നു. അങ്ങനെ കോട്ടയത്തുകാരെ സംബന്ധിച്ചിടത്തോളം അജയ്യമായ ഒരായുധമായി അവരുടെ അണുബോംബിനെ അവർ പരിഗണിച്ചു. അതിന്റെ നിർമ്മാണരഹസ്യം മററുള്ളവരെ അറിയിക്കാതെ ആദ്യത്തെ ഹിരോഷിമാബോംബിന്റെ നിർമ്മാതാക്കളായ അമേരിക്കരെപ്പോലെ കോട്ടയം ബോംബുകാരും പരമരഹസ്യമായി സൂക്ഷിക്കുകയും കൂടുതൽ കൂടുതൽ മാരകമായ ആയുധങ്ങൾ കണ്ടുപിടിച്ചു് പരീക്ഷിച്ചു ശേഖരിക്കയുംചെയ്തു. ഈ കാലഘട്ടത്തിലാണു് കൊച്ചിയെ തിരുവിതാംകൂറുമായി യോജിപ്പിച്ചു തിരുക്കൊച്ചിയെന്ന സംസ്ഥാനം രൂപീകരിച്ചതു്. എറണാകുളത്തുവച്ചു് അതിനുമുമ്പു് ചില്ലറ രാഷ്ട്രീയപ്പടക്കങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന പനമ്പള്ളി ആൻഡ് കോ തങ്ങളുടെ ആയുധശക്തി വർദ്ധിപ്പിക്കേണ്ടതിന്റെ അത്യാവശ്യം മനസ്സിലാക്കി. ഉദയഭാനു എന്ന ചാരപ്രമാണി മുഖേന കോട്ടയത്തുകാരുടെ അണുവായുധരഹസ്യം അവർ കൈക്കലാക്കി. അതിവേഗം അവരും അണുബോംബുകൾ നിർമ്മിച്ചുതുടങ്ങി. അതിന്റെ ആദ്യപരീക്ഷണത്തിൽ കോട്ടയത്തുകാരുടെ വകയായിരുന്ന ടി. കെ. ഭരണം തകർന്നു. അമേരിക്കരുടെ ബോംബിനേക്കാൾ മെച്ചമാണു് തങ്ങളുടേതെന്നു് റഷ്യാക്കാർ അവകാശപ്പെടുന്നതുപോലെ കോട്ടയം ബോംബിനേക്കാൾ മാരകമാണു് തങ്ങളുടെ ബോംബെന്നു് എറണാകുളം






കാർ വീമ്പിളക്കിത്തുടങ്ങി. കോട്ടയത്തുകാർ അതുകേട്ടു ഭയപ്പെട്ടില്ല. അവർ മുറയ്ക്കു് ആയുധനിർമ്മിതിയും പരീക്ഷണവും തുടർന്നു. എറണാകുളത്തുകാരും ആവേശപൂർവം മുന്നേറി. എന്നാൽ ഡിപ്ലോമസിയിൽ കോട്ടയത്തുകാർ നിസ്സംശയം ജയിച്ചുതന്നെനിന്നു. മന്നത്തുപത്മനാഭൻ, ആർ. ശങ്കർ എന്നിവരുമായി അവർ ഒരു നാറേറാസഖ്യം സ്ഥാപിച്ചു. പട്ടംതാണുപിള്ള എന്ന ചിയാങ്ങ് കൈഷക്കിനെ പി. എസ്. പി. എന്ന തുരുത്തിൽ വാഴിച്ചു. ശത്രുക്കളുടെ ആക്രമണത്തിൽ രക്ഷിച്ചുകൊള്ളാമെന്നു കരാറുണ്ടാക്കി. എറണാകുളം ഗ്രൂപ്പ് കൂട്ടാക്കിയില്ല. ഒരൊററ അണുവായുധം പ്രയോഗിച്ച് പട്ടത്തിനെ വീണ്ടും വീഴ്ത്തി. പക്ഷെ നാറേറാസഖ്യവും ഉലച്ചില്ല. മന്നത്തുപത്മനാഭൻ എന്ന ഡീഗാളേ പകരം ഒരു ബോംബെറിഞ്ഞു എറണാകുളത്തുകാരെയും ചിതറിച്ചു. മത്സരം അങ്ങനെ പെരുകി. കോട്ടയത്തും എറണാകുളത്തും പരീക്ഷണാർത്ഥം പൊട്ടിച്ചുകൊണ്ടിരുന്ന അണുബോംബുകളുടെ ധൂളിയും പുകയും വിഷാംശവുംകൊണ്ട് അന്തരീക്ഷം അത്യന്തം മലിനമായി. അതിനകം മലബാറുംകൂടിച്ചേർന്ന കേരളവും രൂപീകൃതമായി. കേന്ദ്രത്തിൽനിന്നും അയച്ച പി. എസ്. റാവു എന്ന ഹാമർഷീൽഡിന്റെ ആഭിമുഖ്യത്തിൽ ഒരു പ്ലിബിസൈററു നടന്നു. എറണാകുളംകാരും കോട്ടയത്തുകാരും തോററു. വെറും ചീനച്ചാരന്മാർ ഭരണം കൈയ്യടക്കി.

അതോടെ രണ്ടുകൂട്ടർക്കും വെമ്പലായി. അണുവായുധപരീക്ഷണവും അന്യോന്യമുള്ള ശീതസമരവും തൽക്കാലം നിർത്തിവയ്ക്കാമെന്നുള്ള വ്യവസ്ഥയിൽ ഒരു തൽക്കാലസന്ധിയുണ്ടായി. പി. എസ്. പി. തുരുത്തിൽനിന്നും പട്ടമെന്ന ചിയാങ്ങിനെ വെളിയിൽകൊണ്ടുവന്നു. ഒന്നിച്ചുനടത്തിയ സമരത്തിൽ ചീനച്ചാരന്മാർ തോററു. എറണാകുളം കോട്ടയംശക്തികളുടെ അംഗീകാരത്തോടെ കേരളചിയാങ്ങൻ ഭരണവും ഏറെറടുത്തു. എറണാകുളം—കോട്ടയം ആയുധപരീക്ഷണം നിശ്ശേഷം നിലച്ചതായി ആളുകൾ വിശ്വസിച്ചു. എങ്കിലും അന്തരീക്ഷം കൂടുതൽകൂടുതൽ വിഷമയമായിക്കൊണ്ടുതന്നെയിരുന്നു. അത്യാഹിതങ്ങൾ പെരുകി. അപശബ്ദങ്ങളും മററു ഉൾക്കുന ങ്ങളും വർദ്ധിച്ചു. എ. ഐ. സി. സി. അതിന്റെ അന്വേഷകനെ നിയോഗിക്കയുംചെയ്തു. അദ്ദേഹം ആദ്യം കോട്ടയത്തുവന്നു പരിശോധിച്ചു. ആററംബോംബും ഹൈഡ്രജൻബോംബും രഹസ്യസങ്കേതങ്ങളിൽ കുന്നുകണക്കിനു കൂട്ടിയിരിക്കുന്നു. ഡമോക്രാററ് എന്ന ഐ. സി. ബി. എം. പരീക്ഷിക്കുന്നതു് അദ്ദേഹം നേരിട്ടു കണ്ടു. ശങ്കർ എന്ന പ്ലാസ്റ്റിക്കു ബലൂൺ, കൊട്ടുകാപ്പള്ളി എന്ന ഗ്രഹാന്തരസ്റ്റേഷൻ, ഏ. എം. തോമ്മസ് എന്ന അന്തർവാഹിനി മുതലായി ആയുധപരമായ നിരവധി മഹാത്ഭുതങ്ങളും അദ്ദേഹം കണ്ടറിഞ്ഞു. അവിടെനിന്നും നേരേ എറണാകുളത്തെത്തി. ദീനബന്ധു എന്ന തോർഷബിററ് മിസ്സിലിയുടെ ചീററൽ അകലവച്ചേ അദ്ദേഹത്തിനു കേൾക്കാറായി. കുളം എന്ന അറോമിക്ക് ഐസ്ബ്രേക്കറുടെ പ്രവർത്തനം, മാധവൻനായർ എന്ന അന്തർവാഹിനിയുടെ വിസ്മയാവഹമായ പെയ്ത്തുകൾ, സി. കെ. ഗോവിന്ദൻനായർ എന്ന സ്ഫുട്ട്നിക്കിന്റെ സംക്രമണം എന്നിങ്ങനെ അവിടെ നിരവധി മഹാത്ഭുതങ്ങൾ അദ്ദേഹത്തിനു കാണാനിടയായി.

സഞ്ജീവറെഡ്ഡിക്കു് അദ്ദേഹം കമ്പിയടിച്ചു:– "കോട്ടയത്തും എറണാകുളത്തും അണുവായുധങ്ങൾ മുറയ്ക്കു നിർമ്മിച്ചുവരുന്നു. അവയുടെ പരീക്ഷണം ഇനിയും തുടർന്നാൽ കേരളാന്തരീക്ഷം ജന്തുസഹ്യമല്ലാതെയാകും. ഇതിനകം ശേഖരിച്ച ആയുധങ്ങൾ നശിപ്പിക്കാൻ ഇരുകൂട്ടരും സമ്മതിക്കാത്തപക്ഷം വിനാശകരമായ ഒരു സംഘട്ടനം ഏതവസരത്തിലും സംഭവിക്കയുംചെയ്യും.

നെഹ്റു ഒരു പ്രസ്താവന പുറപ്പെടുവിച്ചതിൽ കേരളത്തിലെ സ്ഫോടകാവസ്ഥയിൽ ഖേദിക്കുകയും നിരായുധീകരണത്തിനും സഹവർത്തിത്വത്തിനും ബന്ധപ്പെട്ട കക്ഷികൾ തയ്യാറാകുമെന്ന ആശ പ്രകടിപ്പിക്കയും ചെയ്തിരിക്കുന്നു. വേണ്ട കൂടിയാലോചനകൾക്കായി സഞ്ജീവറെഡ്ഡി താമസിയാതെ ഇങ്ങോട്ടു വരുമെന്നും റിപ്പോർട്ടുണ്ടു്. ....0....




സ: ഓച്ചിറരാമചന്ദ്രൻ

അവതരിപ്പിക്കുന്ന

ബല്ലാത്ത ദുനിയാവ് (രാഷ്ട്രീയ കഥാപ്രസംഗം)

വിവരങ്ങൾക്കു്— ഓച്ചിറ രാമചന്ദ്രൻ.

# 1001 രൂപായുടെ

# സ്വർണ്ണാഭരണങ്ങൾ സൗജന്യം

## ചെമ്പകാ ജൂവലേഴ്സിന്റെ 6-ാമതു് സ്വർണ്ണാഭരണ വിതരണപദ്ധതി

## ആരംഭദിനം 1961 ജനുവരി 8

**നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടാ.**

| | | | | | |
|---|---|---|---|---|---|
| A. | ഗ്രൂപ്പ് | 15 | രൂപാ | മുടക്കി | 375 രൂപായ്ക്കും |
| B | ,, | 10 | ,, | ,, | 250 ,, |
| C. | ,, | 5 | ,, | ,, | 125 ,, |

പൂർണ്ണ ഉത്തരവാദിത്വമുള്ളതും മികച്ച ഫാഷനിലുള്ളതുമായ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയുംകൂടാതെ സമ്പാദിക്കാം. ഇന്നത്തെ സാമ്പത്തികനിലയെ പരിഗണിച്ചുള്ള വരുമാനത്തിന്റെ ഒരംശം നിങ്ങളുടെ മക്കൾക്കായി മാററിവയ്ക്കുന്നകൂട്ടത്തിൽ സ്വർണ്ണാഭരണങ്ങളും ഉൾപ്പെടട്ടെ.

**25** മാസവും മുടക്കംവരുത്താതെ പണമടയ്ക്കുന്നവരുടെ പേരുകൾ സ്പെഷ്യൽനറുക്കെടുപ്പിൽ ചേർത്ത് വിജയിക്കുന്നവർക്ക് **1001** രൂപയുടെ സ്വർണ്ണാഭരണങ്ങൾ സൗജന്യമായി നല്കപ്പെടും.

വ്യവസ്ഥകൾക്ക് 25 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

## ചെമ്പകാ ജൂവലേഴ്സ്, മുല്ലയ്ക്കൽ—ആലപ്പുഴ.

### പുതുലോകത്തിൽപുതുമ ചാർത്തുന്ന

# "ചെമ്പകാ" നെക്ലസ്




ചെമ്പകാ
ജുവലേഴ്സ്
മുല്ലയ്ക്കൽ
ആലപ്പുഴ

Tele: "CHEMBAKA" Regd: M 37 Phone 2092

# എം. എൻ-ന്റെ സഹസ്രാഭിഷേകം

## മന്നത്തിന്റെ ശതാഭിഷേകത്തിനെതിരായിട്ടുള്ള ഒരു കരുനീക്കം

പന്തളത്തുവച്ച് മന്നത്തിന്റെ ശതാഭിഷേകം നടത്തുവാൻ തീരുമാനിച്ചതു് ഒരു തികഞ്ഞ വെല്ലുവിളിയായി പന്തളം സ്വദേശിയായ എം. എൻ. ഗോവിന്ദൻനായർ സ്വീകരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെയും ശതാഭിഷേകം അന്നേദിവസംതന്നെ പന്തളത്തുവച്ചു നടത്തണമെന്നാണ് എം. എൽ. എ. ഗോപാലക്കുറുപ്പിനേക്കൊണ്ട് അദ്ദേഹം ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതു്. പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"സഖാവ് എം. എൻ-നു് എൺപത്തിനാലു വയസ്സ് തികഞ്ഞില്ലിയോ എന്നു് കമ്മ്യൂണിസ്റ്റ്പാർട്ടിയിൽതന്നെ പലരും ചോദിക്കുന്നുണ്ടു്. പഞ്ചാംഗപ്രകാരം ആ ചോദ്യം സംഗതമാണ്. എന്നാൽ എണ്ണൂററിനാല്പതുവർഷം ജീവിച്ചാൽ ഒരാൾക്കു ചെയ്യാൻ കഴിയാവുന്നതു് സഖാവു ചെയ്തുതീർത്തിട്ടുണ്ടു്. മന്നത്തുപത്മനാഭൻ നൂറോളം ഹൈസ്കൂളുകളും നാലോ അഞ്ചോ കോളേജുകളും പണിയിച്ചിട്ടുണ്ടാകാം. ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ അതിൽനിന്നെല്ലാം പഠിച്ചുജയിച്ചിട്ടുണ്ടെന്നും വരാം. എന്നാൽ സഖാവ് എം. എൻ. എന്താണു ചെയ്തിരിക്കുന്നതു്? ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം പതിനയ്യായിരം വിദ്യാർത്ഥികളുടെ പഠിത്തംമുടക്കി നേതാക്കളാക്കി. ഇനി അനേക:പതിനായിരങ്ങളെ എസ്. എഫ്-ൽ ചേർത്തുകൊണ്ടുമിരിക്കുന്നു. അവരിൽ പകുതിയെങ്കിലും പഠിപ്പുമുടക്കിനേതാക്കളാകുമെന്നുള്ളതിൽ സംശയമില്ല. മന്നത്തുപത്മനാഭൻ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചെങ്കിൽ സഖാവ് എം. എൻ. പള്ളിക്കൂടങ്ങൾ നശിപ്പിക്കയാണു ചെയ്തതു്. പതിനാറോളം സ്കൂളുകൾക്കു തീപിടിച്ചകാര്യം പൊതുജനങ്ങൾ ഓർമ്മിക്കുമല്ലോ. കേസ്സിനുവിഷയമായതുകൊണ്ടു് കൂടുതൽ പറയുന്നില്ല—ഈ നാട്ടിൽ ആംഗ്ലോ അമേരിക്കൻ മൂരാച്ചിത്തം കൊണ്ടുവരുന്ന സ്ഥാപനങ്ങളാണ് ഇവിടത്തെ സ്കൂളുകൾ. അതിൽ ഒന്നെങ്കിലും നശിക്കുന്നെങ്കിൽ അത്യുത്തമം. പതിനാറെണ്ണം തീപിടിച്ചും നാലഞ്ചെണ്ണം കാററുമൂലവും വീണെങ്കിൽ അതൊരു മഹാഭാഗ്യമാണ്. കാററും തീയും സഖാവിന്റെ വകയാണോ എന്നുചോദിച്ചാൽ ഉത്തരമില്ല. പറഞ്ഞാൽ കോർട്ടലക്ഷ്യമാകും. ഏതായാലും പള്ളിക്കൂടംവച്ചു മൂരാച്ചിത്തം പ്രചരിപ്പിക്കുന്ന മന്നത്തിനുള്ള ഏററവും ഫലപ്രദമായ മറുപടിയാണ് സഖാവ് എം. എൻ. ന്റെ ജീവിതം. അതിന്റെ നീളം പഞ്ചാംഗപ്രകാരം നിശ്ചയിക്കുക പ്രയാസമാണ്. മന്നത്തിനു് 84 വയസ്സ് പഞ്ചാംഗത്തിൽ കഴിഞ്ഞെങ്കിൽ എം. എൻ. നു് 840 വയസ്സ് ജനദ്രോഹ കലണ്ടറിൽ തികഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണ് പന്തളത്തുവച്ചുതന്നെ എം. എൻ-ന്റെ ശതാഭിഷേകമല്ലാ സഹസ്രാഭിഷേകം ആഘോഷിക്കണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നതു്."

നേതാവ് തെങ്ങമം പുറപ്പെടുവിച്ച മറെറാരു പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

"ഞാൻ മന്നത്തിന്റെ ഒരു സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. വീട്ടുപാഠക്കണക്കു ചെയ്യാത്തവരെ ശിക്ഷിക്കുക എന്ന മൂരാച്ചിത്തം അവിടെ നിലവിലിരുന്നു. എനിക്കാണെങ്കിൽ കണക്കുമായി വലിയ ബന്ധമൊന്നുമില്ല. ആതരം അമേരിക്കൻ ക്യാപ്പിററലിസവുമായി ജന്മനാ എനിക്കു വെറുപ്പാണ്. എന്നെ സ്കൂളിൽനിന്നും അദ്ധ്യാപകൻ പുറത്താക്കി. കൂട്ടുവിദ്യാർത്ഥികൾ എന്നെ കളിയാക്കുകയും ചെയ്തു. അപ്പോഴാണ് സഖാവ് എം. എൻ. ന്റെ സന്ദേശം അന്തരീക്ഷത്തിൽക്കൂടി പറന്നുവന്നതു്. "പഠിപ്പുമുടക്കുന്നവൻ നേതാവ്" എന്നുള്ള പത്തക്ഷരം എന്റെ മുമ്പിൽ മിന്നി. ഞാൻ വീട്ടുപാഠക്കണക്കു പാടേ ഉപേക്ഷിച്ചു. ഇപ്പോൾ ഞാനൊരു നേതാവാണ്. എന്നേപ്പോലെ എത്ര നേതാക്കളുണ്ടെന്നുള്ളതിന്റെ കണക്ക് എനിക്കറിഞ്ഞുകൂടാ. കണക്കുമായി എനിക്കു പൊരുത്തമില്ലെന്നു നേരത്തെ പറഞ്ഞല്ലോ. എങ്കിലും ഒരുഉദ്ദേശം പറഞ്ഞാൽ ഒന്നും രണ്ടുമല്ല ഒത്തിരിപ്പേരുണ്ടെന്നു പറയാം. വിദ്യാലയസ്ഥാപനം എന്ന മൂരാച്ചിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മന്നത്തിന്റെ ശതാഭിഷേകത്തിനെതിരായി വിദ്യാഭ്യാസധ്വംസനം എന്ന മഹൽ കാര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സഖാവിന്റെ ശതവാർഷികം (അല്ല സഹസ്രവാർഷികം) ആഘോഷിക്കണമെന്നുള്ളതിൽ എനിക്കു പക്ഷാന്തരമില്ല."

പന്തളം ശോശാമ്മ ഇങ്ങനെ എഴുതുന്നു:— "ഞാൻ മറിയാമ്മയുമായി ആലോചിച്ചു. സഖാവിന്റെ സഹസ്രാഭിഷേകത്തിൽ താലപ്പൊലിപിടിക്കാൻ മറിയച്ചേടത്തിയും ഞാനും തീരുമാനിച്ചിരിക്കയാണ്. മന്നത്തെ മൂപ്പിലേക്കു താലപ്പൊലിക്കാർ ആയിരമുണ്ടെങ്കിൽ സഖാവിനു പതിനായിരം കാണും. കണ്ടാൽ കൊതിക്കുന്ന പെണ്ണുങ്ങളുമായിരിക്കും. അതിനാൽ മന്നംശതാഭിഷേകത്തിനുവേണ്ടി പണം ചിലവാക്കാതെ സഖാവിന്റെ അഭിഷേകത്തിനു കരുതിവയ്ക്കുകയാണു നല്ലതു്."

സർദാറിന്റെ ഒരു പ്രസ്താവനയാണ് ഏററവും പ്രധാനം:— "എന്റെ മരുമോന്റെ സഹസ്രാഭിഷേകത്തിൽ ഞാൻ സന്തോഷിക്കുന്നു. വയസ്സ് അത്രയുമായോ എന്നു ചോദിക്കുന്നവർ കാണും. ആയിരം വയസ്സായ മുതുമുതുക്കന്റെ



# പട്ടത്തിന്റെ അപേക്ഷ

അചിരേണ തെരഞ്ഞെടുപ്പുവ-
ന്നണയുന്നുണ്ടരുപത്തിരണ്ടിലായ്
ഇവിടേയ്ക്കുമതെത്തുമെന്നിതാ
പ്രതിപക്ഷങ്ങൾ പരത്തിടുന്നു ഹാ!

പൊതുവായൊരിലക്ഷനെന്നുകേൾ-
ക്കുകിലെൻ കണ്ണിലിരുട്ടുകേറിടും
ദയവായതു കേരളത്തിൽ വേ-
ണ്ടതു ചിന്തിച്ചൊരു തീർച്ചചെയ്യണേ!

കഴിവില്ലിഹ കേന്ദ്രമേ എനി-
ക്കൊഴിയാനീ നിലയെന്നുമിങ്ങനെ
നിലനിർത്തണമല്ലയെങ്കിലെൻ
ഗതി ശോകാത്മകമായി മാറിടും

ഒരുകാര്യമുരച്ചിടുന്നു ഞാ-
നിനിയീ നാട്ടിലിലക്ഷനെന്തിന്?
ഒരുപത്താണ്ടു കഴിഞ്ഞിടട്ടെ മൽ
കൊതി തീർന്നില്ല പ്രധാനമന്ത്രിയായ്

ഒരുമട്ടതു വേണമെന്നു നി-
ശ്ചയമാക്കീടുകിലൊന്നു ചെയ്യണേ!
ഒരു പ്രത്യേകതയായി മൽ പദം
കരുതിക്കൊള്ളുകിലില്ല സങ്കടം

സഹമുഖ്യനതിഷ്ടമല്ലവൻ
ചതിചെയ്യാൻ വഴിയുണ്ടു നിശ്ചയം!
അവനെന്നെയടിച്ചുവീഴ്ത്തിയി
പ്പദമാശിച്ചു കഴിഞ്ഞിടുന്നഹോ!

അതുമാത്രവുമല്ല കേരളം
ശരിയായിട്ടിതുപോൽ ഭരിക്കുവാൻ
കഴിവുള്ളവനില്ല, ഞാനൊഴി
ഞ്ഞതിനാൽ വേണ്ട തെരഞ്ഞെടുപ്പിനി

അവിടുന്നു പറഞ്ഞിടുന്നപോ-
ലിവനാഹന്ത ഭരിച്ചിടാം ദൃഢം!
അലിവാർന്നവിടുന്നു വേണ്ടതെൻ
നില സംരക്ഷണമൊന്നുമാത്രമാം

മമ പൊന്നമ്മയെ സന്ത്യജിച്ചിടാം
മടി വേറിട്ടിഹ സന്യസിച്ചിടാം
കഴിവില്ലിഹ മുഖ്യമന്ത്രിഷി-
പ്പിവനിൽനിന്നു പിരിച്ചയയ്ക്കുവാൻ

എരിതീയിലെരിഞ്ഞു ചാമ്പലായ്
പ്പൊരിയാനും മടിയില്ല തെല്ലുമേ
കഴിവില്ലിഹ മുഖ്യമന്ത്രിഷി-
പ്പിവനിൽനിന്നു പിരിച്ചയയ്ക്കുവാൻ

അതുകൊണ്ടിനി റീയിലക്ഷനീ
മലയാളത്തിനു വേണ്ടൊരിക്കലും
കനിവാർന്നിനി നിശ്ചയിച്ചു മൽ
കരളിൽ കത്തിയ തീ കെടുത്തണേ!

—o—

സമ്പ്രദായമാണ് അയാൾക്കുള്ളതെന്ന് ദേവകി പറഞ്ഞതായി അവളുടെ തള്ള എന്നെ അറിയിച്ചിട്ടുണ്ട്. അതിനാൽ അയാളുടെ സഹസ്രാഭിഷേകം നടത്തുന്നതു് ഉചിതമാണ്. പൊതുജനങ്ങൾ എന്തെങ്കിലും കൊടുക്കണം. ഞാനും വല്ലതും കൊടുക്കാം. അമ്പത്തൊന്നുരൂപായുടെ പണക്കിഴിയാണുദ്ദേശിക്കുന്നതെന്നറിഞ്ഞു. തുക അൽപ്പം കൂടുതലാണ്. പതിനൊന്നു മതിയായിരുന്നു. ഏതായാലും അമ്പതു നയാപൈസാ ഞാൻ കൊടുക്കുന്നു. ബാക്കി പൊതുജനങ്ങൾ കൊടുക്കണം."

ഇ. എം. എസ്സ്. ഈ പ്രസ്താവനയെ ഖണ്ഡിക്കുകയാണ്:— "സഖാവ് എം. എൻ-ന്റെ സഹസ്രാഭിഷേകത്തിൽ പതിനൊന്നു രൂപാ മതിയെന്നു് സർദാർ പറഞ്ഞിരിക്കുന്നതു് ഞാൻ വായിച്ചു. ശ്രീരാമുലു മാത്രമായി ഏഴരരൂപാ സംഭാവനചെയ്തിട്ടുണ്ട്. പഴയ കള്ള സൊസൈറ്റികൾ ഉദാരമായി സംഭാവനചെയ്യും. പിന്നെ സർദാറിന്റെ അമ്പതു പൈസയുമുണ്ട്. കെ. പി. ഏ. സി-യുടെ ഡാൻസിനു് പത്തുപതിനഞ്ചു് മീതികാണാതിരിക്കയില്ല. ആകെക്കൂടി നോക്കുമ്പോൾ സഖാവിനു് അമ്പത്തൊന്നിന്റെ കിഴി കൊടുക്കാം."

എം. എൻ. പറയുന്നു—

എന്റെ സഹസ്രാഭിഷേകത്തിൽ ഞാൻ കൃതാർത്ഥനാണ്. കിഴി തരുന്നതു വാങ്ങിക്കോളാം. എങ്കിലും അമ്പത്തൊന്നു പോരാ. അത്രയേ ഉള്ളെങ്കിൽ അതു മതിതാനും. ഉള്ളതു് കടംപറയാതെ കിട്ടണം പക്ഷേ കിഴി കിട്ടിയാലും ഇല്ലെങ്കിലും ഞാൻ എന്റെ വിദ്യാലയ വിദ്യാർത്ഥിദ്രോഹം തുടർന്നു നടത്തുകതന്നെ ചെയ്യും. മന്നത്തു പത്മനാഭൻ അഞ്ചല്ലാ അയ്യായിരം കോളേജുകൾ സ്ഥാപിച്ചോട്ടെ. അവിടെ പഠിക്കുന്നവരിൽ ഭൂരിപക്ഷത്തിന്റെയും പഠിത്തം മുടക്കുന്നകാര്യം ഞാനേററു. അതിനാൽ എന്റെ കിഴി നൂറെറാന്നെങ്കിലും ആക്കണമെന്നഭ്യർത്ഥന."

.... .... ....

സഹസ്രാഭിഷേകാലോചന തുടർന്നു നടന്നുകൊണ്ടിരിക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ പിന്നാലെ.

....o....

# നീണ്ടകരയും വെഞ്ഞാറൻമൂടും

വെഞ്ഞാറൻമൂട് പ്രൈമറിസ്കൂൾ ഏതാനും കുട്ടികളുടെ തലയിൽവീണ് അവരെ ചതച്ചുകൊന്ന വാർത്ത പത്രത്തിൽ പ്രചരിച്ചദിവസം സ്കൂളിന്റെ മേൽവിലാസത്തിൽ ഏതാനും കമ്പികൾ വന്നു. അതിൽ അയിരാലൂർ റയിൽപാലത്തിന്റേയും ഭക്രാനങ്കൽ അണക്കെട്ടിന്റെയും കമ്പി പ്രത്യേകം ശ്രദ്ധാർഹമാണ്. ഭക്രാനങ്കലിന്റെ കമ്പിയിൽ ഇങ്ങനെ പറഞ്ഞിരുന്നു.

“വിജയവാർത്ത പത്രദ്വാരാ അറിഞ്ഞു. എന്റെ അഭിനന്ദനം സ്വീകരിക്കുക. അഞ്ഞൂറുരൂപായുടെ ഒരു സ്കൂൾ പതിനെട്ടുപേരെ കൊല്ലുകയും അമ്പത്തെട്ടിന് ആജീവനാന്തവൈകല്യം വരുത്തുകയും ചെയ്തതു് ഒരു മഹാവിജയമാണ്. മുന്നൂറുകോടി രൂപായുടെ അണക്കെട്ടാണ് ഞാൻ. തരംനോക്കി ഞാനൊന്നു പൊട്ടുകയുംചെയ്തു. രണ്ടേരണ്ടു ജോലിക്കാർമാത്രം ചത്തു. ബാക്കിയുള്ളവർ ഓടിക്കളഞ്ഞു. വെഞ്ഞാറൻമൂട് സ്കൂളുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ വിജയം എത്രയോതുച്ഛം. വീണ്ടും എന്റെ ഹൃദയപൂർവമായ അഭിവാദനം” എന്ന് സ്വന്തം ഭക്രാനങ്കൽ.

അയിരാലൂർ റയിൽപാലത്തിന്റെ സന്ദേശവും ഏതാണ്ടിതേസ്വരത്തിലായിരുന്നു. “ഇന്നലത്തെ പത്രങ്ങൾകണ്ടു. പതിനെട്ടുപേരെ കൊന്നൊടുക്കാൻ ഒരു പ്രൈമറിസ്കൂളിനു സാധിച്ചതു് ഒരു മഹാവിജയമാണ്. പന്തീരായിരം യാത്രക്കാർ കയറിയിരുന്ന ഒരു തീവണ്ടി എന്റെ മീതെ സഞ്ചരിക്കുമ്പോഴാണ് ഞാൻ വീണതു്. കേവലം മുപ്പത്തെണ്ണമേ ചത്തുള്ളു. അറുപത്തിമൂന്നെന്നു പ്രചരിച്ച വാർത്ത തെററാ. രണ്ടുകോടി രൂപാ വിലയുള്ള റയിൽപാലവും അഞ്ഞൂറുരൂപാ വിലയുള്ള പ്രൈമറിസ്കൂളും തമ്മിൽ താരതമ്യപ്പെടുത്താനേവയ്യ. എങ്കിലും ഈ കാര്യത്തിൽ സ്കൂളാണു ജയിച്ചതു്. എന്റെ ഹൃദയംഗമമായ അനുമോദനം സ്വീകരിക്കുക. മേലാൽ പാലവും സ്കൂളും അണയും ഏകോദരസഹോദരങ്ങളേപ്പോലെ സഹകരിക്കുന്നതു് എല്ലാവർക്കും നന്നായിരിക്കും.” എന്ന് സ്വന്തം അയിരാലൂർ പാലം.

മേൽ പ്രസ്താവിച്ച സന്ദേശകൈമാററത്തിനുശേഷമാണ് ഇന്ത്യയിലുള്ള പാലവും സ്കൂളും അണയും ഒന്നുചേർന്ന് ഒരേ ആദർശത്തിൽ പെരുമാറിത്തുടങ്ങിയതു്. വീഴുകയോ പൊട്ടുകയോ ചെയ്യുക എന്നുള്ളതാണ് ഈ സൗഹൃദസംഘത്തിലെ അംഗങ്ങളുടെ ജീവിതോദ്ദേശം എന്ന് അംഗങ്ങൾ അംഗീകരിച്ചു. എപ്പോൾ വീഴണമെന്നും എങ്ങനെ വീഴണമെന്നുമുള്ളതു് അവരവരുടെ വിവേകത്തിനു വിട്ടുകൊടുക്കാനും തീരുമാനിച്ചു. എന്നാൽ ഏററവും കൂടുതൽ മനുഷ്യരെ കൊല്ലത്തക്കവിധത്തിലേ പൊളിയാവൂ എന്നുള്ള തത്വം ഐകകണ്ഠ്യേന സ്വീകരിക്കപ്പെടുകയും ചെയ്തു. ഫലമില്ലാതെ പൊളിയുന്നതു് ഒരു പാഴ്‌വേലയായി പരിഗണിക്കുമെന്നുള്ള വകുപ്പും അംഗീകരിക്കപ്പെട്ടു.

ഏതു വീക്ഷണത്തിൽകൂടി നോക്കിയാലും അന്നുവരെയുള്ള ചരിത്രം നോക്കിയതിൽ വെഞ്ഞാറമ്മൂട് സ്കൂളിനാണ് ഏററവും മാന്യമായസ്ഥാനം ലഭിച്ചതു്. പൊതു സ്ഥാപനങ്ങളുടെയിടയിൽ വെഞ്ഞാറമ്മൂടസ്കൂൾ ഒരു മാതൃകയായി ചുമടുതാങ്ങി മുതൽ എഴുനില സൗധങ്ങൾവരെ പരിഗണിച്ച് ആരാധിച്ചു. : വലിയ പാലത്തള്ളമാർ ചെറിയ കലുങ്കുപിള്ളേരെ കാണുമ്പോൾ വെഞ്ഞാറമൂടിന്റെ കഥപറഞ്ഞാണു ധൈര്യപ്പെടുത്താറുണ്ടായിരുന്നതു്. അഞ്ഞൂറു രൂപായുടെ പ്രൈമറിസ്കൂൾ വിചാരിച്ചാൽ മുന്നൂറുകോടിരൂപയുടെ അണക്കെട്ടിനേക്കാൾ മനുഷ്യനാശം സാധിക്കുമെന്നുള്ളപ്പോൾ ഇരുനൂറാണ്ടു രൂപായുടെ കലുങ്ക് ഒട്ടും അധൈര്യപ്പെടേണ്ടതില്ലെന്നുള്ളതാണ് ഉപദേശം.



ഇങ്ങനെയിരിക്കെയാണ് നീണ്ടകരപ്പാലത്തിന്റെ നടുവുതളർന്നതു്. രാവും പകലും ബസ്സും കാറും മുകളിൽക്കൂടിയും ബോട്ടും വള്ളവും താഴെക്കൂടിയും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നീണ്ടകരബ്രിഡ്ജ് തളർന്നുവീണാൽ പാലങ്ങളുടെ ലോകത്തിൽ അത്യന്തം അഭിമാനിക്കാവുന്ന രീതിയിലേ ആയിരിക്കൂ എന്നുള്ളതു സ്വയംസിദ്ധമാണല്ലോ. അതിനാൽ ബ്രിഡ്ജ് വീണ കഥ അറിഞ്ഞ അയിരാലൂർ പാലം സ്വയം മറന്ന് കുന്നു തുള്ളിപ്പോയി. അടിയിൽ കുറഞ്ഞതു് ഒരു ബോട്ടും മുകളിൽ ഒരു ബസ്സും അതിലെ യാത്രക്കാരോടൊപ്പം വെള്ളത്തിൽ താണുകാണുമെന്നായിരുന്നു കണക്കുകൂട്ടൽ. അതിൻപ്രകാരം അയിരാലൂർ വെഞ്ഞാറമ്മൂടിന്റെപേക്ക് ഒരു കമ്പിയടിച്ചു. നീണ്ടകരയുടെ ചെയ്തിയെപ്പററി അറിഞ്ഞു. വിശദവിവരം അറിയിക്കുക. കേരളം എല്ലാ കാര്യത്തിലും ഇന്ത്യയുടെ ഇതരഭാഗങ്ങളെ തോല്പിക്കുന്നതിൽ എന്റെ പ്രശംസ അറിയിക്കുക.” എന്ന് സ്വന്തം അയിരാലൂർ. ഈ സന്ദേശത്തിനു വെഞ്ഞാറമ്മൂടിന്റെ മറുപടി അത്യന്തം ഉന്മേഷരഹിതമായ രീതിയിലായിരുന്നു. “അഭിനന്ദനസന്ദേശം കിട്ടി. എന്നാൽ അതു സ്വീകരിച്ചു സന്തോഷിക്കാൻ നിർവാഹമില്ല. നീണ്ടകര വീണതു നേരാണ്. പക്ഷേ ഒരു വിട്ടിലിനുപോലും കേടുപററിയില്ല. കേരളത്തിലെ ഒററത്തടിപ്പാലങ്ങൾപോലും നാണിക്കുകയാണ്. നീണ്ടകരയെ നമ്മുടെ സംഘടനയിൽനിന്നും അച്ചടക്കനടപടിയെടുത്തു പുറന്തള്ളാൻ വേണ്ട ആലോചന തുടങ്ങിക്കഴിഞ്ഞു. ചവറയിലും കൊല്ലത്തുമുള്ള ആറെസ്പികളുടെ നിരന്തര സഞ്ചാരസാഹചര്യംനിമിത്തം നീണ്ടകരപ്പാലം ആറെസ്പീമനോഭാവം സ്വീകരിക്കയും വീണാലും പൊങ്ങിയാലും ശബ്ദമുണ്ടാക്കുകയല്ലാതെ ആ പാർട്ടിയുടെ പതിവനുസരിച്ച് മററൊന്നും സംഭവിപ്പിക്കാതിരിക്കയും ചെയ്യുകയാണത്രേ ഉണ്ടായതു്. ഏതായാലും ഒരു സുവർണ്ണാവസരം നഷ്ടപ്പെട്ടു എന്നുള്ളതിൽ സംശയമില്ല. —എന്ന് സ്വന്തം വെഞ്ഞാറമ്മൂട്.”

.... .... ....

തുടർന്നുണ്ടായ അച്ചടക്കനടപടിക്ക് നീണ്ടകര സമാധാനം ബോധിപ്പിക്കയും അടുത്തതവണ പാലങ്ങളുടെ പാരമ്പര്യം പുലർത്തത്തക്കവിധം വീണുകൊള്ളാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തതിനാൽ ഇപ്പോഴത്തെ കൃത്യവിലോപം ക്ഷമിക്കപ്പെട്ടതായിട്ടാണ് അറിയുന്നതു്.

—o—

# സി. രാജഗോപാലാചാരി

## ചാണക്യൻ

മനുഷ്യൻ! ഹാ— എത്ര മനോഹരമായ ജീവി. ഗാന്ധിജിയെപ്പററി ഓർക്കുമ്പോൾ ഇതെത്രയോ പരമാർത്ഥമാണെന്ന് തോന്നിപ്പോകുന്നു. മനുഷ്യൻ! ഹാ— എത്ര വൃത്തികെട്ട ജന്തു. സി. രാജഗോപാലാചാരിയെപ്പററി ഓർക്കുമ്പോൾ ഇതെത്രയോ ശരിയാണെന്ന് തോന്നിപ്പോകുന്നു. എന്നിട്ടും ഇവർ തമ്മിൽ ഒന്നായി ജീവിച്ചു. പരിശ്രമിച്ചു. ചിരിച്ചു. കളിച്ചു. തങ്കക്കട്ടിയും കൽക്കരിക്കഷണവും ഒന്നുചേർന്നമാതിരി. റോസാപ്പൂവും ആയിരംകാലനട്ടയും ഒന്നുചേർന്നപോലെ. എന്തുപററി ഇങ്ങനെ സംഭവിക്കാൻ? ഇപ്പോളെല്ലാവരും അത്ഭുതപ്പെട്ടു ചോദിക്കുന്ന ഒരു ചോദ്യമാണിത്. ആട്ടിൻതോലിട്ട് വെളുക്കെച്ചിരിച്ചോണ്ട് ചെന്നാലും ആട്ടിൻകുട്ടിക്ക് ചെന്നായെ ചെന്നായാണെന്ന് അറിഞ്ഞുകൂടെ— ചിലപ്പോളൊക്കെ അതിന്റെ ദംഷ്ട്രം കണ്ടിട്ടെങ്കിലും. പക്ഷെ രാജഗോപാലാചാരിയെന്ന ചെന്നായ് അതിന്റെ ദംഷ്ട്രം ഒരിക്കൽപോലും ഗാന്ധിജിയെന്ന ആട്ടിൻകുട്ടിയെ കാണിച്ചിട്ടില്ല. അത്രകണ്ട് ഭദ്രമായി രാജഗോപാലാചാരി ഒളിച്ചുവച്ചിരുന്നു. എങ്കിലും മാർദ്ദവമായി തടവുന്നതായി ഭാവിച്ചുകൊണ്ട് കൂർത്ത നഖങ്ങൾ ഗാന്ധിജിയുടെ മാറത്ത് രാജഗോപാലാചാരി ഇറക്കിക്കൊണ്ടിരുന്നു. ഇങ്ങനെ പറയുമ്പോൾ ഗാന്ധിജിയുടെ ദയനീയ നിര്യാണത്തിന് ഹേതുഭൂതൻ നമ്മുടെ ആചാരിയാണെന്ന് നിങ്ങളിൽ ചിലക്കെങ്കിലും തോന്നിപ്പോകാം. അങ്ങിനെ തോന്നുന്നെങ്കിൽ എന്താണതിൽ അസാംഗത്യം? ഗാന്ധിജിയുടെ തത്വങ്ങൾക്കും ആശയങ്ങൾക്കും ഉൽകൃഷ്ടജീവിതചര്യകൾക്കും കടകവിരുദ്ധമായി ഇന്ന് ഭാരതത്തിൽ ആരെങ്കിലും ജീവിക്കുന്നുണ്ടെങ്കിൽ—ചിന്തിക്കുന്നുണ്ടെങ്കിൽ—പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതു രാജഗോപാലാചാരി മാത്രമാണ്. ഗാന്ധിജിയുടെ അന്തേവാസികളിലും ശിഷ്യഗണങ്ങളിലും അഗ്രഗണ്യനായിരുന്ന ഈ രാജഗോപാലാചാരിയാണ് ഇന്നു ഗാന്ധിജിയെക്കൊന്നോണ്ടിരിക്കുന്നത്. പണ്ഡിററ് നെഹ്റുവുണ്ട്— പാവം പഞ്ചശീലവുംകൊണ്ട് ഇയ്യാംപാററയെപ്പോലെ അദ്ദേഹംആററം, ഹൈഡ്രജൻ തുടങ്ങിയ അഗ്നിപ്രളയങ്ങളുടെചുററും പറന്നുനടക്കയാണ്. പണ്ഡിററ് പാന്തുണ്ട്—പടുകിഴവൻ. പുരികവും കണ്ണിന്റെ ഇമയും എല്ലാം പഞ്ഞിപോലെനരച്ച് ജാംബവാൻ കണക്കെ സർദാർപട്ടേലിരുന്ന കസാലയിൽ കൂനിപ്പിടിച്ചിരിക്കയാണ്. എന്നാലും അവരാരും ഗാന്ധിജിയെ തീരെ മറന്നിട്ടില്ല. ഗാന്ധിജിയുടെ തത്വസംഹിതയെക്കൂടെക്കൂടെ അവർ വിളിച്ചു പറയാറുമുണ്ട്. പ്രവൃത്തിയിൽ അങ്ങിനൊന്നുമല്ലെങ്കിലും. എന്നാൽ രാജഗോപാലാചാരിയോ? കേൾക്കുക ഒരു കാര്യം.



ഗാന്ധിജി ഒരു സായാഹ്നത്തിൽ പ്രാർത്ഥനയും പ്രസംഗവും കഴിഞ്ഞതിനുശേഷം സ്വന്തമുറിയിൽപോയി ഏകനായി കുനിഞ്ഞിരുന്നു. എന്തോ ഗാഢചിന്തയിൽ തളർന്നുവീണതിന്റെ മട്ടും പാരവശ്യവും ആ മുഖത്ത് സ്പഷ്ടമായി കാണാനുണ്ടായിരുന്നു. ഏറെനേരം കഴിഞ്ഞപ്പോൾ ആ രാഷ്ട്രീയസന്യാസിയുടെ ഇരു കവിളുകളിലുംകൂടി കണ്ണീർ ഒഴുകുവാൻ തുടങ്ങി. നിരവധി പീഡകൾ അദ്ദേഹം അനുഭവിച്ചിട്ടുണ്ട്. കഠിനയാതനകൾ അനുഭവിച്ച് അദ്ദേഹം വീർപ്പുമുട്ടിയിട്ടുണ്ട്. മനുഷ്യസമുദായത്തിന്റെ ദുരിതാനുഭവങ്ങളും, ഭാരതത്തിന്റെ അടിമത്തവും അദ്ദേഹത്തിന്റെ ആത്മാവിനെ പൊള്ളിച്ചിട്ടുണ്ട്. എന്നാലും ആ കണ്ണുകളിൽക്കൂടി കണ്ണുനീർ കുടുകുടാ ചാടുന്നതും ഒഴുകുന്നതും ആരും കണ്ടിട്ടില്ല. “ധീരനായ ഗാന്ധിദേവനുണ്ടോ കരഞ്ഞിട്ടുള്ളൂ” ഇന്നിങ്ങനെ സംഭവിക്കാൻ എന്തുണ്ടായിവിശേഷാൽ? ഗാന്ധിജിയുടെ കണ്ണുനീർചൊരിച്ചിൽ ഒരു നിസ്സാരസംഗതിയല്ല. ആതു ജനതയുടെ മുഴുവൻ കണ്ണുനീരാണ്. അടിമകളുടെ അടിമയായി കഴിഞ്ഞുകൂടുന്ന പാവപ്പെട്ട ഭാരതത്തിന്റെ കണ്ണുനീരാണ്. അതു നിരാലംബന്റെയും ദരിദ്രന്റെയും കണ്ണുനീരാണ്. വിവരമറിഞ്ഞ് നെഹ്റു പട്ടേൽ പ്രഭൃതികൾ ഓടിയെത്തി ഗാന്ധിസന്നിധിയിൽ ഓച്ഛാനിച്ചുനിന്നു.

‘അങ്ങയുടെ ഈ കണ്ണുനീർപ്രവാഹം ഞങ്ങൾക്ക് സഹിക്കാനാവില്ല. അങ്ങയുടെ കരച്ചിൽ നിറുത്താനാവില്ലെങ്കിൽ പിന്നെന്തിന് ഞങ്ങൾ ജീവിച്ചിരിക്കണം? എന്താണ് സംഗതിയെന്ന് പറഞ്ഞാട്ടെ. അവിടുത്തെ കണ്ണുനീർ തുടയ്ക്കാനിതാ എൺപതിൽപ്പരം കരങ്ങൾ അങ്ങയുടെ പിന്നിൽ പൊന്തിനിൽക്കുന്നു.’ നെഹ്റു പ്രഭൃതികൾ പറഞ്ഞു.

‘ഇല്ല. ഞാൻ സമ്മതിക്കില്ല. വേണമെങ്കിൽ എന്റെ ശരീരത്തെ വെട്ടിക്കീറിക്കോളിൻ. ഹൃദയത്തേയും ആത്മാവിനേയും കഷണം കഷണമായി മുറിച്ച് വേർപെടുത്തിക്കോളിൻ. എന്നാലും ജിന്നായുടെ ആ വാദം— ഭാരതത്തെ രണ്ടായി വെട്ടിമുറിക്കണമെന്നുള്ള ആ വാദം ഞാൻ സമ്മതിച്ചുകൊടുക്കില്ല തീർച്ച. നാളെ വൈസ്റായിയോട്, ഈ വിവരം ഞാൻ തീർത്തുപറയാൻ പോകയാണ്” ഒരു ദീർഘനിശ്വാസത്തിനുശേഷം ഗാന്ധിജി പറഞ്ഞു.




'കൊള്ളാം. ഇതാണോ സംഗതി. അങ്ങയുടെ ഹിതത്തിന് വിപരീതംപറയാനോ, അനുഷ്ഠിക്കാനോ, ഏതു ജീവിയുണ്ട് കാൺഗ്രസിൽ? രാജ്യാഭിമാനികളിൽ ഒരുത്തൻപോലും അങ്ങയുടെ അഭിപ്രായത്തിന് എതിരായി നിൽക്കയില്ല. ഭാരതത്തെ വെട്ടിക്കീറുക എന്നു പറഞ്ഞാൽ, ഭാരതവർഷത്തിൽജനിച്ച ഓരോ പൗരനേയും വെട്ടിക്കീറുകയെന്നാണർത്ഥം. അങ്ങയുടെ ഈ തീരുമാനം നാളെ വൈസ്രോയിയെ ധരിപ്പിച്ചോട്ടെ. ഏതു നിമിഷത്തിലും ഏതു കാര്യത്തിലും ഭാരതജനത അങ്ങയുടെ പിന്നിലുണ്ടായിരിക്കും. നെഹ്രുപ്രഭൃതികൾ പറഞ്ഞു. കണ്ണുനീർപ്രവാഹത്തിന്റെ ഇടയ്ക്കും അദ്ദേഹമൊന്നു പുഞ്ചിരിച്ചുപോയി.

"ശരി നിങ്ങൾക്കു പോകാം. എന്റെ ഈ തീരുമാനത്തെ നിങ്ങൾ എങ്ങിനെ സ്വീകരിക്കും. എന്നു വിചാരിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. കുട്ടികളെ, ഞാൻ നിങ്ങളെ തീക്കടലുകളിൽകൂടി നീന്തിച്ചിട്ടുണ്ട്. കഴുകുമരങ്ങൾ നിങ്ങളുടെ കഴുത്തിലേക്കു ചായിച്ചുതന്നിട്ടുണ്ട്. വെടിയുണ്ടകൾ നിങ്ങളുടെ മാറത്തും ലാത്തിയടികൾ നിങ്ങളുടെ നട്ടെല്ലുകളിലും ഞാൻകാരണമായി നിങ്ങൾക്കേൽക്കേണ്ടിവന്നിട്ടുണ്ട്. ഇത്രയേറെ കഷ്ടതകൾ സഹിച്ച ജനസമൂഹം എന്റെ ഈ തീരുമാനംമൂലം തുടർന്നുണ്ടാകാവുന്ന അഗ്നിപരീക്ഷണത്തിന് തയ്യാറാകുമോ, എന്ന വിചാരം വന്നപ്പോൾ ഞാൻ കരഞ്ഞുപോയി." ആശ്വാസം കിട്ടിയമട്ടിൽ ഗാന്ധിജി പറഞ്ഞു.

നെഹ്രുവും പട്ടേലും മററും വെളിയിലേക്കിറങ്ങിയപ്പോൾ വില്ലോന്നിപ്പാമ്പുപോലുള്ള ഒരുത്തൻ ഗാന്ധിസവിധത്തിലേക്ക് ഇഴഞ്ഞുകേറിപ്പോയി. അയാൾ ഗാന്ധിജിയുടെ കാൽക്കൽ ചുരുണ്ടുകൂടികിടന്ന് വളരെനേരം കുശുകുശാ മന്ത്രിച്ചു. വളരെനേരം ഈ മന്ത്രിക്കൽ നടന്നപ്പോൾ "ശരി, നിങ്ങളുടെ അഭിപ്രായമാണു ശരിയെങ്കിൽ അങ്ങനെനടക്കട്ടെ. എന്റെ തീരുമാനത്തിൽനിന്നും ഞാൻ പിന്മാറിയിരിക്കുന്നു. നാളെ ത്തന്നെ വൈസ്രോയിയോട്ട് പറഞ്ഞേക്കാം." ഗാന്ധിജി ഹൃദയംനൊന്തു പറഞ്ഞു.

ആരാണ് ഈ വില്ലോന്നിമനുഷ്യൻ? രാജഗോപാലാചാരി, ഏതു തീരുമാനത്തിൽനിന്നുമാണ് ഗാന്ധിജി പിന്മാറാമെന്ന് സമ്മതിച്ചുകൊടുത്തതു്? ഭാരതത്തെ വെട്ടിമുറിക്കാൻ സമ്മതിക്കില്ല എന്നുള്ള അദ്ദേഹത്തിന്റെ ഉറച്ച തീരുമാനത്തിൽനിന്ന്. വൈസ്രോയിയോട് എന്തുപറയാമെന്നാണു ഗാന്ധിജി ഏററതു്? ജിന്നായുടെ പാകിസ്ഥാൻവാദം അംഗീകരിച്ചുകൊടുക്കാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സമ്മതിച്ചിരിക്കുന്നു എന്നുള്ളതു്.

രാജഗോപാലാചാരി പുറത്തേക്കു വന്നു. കാത്തുനിന്ന നെഹ്രുകൂട്ടരെ കണ്ടു.

"അദ്ദേഹം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. നാളെ വൈസ്രോയിയോട്ട് അദ്ദേഹം വിവരം പറയും. ഇൻഡ്യ രണ്ടായിട്ടോ മൂന്നായിട്ടോ മുറിച്ചോട്ടെ, നമുക്കെന്താ നഷ്ടം? എന്ന് ആ മനുഷ്യൻ പറഞ്ഞതു് വളരെ ശരിയാണ്. ദക്ഷിണേന്ത്യാക്കാർക്ക് വിശേഷിച്ച് താൻ കുടിപാർക്കുന്ന മദ്രാസിന് ഒരു ദുരിതവും ഉണ്ടാകാൻ പോകുന്നില്ലെന്നും വടക്കേ ഇന്ത്യാക്കാരാണ് നരകാഗ്നിയിൽവീണ് ദഹിക്കാൻ പോകുന്നതെന്നും കുറുനരിബുദ്ധിമാനായ ഈ പട്ടർക്ക് അന്നേ അറിയാമായിരുന്നു. വടക്കേഇന്ത്യ കുറെ അനുഭവിക്കട്ടെയെന്നും ആ മനുഷ്യൻ തീർച്ചയാക്കിയിരുന്നിരിക്കണം. വിഭജനത്തോടുകൂടി ഇൻഡ്യ അനുഭവിച്ചതെന്താണ്? ഗംഗാപ്രവാഹവും സിന്ധു ജലപ്പെരുപ്പവും, വെറും കൈത്തോടുകളായി തോന്നിപ്പോകത്തക്കവണ്ണം വടക്കേയിൻഡ്യയാകെ ചോരപ്പുഴകളൊഴുകി, വിന്ധ്യനേക്കാൾ ഉയരത്തിൽ പ്രേതങ്ങൾ അങ്ങിങ്ങായി ഇൻഡ്യയിൽ ഉയർന്നുകിടപ്പായി, മകന്റെ മുമ്പിൽവച്ച് അമ്മ, ആങ്ങളയുടെ മുമ്പിൽവെച്ച് പെങ്ങൾ, ഭർത്താവിന്റെ മുമ്പിൽവച്ച് ഭാര്യ, ഇടവപ്പാതികണക്കെ ബലാൽസംഗം ചെയ്യപ്പെട്ടു. കൊട്ടാരവും കുടിലും ഒന്നുപോലെ അഗ്നിസമുദ്രത്തിൽവീണ് വെണ്ണീറായി. അമ്മയും അച്ഛനുമില്ലാത്ത ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ ഭാരതഭൂമിയിൽ പിറന്നുവീണു. നിലവിളികളും ഞരങ്ങലുകളും ഇൻഡ്യനന്തരീക്ഷത്തിലേക്കുയർന്നു. ഇതെല്ലാം കണ്ടിട്ടും അറിഞ്ഞിട്ടും ഭാരതത്തിൽ ഒരു മനുഷ്യഹൃദയംമാത്രം പതറാതെ ചിരിച്ചോണ്ട് പമ്മിയിരുന്നു—ഇതിനെല്ലാം അടിസ്ഥാനകാരണക്കാരനായ രാജഗോപാലാചാരിയുടെ. എന്നിൻഡ്യ രണ്ടായിക്കീറിയോ, അതേനിമിഷംതന്നെ ഗാന്ധിജിയുടെ ആത്മാവും ശരീരവും രണ്ടായിക്കീറി മരിച്ചുകഴിഞ്ഞിരുന്നു. "മുസൽമാ

FOR
LINE
HALF-TONE
TRI-COLOUR and
ENGRAVING BLOCKS
CINEMA SLIDES, RUBBER STAMPS etc.
PLEASE CONTACT:—
ANTONEYS STUDIO
BLOCK MAKERS
KOTTAYAM - PHONE 720

ൻ സഹോദരന്മാരെ! ഹിന്ദുക്കൾ നിങ്ങളുടെ ആത്മസഹോദരന്മാരാണ്. ഹിന്ദുസഹോദരന്മാരെ! ഓരോ മുസൽമാനും നിങ്ങളുടെ സ്വന്തസഹോദരനാണ്. നിങ്ങൾതമ്മിൽ നടത്തുന്ന ഈ നരവേട്ട നിറുത്തിൻ" വിഭജനലഹളക്കാലത്ത് ഇങ്ങനെ ജപിച്ചോണ്ട് നൗഖാലിയിലും പഞ്ചാബിലും ബീഹാറിലും ഒക്കെ ഓടിനടന്നതു് ഗാന്ധിജിയുടെ ജഡം ആയിരുന്നു. ഇതെല്ലാം കണ്ടു സഹികെട്ടിട്ട് സഹനശക്തിയുടെ നെല്ലിപ്പലകയ്ക്കപ്പുറത്ത് വീണുപോയ ഒരു അത്യുഗ്രവികാരജീവിയായ ഗോഡ്സെ വെടിവെച്ചു വീഴ്ത്തിയതു് സത്യത്തിൽ ചൈതന്യരഹിതമായ ഗാന്ധിജിയുടെ ജഡത്തെ മാത്രമാണ്. അപ്പോൾ ആരാണ് ഗാന്ധിജിയെ പച്ചജീവനോടെ കൊന്നതു്? ഒന്നു പറയിൻ. ജഡത്തിൽ വെടിവെച്ച ഗോഡ്സെ സർക്കാരിൻെറ തൂക്കമരത്തിൽ കേറി, സാക്ഷാൽ കൊലപാതകിയോ? ജനഹൃദയത്തിൽ നാട്ടിയിരിക്കുന്ന ഒരു തൂക്കമരം ഉണ്ട്. അയാൾ അതിലിപ്പോൾ കയറിയിരിക്കയാണ്.

എന്തിന് രാജഗോപാലാചാരിയെ കുററംപറയണം, അങ്ങേരുടെ ദേഹവടിവ് അങ്ങനത്തതാണ്. ആള് മെലിഞ്ഞവനാണ്. അൽപ്പമൊരു വളവുണ്ട്, ഇതിൽകൂടുതലെന്തുവേണം ഒരുത്തൻ ഹൃദയശൂന്യനോ, ദുഷ്ടനോ, കള്ളനൊ ആവാൻ. പോരെങ്കിൽ പട്ടരും. എന്താ എല്ലാം അപ്പോൾ തികഞ്ഞില്ലെ? പട്ടരിൽ ഏതൊരുത്തനുണ്ട് മനസ്സിനു വിളവില്ലാത്തവനായിട്ട്?

"ഇവനെന്തിനു് ഇങ്ങനെ മൂത്തു് നരച്ചിരുന്നു് മററുള്ളവനെ നശിപ്പിക്കുന്നു. ഇവനിനിയെങ്കിലും അങ്ങു തുലയരുതോ?" എന്നു് ചിലക്ക് ചിലരെപ്പററി തോന്നാറുണ്ട്. എമ്മൻ തുടങ്ങിയ കമ്മ്യൂണിസ്റ്റുകാർക്കും, മററനവധി ചെറുപ്പക്കാർക്കും, മന്നത്തിനെപ്പററി ഈ അഭിപ്രായം നിശ്ചയമായിട്ടുണ്ട്. എങ്കിലും കുറെയധികം നായർമൂപ്പീന്നന്മാർക്കും, കത്തോലിക്കർക്കും, വൻതറവാട്ടുകളിലെ പെണ്ണുങ്ങൾക്കും മന്നം കുറച്ചുകാലംകൂടി ജീവിച്ചിരിക്കണമെന്നു് നിർബന്ധമുണ്ട്. "ഈ പട്ടം അങ്ങുതുലഞ്ഞെങ്കിൽ—" എന്നൊരു തോന്നൽ പനമ്പള്ളി തുടങ്ങിയ അനവധി കാൺഗ്രസുകാർക്കും, പി. എസ്. പി. യിൽ പലർക്കും, ആർ. എസ്. പി. ക്കാരിൽ മുക്കാലേ മുണ്ടാണിപേർക്കും, കമ്മ്യൂണിസ്റ്റുകാരായ എല്ലാവർക്കും ഉണ്ടെന്നുള്ളതു് നമുക്കൊക്കെ അറിയാം. എന്നാൽ പി.കെ.കുഞ്ഞിനും, പൊന്നമ്മസാറിനും അദ്ദേഹത്തിൻെറ പുത്രീപുത്രന്മാർക്കും, ജാമാതാക്കൾക്കും, വേണമെങ്കിൽ കുറെ കാലംകൂടി ചാവാതെ കിടന്നോട്ടെ, എന്നഭിപ്രായമുള്ളതായിട്ടും നമുക്കറിയാം. മുതുകിളവന്മാരായ സ്റ്റേററ്മന്ത്രിമാരും കേന്ദ്രന്മാരും ഗവർണറന്മാരും, പ്രഡിഡണ്ടും, കുടുംബമൂപ്പന്മാരും, ചത്തുതൊലഞ്ഞാൽ മതിയായിരുന്നു, എന്നു് പല ചെറുപ്പക്കാർക്കും തോന്നിപ്പോകുന്നെങ്കിൽ അതിലെന്താണ് തെററ്? എന്നാലും അവരെല്ലാം പെട്ടെന്നു് ചാവണമെന്നു് അഭിപ്രായമില്ലാത്തവരായി രണ്ടു മൂന്നു പേരെങ്കിലും അവരുടെ കുടുംബങ്ങളിലെങ്കിലും കാണാതെവരികില്ല. പക്ഷേ രാജഗോപാലാചാരിപെട്ടെന്നു് മരിക്കണ്ട, എന്നഭിപ്രായമുള്ള ഒരുത്തനേയെങ്കിലും നിങ്ങൾ കാണിച്ചുതരാമോ? ദരിദ്രരേയും തൊഴിലാളികളേയും വിദ്യാശൂന്യരേയും, അധഃകൃതരേയും, ഗ്രാമങ്ങളേയും ഉദ്ധരിക്കുന്നതിലാണ് ഭാരതൈശ്വര്യം കുടികൊള്ളുന്നതെന്നു് പരിപൂർണ്ണമായി വിശ്വസിക്കയും അതിനായി ജീവിതം ഉഴിഞ്ഞു വെക്കയും ചെയ്ത ഗാന്ധിജിയുടെ പ്രഥമ ശിഷ്യനായ, ഈ ആചാരി, രാജ്യവും സിംഹാസനവും കിരീടവും ഇല്ലാത്ത രാജാക്കന്മാരുടെ ബങ്ക്ളാവുകളിലും, വ്യവസായപ്രമുഖരുടെ മാളികകളിലും കടന്നു ചെന്നു് ഇന്നു് വിരുന്നുണ്ണുകയാണ്. ചിരിച്ചുല്ലസിക്കയാണ്. സ്വതന്ത്രപ്പാർട്ടി ഇണക്കുകയാണ്. പക്ഷെ രാജാക്കന്മാരാണെങ്കിലും, മണ്ടന്മാരാണെങ്കിലും, ഈ പട്ടരെ വിശ്വസിച്ചുകൂടെന്നു് അവക്കറിയാം. പിന്നെപറയേണ്ടല്ലോ ഇങ്ങേരുടെ സ്വതന്ത്രപ്പാർട്ടിയുടെ നിലനിൽപ്പ്. വെറും കേൾവിയാണെ— ഒരു കാര്യംപറയാം. കാലൻ എന്നു് പറയു



ഞായറാഴ്ച രാവിലെ ബാംബയിൽ വന്നിറങ്ങിയത്രെ. അദ്ദേഹം അവിടെ നിന്നോണ്ടു് ഉച്ചത്തിൽ ഇൻഡ്യ മുഴുവൻ കേൾക്കത്തക്കവണ്ണം വിളിച്ചുചോദിച്ചപോൽ— "എടോ ഇന്ഡ്യാക്കാരെ! ഞാൻ നിങ്ങളുടെ ഇടയിൽ നിന്നു് ഇന്നു് ഒരാളെ തട്ടിക്കൊണ്ടുപോകാൻ വന്നിരിക്കയാണ്, ആരെവേണമെന്നു് നിങ്ങൾ പറയുന്നോ, ആ ആളിനെ മാത്രമേ ഞാൻ കൊണ്ടുപോകയുള്ളു. ഞാനും ഈയിടെ ഒരു ജനാധിപത്യവിശ്വാസിയായിരിക്കയാണ്. ഈ ചോദ്യം കേട്ടമാത്രയിൽ അനേകംകോടി കണ്ഠങ്ങൾ ഒന്നായി തുറന്നു് ഇങ്ങനെ മറുപടിനൽകി— "രാജഗോപാലാചാരിയെ— ദയാലുവായ കാലദേവ! ഇയാളെ നിങ്ങളുടെ നിത്യനരകത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയാൽ, ഞങ്ങളിവിടെ നിത്യസ്വർഗ്ഗം സ്ഥാപിച്ചുകൊള്ളാം."

കാലൻ നോക്കി ഈ മറുപടി പറഞ്ഞവരുടെ കൂട്ടത്തിൽ ആരെല്ലാമുണ്ടെന്നു്, കാൺഗ്രസ്സുകാർമുഴുവൻ, കമ്മ്യൂണിസ്റ്റുകാർ സർവരും, പ്രഭുക്കന്മാർഎല്ലാം, തൊഴിലാളികൾ ഒന്നൊഴിയാതെ, ആർ. എസ്സ്. പി. യും, പി. എസ്സ്. പി. യും മുഴുവനും, ആ കൂട്ടത്തിലുണ്ടെന്നു് കണ്ടു് കാലൻ സ്തംഭിച്ചുനിന്നുപോയി.

വെറും ചീരത്തണ്ടും മത്തങ്ങായും മാത്രംതിന്നു് മത്സ്യമാംസാദികൾ തൊ

റബ്ബർ
മുദ്രകൾ
മലയാപ്രസ്സ്
ആററിങ്ങൽ.

ടാതെ ജീവിക്കുന്ന ഈ മനുഷ്യനും, ഇദ്ദേഹത്തിന്റെ വർഗ്ഗവും വെറും പാവങ്ങളാണെന്നു് പലക്കുമൊരു ധാരണയുണ്ടു്, ജന്തുമാംസമോ അവററയുടെ ചോരയോ കണ്ടാൽ മതിവരുന്നവരല്ല ഈജാതി കൂട്ടർ, അവക്കു കാണണം മാറുപിളർന്നു മനുഷ്യശരീരങ്ങൾ നിരന്നുനിരന്നു കിടക്കുന്നതു്. അവക്കു കണ്ടു രസിക്കണം മനുഷ്യരക്തം തളംകെട്ടി കായൽപോലെ കിടക്കുന്നതു്. വെറും ചീരത്തണ്ടുഭക്ഷകനായ സീ. പി. രാമസ്വാമിഅയ്യർ വയലാറിലും പുന്നപ്രയിലും പൊന്നാംവെളിയിലും, കടയ്ക്കലും ഒക്കെ നടത്തിയതു് എന്താണെന്നു് നിങ്ങൾക്കോമ്മയില്ലെ?

ഇൻഡ്യൻ നാഷണൽ കോൺഗ്ര

യിരുന്ന—ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായിരുന്ന—ഭാരതസ്വാതന്ത്ര്യസമരത്തിലെ ധീരസേനാനിയായിരുന്ന, ഈ മനുഷ്യൻ പെരുന്നയിൽ മന്നത്തുപത്മനാഭന്റെ വീട്ടിൽചെന്നു് അദ്ദേഹത്തിനെ കുണ്ടു വന്ദിച്ചതായികേട്ടു. മന്നത്തിന്റെ ദയാഗമോ, ഇദ്ദേഹത്തിന്റെ അധഃപതനമോ, എന്തുമാകട്ടെ. അങ്ങിനൊന്നു നടന്നെങ്കിൽ—കാച്ചിറ ചെല്ലപ്പാപിള്ള എന്നൊരു പ്രതാപശാലിയായ സുന്ദരനടൻ പണ്ടുണ്ടായിരുന്നു. അയാളങ്ങോട്ടു് അധഃപതിച്ചു് തീരെ ഗതികെട്ടു. ഒടുവിൽ ചില നാടകപ്പാട്ടുകളും പാടിക്കൊണ്ടു് വെറും ഭ്രാന്തന്റെ മട്ടിൽ റോഡുനീളെ അലഞ്ഞുതുടങ്ങി. അവസാനമായിട്ടു് റോഡുവക്കിൽകിടന്നു് ആ മനോഹരകലാകാരൻ മരിക്കയുംചെയ്തു—ഈ ചെല്ലപ്പാപിള്ള കഥയാണ് ഓമ്മയിൽവരുന്നതു്. അധികം താമസിയാതെ ഈ ആചാരിയെ ഏതെങ്കിലുമൊരു കരയോഗംസിക്രട്ടറിയുടെ വീട്ടുതിണ്ണക്കു കുത്തിയിരിക്കുന്നതു കാണാനിടവരില്ലെന്നു് എന്താ നിശ്ചയം?

പുരോഗമനപരമായ പരിവത്തനങ്ങളിലേക്കു് മനുഷ്യരാശി നയാഗ്രാപോലെ കുതിച്ചുചാടുമ്പോൾ, ഈ ഉണക്കപ്പുല്ലു് അതിനെ തടയാൻ നിൽക്കുക. എന്നു വന്നാൽ—ശേഷമെന്താ പറയുക.

....o....

സ്വർണ്ണാഭരണ
ഇൻസ്റ്റാൾമെൻറു് പദ്ധതി നമ്പർ 2.
സ്പെഷ്യൽ സമ്മാനം Rs. 750
നറുക്കു വീണാൽ വീണ്ടും പണം അടക്കേണ്ടാ
ആദ്യനറുക്കെടുപ്പു് 1960 നവംബർ 30-ാം തീയതി.
വ്യവസ്ഥകൾക്കു് 8 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.
പി. ഇബ്രാഹിം റാവുത്തർ
സ്വർണ്ണവ്യാപാരം :: മുല്ലയ്ക്കൽ—ആലപ്പുഴ.

# സ്പെഷ്യൽ സമ്മാനങ്ങൾ Rs. 1200

സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ് പദ്ധതികളുടെ
ചരിത്രത്തിലൊരു പുതിയ അദ്ധ്യായം കുറിക്കുന്നു!

# രാമ്യ ജ്വല്ലേഴ്സ്

## മുല്ലയ്ക്കൽ — ആലപ്പുഴ.

പ്രൊപ്രൈറ്റർ— കെ. ദാമോദരൻപിള്ള.

## സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ പദ്ധതി നമ്പർ 3.

**8 രൂപാ മുടക്കി 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുക!**

പ്രതിമാസ സമ്മാനമായ **Rs. 200**-ന് പുറമെ സ്പെഷ്യൽ സമ്മാനം **Rs. 600**

**ആദ്യ നറുക്കെടുപ്പ്— 1960 നവംബർ 30 (1136 വൃശ്ചികം 15)**

**കുറി വീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ലാ.**

പ്രത്യേകതകൾ— 1. ആദ്യ നറുക്കെടുപ്പിൽ വിജയിയാകുന്ന അംഗത്തിനു് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള ഉരുപ്പടികൾകൂടി സ്പെഷ്യൽസമ്മാനമായി നൽകുന്നതാണു്.

2. 12-ാമതു നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിനു് 200 രൂപായുടെ സ്വർണ്ണാഭരണത്തിനു പുറമേ 200 രൂപായ്ക്കുള്ള സ്വർണ്ണാഭരണങ്ങൾകൂടി പ്രത്യേക സമ്മാനമായി കൊടുക്കുന്നതാണു്.

3. ഒരു തവണയും മുടക്കമില്ലാതെ കൃത്യസമയത്തിനു മുൻപായി പണം അടച്ചിട്ടുള്ളതും, എന്നാൽ 25 തവണവരെ നറുക്കെടുപ്പിൽ വിജയിയാകാത്തതുമായ അംഗങ്ങളുടെ നമ്പരുകൾ ഒടുവിൽ നറുക്കിടുന്നതും, ആ നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിനു് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങളും സ്പെഷ്യൽസമ്മാനമായി ലഭിക്കുന്നതാണു്.

4. പദ്ധതി:— മാസംതോറും 8 രൂപാവീതം 25 മാസംകൊണ്ടവസാനിക്കുന്നതും പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതുമായ സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറപദ്ധതി.

വിശദവിവരത്തിന് 8 ന: പൈസാ സ്റ്റാമ്പുസഹിതം ഇന്നുതന്നെ എഴുതുക.

N. B. ടി പദ്ധതിയിലേക്കു് അംഗങ്ങളെ ചേർക്കുന്നതിനു് സമർത്ഥന്മാരായ ഏജൻറന്മാരെ ആകർഷണീയമായ കമ്മീഷൻവ്യവസ്ഥയിൽ ആവശ്യമുണ്ടു്. വിവരത്തിനു് 15 നയാപൈസാ സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

# ഞങ്ങൾ ഒന്നാണെ!

## എന്നാലും ഇറങ്ങെടാ പുറത്ത്.

സ്വവസതിയുടെ രണ്ടാമത്തെനിലയിലെ ടെറസ്സിൽ അശ്ളീല മന്ത്രി ചാക്കോച്ചൻ ഒരു മൈക്കിൻെറ മുൻപിൽ നിൽക്കുന്നു.

'സുഹൃത്തുക്കളെ! കേരളീയരെ! അച്ചന്മാരെ! പള്ളിക്കാരന്മാരെ' ഞങ്ങളുടെ മന്ത്രിസഭയിൽ കുഴപ്പമൊന്നുമില്ല. ഞങ്ങൾ പതിനൊന്നും, ഒന്നാണ്, കാൺഗ്രസ്സിൽ യോജിപ്പിൻെറ ശക്തി വളരെ വളരെ വർദ്ധിച്ചിരിക്കുന്നു: കാൺഗ്രസ്സും, പി. എസ്സ്. പി. യും മുസ്ലിംലീഗും തമ്മിലുള്ള ഐക്യം, കൂടുതൽ ദൃഢതരമായി വരുന്നു. എതുശക്തികൾ പറഞ്ഞുപരത്തുന്ന നുണകളിൽ നിങ്ങൾ കുടങ്ങിപ്പോകരുത്. മൈക്കിൽക്കൂടി ഇത്രയും ചാക്കോച്ചൻ പറഞ്ഞപ്പോൾ— ഹേ! സാറെ! ഒന്നുനിറുത്തിയാട്ടെ എന്നൊരു ശബ്ദംകേട്ടു ചാക്കോച്ചൻ തിരിഞ്ഞുനോക്കി. "അല്ലാ, കെ. പി. സി. സി. പ്രസിഡണ്ടു് ഗോവിന്ദൻനായരോ? ഇപ്പോഴെവിടുന്നു വരുന്നു?" ചാക്കോച്ചൻ ചോദിച്ചു.

"അതെ ഞാനാണ് കാൺഗ്രസ്സ് പ്രസിഡണ്ടു്. അതോർമ്മയുണ്ടല്ലോ. പോലീസിൻസെ്പക്ടറായിട്ടു് എടുക്കണമെന്നും പറഞ്ഞ് ഞാൻ രണ്ടുപേരെ അയച്ചിരുന്നല്ലോ. എന്താ അവർക്കുപണികൊടുക്കാഞ്ഞതു്? രണ്ടു കത്തോലിക്കരെ അതിന്റു് പകരം എടുത്തു ഇല്ലെ? ഒരു ഡി. വൈ. എസ്സ്. പി. ക്കു് പ്രമോഷൻ കൊടുക്കണമെന്നും ഞാൻപറഞ്ഞിരുന്നു. താനതും ചെയ്തില്ല" ഗോവിന്ദൻനായർ പരുഷമായി പറഞ്ഞു.

"എടോ! മര്യാദക്കു് സംസാരിക്കാൻ പഠിക്കണം. താനീ കാൺഗ്രസ്സ്എന്നുപറയുന്നതു് ആരുടെ പണംകൊണ്ടുണ്ടാക്കിയതാടോ. മര്യാദക്കു് അടങ്ങിയൊതുങ്ങിയിരുന്നാൽ ഇപ്പോഴിരിക്കുന്നിടത്തു് ഇരിക്കാം. ഇല്ലെങ്കിൽ—" ചാക്കോച്ചൻ പറഞ്ഞു.

"ഇല്ലെങ്കിൽ താനെന്നാ ചെയ്യുമെന്നാടോ പറയുന്നതു്. അതൊക്കെയങ്ങു് തെക്കൻ നായരുടെ അടുത്തെടുത്താൽ മതി. മലബാറുകാരോടു് താൻ നീതി കാണിക്കുന്നില്ല. മലബാറിനെ ഞാൻ ഒന്നിച്ചിളക്കാൻ പോകയാണ്. തൻെറ മന്ത്രിപ്പട്ടം ഞങ്ങൾ വെച്ചുവാഴിച്ചേക്കാം" ഗോവിന്ദൻനായർ സ്വല്പംകൂടി കടുപ്പിച്ചു പറഞ്ഞു.

"ഇങ്ങുകൊണ്ടുവാ തൻെറ മലബാറിനെ. കത്തോലിക്കൻ രൂപാ വാരിയെറിഞ്ഞുണ്ടാക്കിയതാ കാൺഗ്രസ്സ്. കേട്ടോ" ചാക്കോച്ചൻ പറഞ്ഞു.

ഇറങ്ങെടാ വെളിയിൽ, ചാക്കോച്ചൻ ആഡറിട്ടു.തലയും താഴ്ത്തിക്കൊണ്ടു് ഗോവിന്ദൻനായർ. പുറത്തേക്കിറങ്ങി.




ചാക്കോച്ചൻ വീണ്ടും മൈക്കിനെ സമീപിച്ചു—

"സുഹൃത്തുക്കളെ! കേരളീയരെ! ഞങ്ങൾ പതിനൊന്നും ഒന്നാണ്. ഞങ്ങളെ ഭിന്നിപ്പിക്കാൻ— കാൺഗ്രസിനെ ഭിന്നിപ്പിക്കാൻ ഒരു ശക്തിക്കും കഴിവില്ല" ഇത്രയും പറഞ്ഞപ്പോൾ— ഡോ— ചാക്കോ മന്ത്രി! ഇശ്ശിപറവാനുണ്ടു്. ഒന്നുനിറുത്തു. എന്നൊരു ശബ്ദംകേട്ടു മന്ത്രി തിരിഞ്ഞുനോക്കി— "ഹേയ് നമ്മുടെ കൂറൂർ നമ്പൂരിപ്പാടല്ലെ വന്നിരിക്കുന്നതു്. എന്താ തിരുമേനി വിശേഷം?" മന്ത്രി ചോദിച്ചു.

"ഒന്നുല്യ. എന്നലീല്യാന്നും പറയാമോ? അതൊട്ടു വയ്യാതാനും" ഇല്ലത്തെ വൃഷളിയുടെ മോൻ— ഓനു് പോലീസിൽ ഒരേസ്റ്റ്ംകാൺഷേബിളാവണമത്രെ. അതൊന്നു് ചെയ്തുകൊടുക്കണം. ട്ടോ. പിന്നെയുമുണ്ടു് ഇശ്ശികാര്യം. നൊമ്മുടെ കോരൻെറ—ഇല്ലത്തെ കൃഷിക്കാരൻ കോരനെ അറിയുമല്യേ— അവനു് രണ്ടു പെൺമക്കളുണ്ടു്. അസൽ പ്രായത്തിലാനില്ല്. കണ്ടാൽ ഇശ്ശി ഭേദമാ. അവർക്കും വല്ല പണിയുംകൊടുക്കണം. അത്യാവശ്യംകൊണ്ടാ നോം തന്നെ ഇറങ്ങിത്തിരിച്ചതു്" കൂറൂർ നമ്പൂതിരിപ്പാടു് ആവശ്യം പറഞ്ഞു.

"എടോ! നമ്പൂരി! കുറെയൊക്കെ വകതിരിവുവേണം. തൻെറ വീട്ടുകാരിയുടെ മക്കൾക്കും മററും ജോലികൊടുക്കാനിരിക്കയല്ല ഞാനിവിടെ. മനസ്സിലായോ. നിവൃത്തിയുണ്ടായിരുന്നെങ്കിൽതോമാച്ചൻെറ ഡൈ്റവരുടെമകനു് ഒരിൻസെ്പക്ടരുദ്യോഗം ഞാൻ കൊടുക്കുമായിരുന്നു. അതുതന്നെയും അടുത്ത മാസത്തിലേക്കു് മാററിവെച്ചിരിക്കയാ. അതിനിടക്കു് ഒരു നമ്പൂരി കേറിവന്നിരിക്കുന്നു ജോലികൊടുക്കണമെന്നും പറഞ്ഞു്" ചാക്കോച്ചൻ പറഞ്ഞു.

"ഡൊ, ഡൊ, വഷളത്തം പറയരുതു്. നോമൊരു പഴയ കാൺഗ്രസാ. എന്നാ ഓർമ്മയില്ലെന്നുണ്ടോ? കൊച്ചിയെ മുഴുവൻ നോം ഇളക്കാൻ പോകയാണ്. തൻെറ മന്ത്രിപ്പട്ടം പൊട്ടുമോയെന്നു് നോമൊന്നു നോക്കട്ടെ" നമ്പൂരിപ്പാടു് പറഞ്ഞു.

"എടോ നമ്പൂരീ! തൻെറ കൊച്ചിയെ ഇങ്ങു കൊണ്ടുവരു. പഴയ കാൺഗ്രസ്സ് മരിച്ചിട്ടും താൻ ചാവാതെ പിന്നെയും കിടക്കുവാ, മനുഷ്യരെ ഉപദ്രവിക്കാൻ. ഇപ്പോഴത്തെ കാൺഗ്രസ്സ്,

കത്തോലിക്കൻ രൂപാവിതറിയുണ്ടാക്കിയതാ. അതറിയാമോ? മിണ്ടാതെ ഒതുങ്ങിയിരുന്നാൽ എം. എൽ. ഏ. യായിട്ട് ഇരുനൂറുരൂപാ അലവൻസെങ്കിലും വാങ്ങി പട്ടിണിയില്ലാതെ കിടക്കാം." ചാക്കോച്ചൻ പറഞ്ഞു.

"ഡോ ഡോ മന്ത്രി! ഏഭ്യത്തരം പറയാതെടോ" നമ്പൂരിപ്പാട് പറഞ്ഞു.

"ഇനിയും ഇവിടെനിന്നു പറഞ്ഞാൽ പാളയം ഇൻസ്പെക്ടരേക്കൊണ്ട് തന്റെ പല്ലു ഞാൻ തല്ലിപ്പറിപ്പിക്കും. കടന്നുപോ-വെളിയിൽ" ചാക്കോച്ചൻ പറഞ്ഞു.

"കൊച്ചിയുടെ ശക്തി എത്രയുണ്ടെന്ന് നോം കാണിച്ചുതരാം. തന്നെ ഇവിടെനിന്ന് ഒന്നിറക്കാമോന്നു നോക്കീട്ട് ഇനി മററുകാര്യം" ഇത്രയും പറഞ്ഞിട്ട് നമ്പൂരിപ്പാട് യാത്രയായി. ചാക്കോ മന്ത്രി വീണ്ടും മൈക്കിനെ സമീപിച്ചു. "മഹത്തുക്കളെ! കേരളീയരിൽ ഞങ്ങളുടെ ഇടയിൽ ഭിന്നിപ്പില്ല. ഭിന്നിപ്പിക്കാൻ യാതൊരു ശക്തിക്കും കഴിവില്ല. ശത്രുക്കളുടെ നുണയിൽ വീണുപോകാതെ സൂക്ഷിച്ചിരിക്കുവിൻ" ഇത്രയും പറഞ്ഞപ്പോഴും—"ഞമ്മന്റെ കാര്യം ഒന്നു കേട്ടേച്ചു പ്രസംഗിച്ചോ മന്ത്രി" ഇങ്ങിനൊരു ശബ്ദം കേട്ട്, മന്ത്രി തിരിഞ്ഞു നോക്കി—"കൊള്ളാം. ഇതാരാ വന്നിരിക്കുന്നേ– നമ്മുടെ കോയാസാഹിബ്ബോ? എന്താ സംഗതി?" മന്ത്രി ചോദിച്ചു.

"ഞമ്മൻറാൾക്കു് കിഴക്കു വനത്തിൽ ഒരു മൂവായിരം ഏക്കർ കൊടുക്കണമെന്നുപറഞ്ഞിട്ടെന്തായി?" മഹമ്മദുകോയാ ചോദിച്ചു.

"റിസർവ്വുവനത്തിൽ, ഇനിയും കയ്യേറാൻ ഒരിഞ്ചു സ്ഥലമില്ല. കൊള്ളാവുന്നിടമെല്ലാം കള്ളവേലി പാപ്പച്ചനും കൂട്ടരും എടുത്തുകഴിഞ്ഞു. നിങ്ങൾക്കെന്തിനാ വനം? അറബിപ്പൊന്നിന്റെ ഇടപാടുമുഴുവൻ നിങ്ങൾക്കു വിട്ടുതന്നിരിക്കയല്ലെ? അതിൽ കത്തോലിക്കർ കൈയ്യിടാൻവരുന്നില്ലല്ലൊ. വനം ഞങ്ങൾക്കും ഇരിക്കട്ടെ, എന്താ കോയാ! അതല്ലെ നല്ല ഏർപ്പാട്" മന്ത്രി ചോദിച്ചു.

"അറബിപ്പൊന്ന് മന്ത്രീടെ വകയല്ല, വനം ഞമ്മന്റവഹക്കുടിയാ. അതിൽപങ്ക് ഞമ്മനു കിട്ടിയേ ഒക്കൂ. ഞമ്മനു വനത്തിൽ താമസിക്കാനൊരു മോഹം. മന്ത്രിക്കു മനസ്സിലായൊ?" മഹമ്മദുകോയ ചോദിച്ചു.

"കോയാ! ഉം. വെളിയിൽ കടക്കു" മന്ത്രി ആജ്ഞാപിച്ചു.

"ഓത്തോ മന്ത്രി, തന്നെ ഇവിടിരുത്തിയിരിക്കുന്നതു് ഞമ്മന്റെ മുസ്ലിം ലീഗാ" കോയാ പറഞ്ഞു.

"അല്ലെടോ, കത്തോലിക്കന്റെ പണമാ, ഇവിടത്തെ കാൺഗ്രസ്സ്, ആ പണമാ തന്നെ ഇവിടെ എം. എൽ. ഏ. യായിട്ടു വച്ചുപുലർത്തുന്നതു്"

"ആട്ടെ–ഞമ്മൻറാളെയൊക്കെ ഇളക്കിവിട്ടേക്കാം" ഇക്കാൺഗ്രസ്സ് ഇവിടൊന്നു ഭരിക്കുന്നതു കാണണം" കോയാ പറഞ്ഞു.

"ഉള്ളവനെയൊക്കെ ഇളക്കിക്കൊണ്ട് ഇങ്ങു വന്നേരു്. അന്നേരം കാണാം ഒരു കളി. കത്തോലിക്കന്റടുത്തു കളിക്കാതെ കോയാ, മിരട്ടൊക്കെ ഇങ്ങോട്ടെടുക്കാതെ" ചാക്കോച്ചൻ പറഞ്ഞു.

"ഞമ്മന്റെ ഒററ അമുക്കിനില്ല മന്ത്രി നീയ്. അങ്ങ് വെളിയിൽ ഇറങ്ങിവാ, അപ്പൊക്കാണിച്ചുതരാം കോയാ ആരാണെന്ന്" മന്ത്രി പറഞ്ഞു.

"ആരവിടെ. കാൺസ്റ്റബിൾ! ഈ ഗുണ്ടായെ പിടിച്ചു വെളിയിൽതള്ളു" മന്ത്രി ആജ്ഞാപിച്ചു. കോയാ പെട്ടെന്നിറങ്ങി നടന്നുകളഞ്ഞു. മന്ത്രിവീണ്ടും മൈക്കിനെ സമീപിച്ചു—"ബഹുജനങ്ങളെ! കേരളീയരെ! ഞങ്ങളുടെയിടയിൽ എതിർപ്പില്ല. പല ശരീരങ്ങളിൽ വ്യാപരിക്കുന്ന ഒററയാത്മാവാണു ഞങ്ങൾ, ശത്രുക്കളുടെ നുണകൾകേട്ട്—" മന്ത്രി ഇത്രയും പറഞ്ഞപ്പോൾ കെ. ആർ. നാരായണൻ മന്ത്രിയുടെ തോളിൽ ഒന്നു തൊട്ടു.

"എന്താ! കേആറെ വിശേഷിച്ചു" മന്ത്രി ചോദിച്ചു.

"അഞ്ചെട്ടുപേരു വന്നിട്ടുണ്ട് പരിചയക്കാരായിട്ട്, വല്ലതും ജോലി കൊടുത്താൽ, അഞ്ചാറുകാശിന്റെ വക എനിക്കും കിട്ടും. പിന്നൊരു കാര്യംകൂടി പറയാനുണ്ട്. ഈഴവനു് അർഹിക്കുന്ന നീതി ഈ സർക്കാരിൽനിന്നും കിട്ടുന്നില്ലെന്ന്, എസ്സ്. എൻ. ഡി. പി. മുറുമുറുത്തു തുടങ്ങിയിരിക്കുന്നു. നായന്മാരും അസംതൃപ്തരായിരിക്കയാണെന്നാ, എൻ. എസ്സ്. എസ്സ്. കാർ പറയുന്നതു്. പി. എസ്സ്. പി. യോട് വേണ്ടത്ര ന്യായം കാണിക്കുന്നില്ലെന്ന്. താണുപിള്ളസാർതന്നെ മിനിഞ്ഞാന്നു പറയുന്നതുകേട്ടു. ഇങ്ങിനായാൽ–' കെ ആർ. പറഞ്ഞുനിർത്തുന്നതിനുമുമ്പ് "ഇങ്ങിനായാൽ കത്തോലിക്കന് ഒരു ചുക്കും വരാൻപോകുന്നില്ല. പട്ടത്തിനെ അവകാശമില്ലാത്തിടത്തുപിടിച്ചുവെക്കാൻകാരണം, കത്തോലിക്കന്റെ ദയവാ. എൻ.എസ്സ്.എസ്സ്. വല്യപ്പനെ കത്തോലിക്കൻ രൊക്കംരൂപാകൊടുത്താ വാങ്ങിയതു്. പിന്നെ— ഈഴവന്റെ കാര്യം—ഉരുട്ടിയ കൈ നക്കാത്തവനാ അവൻ. ശങ്കർ ഡപ്യൂട്ടിയായി തെളിഞ്ഞു നടക്കുന്നതു് അവന്റെ സാമർത്ഥ്യംകൊണ്ടല്ലാ, കത്തോലിക്കന്റെ പണംകൊണ്ടാ" ചാക്കോച്ചൻ പറഞ്ഞു.

"ഈഴവനോടു കളിക്കാതെമന്ത്രി, അവനിളകിയാൽ ഈ മന്ത്രിസഭ അന്നു വീഴും താഴെ, മര്യാദയ്ക്ക് ഞാൻ പറയുന്നതൊക്കെ സാധിച്ചുതന്നോ–അതാ നല്ലതു്." കെ. ആർ. പറഞ്ഞു.

"ച്ഛീ! തനിക്കെന്തെടോ ഇവിടെ കാര്യം? ഇറങ്ങുവെളിയിൽ" മന്ത്രി കല്പിച്ചു. പിന്നെ കെ. ആർ. അവിടെ നിന്നില്ല. മന്ത്രി വീണ്ടും മൈക്കിനെ സമീപിച്ചു— "മഹത്തായ കേരളമെ! നീ ഭയപ്പെടാതെ. ഞങ്ങൾതമ്മിൽ ഭിന്നിപ്പില്ല. ഞങ്ങളൊന്നാണ്, ശത്രുക്കൾ പരത്തുന്ന നുണപ്രചരണങ്ങളിൽ കുടുങ്ങാതെ ജാഗ്രതയായിരിക്കിൻ" ഇത്രയും മന്ത്രി പറഞ്ഞപ്പോൾ കർത്താവെ! കാപ്പീം തണുത്തുപോകുമല്ലോ. ഇങ്ങോട്ടുവന്നു വല്ലതും ഇത്തിരി വാരിത്തിന്നേച്ചുവന്നുനിന്നു മൈക്കിൽകൂടി കൂവിയാട്ടെ" മിസ്സസ്സ് മന്ത്രി, ചാക്കോമന്ത്രിയെ ഭക്ഷണത്തിനു ക്ഷണിച്ചു.

....0....




ആനബാങ്കിന്റെ പുനരുദ്ധാരണം.

# ‘വാജീകരണസുധ’

## (ഗോൾഡൻ ടോണിക്ക്)

സപ്തധാതുക്കളെയും പരിപുഷ്ടമാക്കുന്ന സ്വർണ്ണം, കസ്തൂരി, ഗോരോചന തുടങ്ങിയ അനേകം ദിവ്യൗഷധികൾ ചേർത്ത് തയ്യാറാക്കിയിരിക്കുന്ന ഈ ടോണിക്ക്, ശരീരശോഷം, മാനസികഭീതി, കാസം, ശ്വാസവികാരങ്ങൾ, ഏദ്രോഗം, ഹേനാവയവസംബന്ധമായ രോഗങ്ങൾ, വായുക്ഷോഭം, വാതരോഗങ്ങൾ, ഞരമ്പുതളർച്ച തുടങ്ങിയ വ്യാധികൾ ശമിപ്പിക്കുന്നു. സുഖനിദ്ര, ഓർമ്മശക്തി, ധാരണാശക്തി എന്നിവ പ്രദാനംചെയ്യുന്നതുകൊണ്ട് അഭിഭാഷകർ, അദ്ധ്യാപകർ, സാഹിത്യകാരന്മാർ, വിദ്യാർത്ഥികൾ, എന്നിവർക്ക് ഹിതമായ രസായനൗഷധവുമാണിത്. നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുത്ത് തടിയും മിടുക്കും നൽകി ഞരമ്പിനും, നാഡികൾക്കും, മാംസപേശികൾക്കും അധികമായ ഉറപ്പും ബലവും വർദ്ധിപ്പിക്കുന്നതിനാൽ പ്രസവശേഷം സേവിക്കുന്നതിന് ഏററവും ഉത്തമമാണ്. രുചിയും ആർത്തിയും കൈവരുത്തി ഹേനശക്തി നിലനിർത്തുന്നതുമൂലം രോഗാനന്തരം കഴിക്കുന്നതിന് “വാജീകരണസുധ” കുഞ്ഞുങ്ങൾക്കും പ്രായമായവക്കും അമൃതതുല്യമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

വില കുപ്പി ഒന്നിന് **5—25** മാത്രം.

**നിർമ്മാതാക്കൾ—**

# ജയഭാരതം ആര്യവൈദ്യശാല (Regd)

## H. O. പുനലൂർ ::: ഫോൺ 10.

**പ്രൊപ്രൈററർ— പി. ഒ. തോമ്മസ് വൈദ്യൻ (വൈദ്യകലാനിധി)**

ബ്രാഞ്ചുകൾ:—

അഞ്ചൽ, അടൂർ, ആയൂർ, ഓയൂർ, കൊട്ടാരക്കര, കല്ലിശ്ശേരി, കുന്നിക്കോട്, കഴുതുരുട്ടി, കുണ്ടറ, കല്ലട, കരുനാഗപ്പള്ളി, കായംകുളം, കടമ്പനാട്, കൈപ്പട്ടൂർ, ചാത്തന്നൂർ, ചങ്ങനാശേരി, തെന്മല, തലവൂർ, തിരുവൻവണ്ടൂർ, തൊടുപുഴ, തണ്ണീർമുക്കം, തെങ്കാശി, തിരുനൽവേലി, തട്ടയിൽ, പനവേലി, പുലമൺ, പറക്കോട്, പന്തളം, പത്തനംതിട്ട, പത്തനാപുരം; പൂഞ്ഞാർ, പുറക്കാട്, മൂവാററുപുഴ, മേപ്രാൽ, മുളവന, എടത്വാ, എസ്. എൽ. പുരം, ഹരിപ്പാട്, ആയ്യങ്കാവ്, ഏനാത്ത്, ചെങ്ങന്നൂർ, ചെങ്ങമനാട്, ചടയമംഗലം, ചിരട്ടക്കോണം

---

# ശ്രീകൃഷ്ണാ ചിട്ടിഫണ്ട്

## മുട്ടംബസാർ, ചേർത്തല.

**എ. ബി. സി. എന്നീ മൂന്നു ക്ളാസുകളിലായി 1750 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി ക്യാഷ് സെക്യൂറിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.**

വീതപ്പലിശ ഒന്നുപോലെ.

ആദ്യലേലം— 1960 ഡിസംബർ 3 (1136 വൃശ്ചികം 18)-ാംതീയതി.

എ. മാസം ഒന്നിന് 20 രൂ. വീതം 50 മാസം രൂ. 1000.
ബി. മാസം ഒന്നിന് 10 രൂ. വീതം 50 മാസം രൂ. 500.
സി. മാസം ഒന്നിന് 5 രൂ. വീതം 50 മാസം രൂ. 250.

വയ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

തലയാൾ: സി. എൻ. ദിവാകരൻ, തയ്യിൽ-ചെറുകാത്തറ, വടക്കുംമുറി-ചേർത്തല.

# കോൺഗ്രസ്സിലേക്ക് ഇരച്ചു കയറുന്നു!

## വിപുലമായ മെമ്പർഷിപ്പ് വ്യവസായം.

കൃഷ്ണക്കുറുപ്പും ഭാര്യയുമായി ഒരു ബഡ്ജററു സമ്മേളനം നടത്തുകയായിരുന്നു. അരിവാങ്ങാൻ കാശുവേണം. ചെറുക്കന് ലൈബ്രററിഫീസു കൊടുക്കണം. പെണ്ണിന് ഒരു പാവാട കൂടിയേതീരൂ. നെടുമങ്ങാട്ടു കൊണ്ടുപോയിരിക്കുന്ന കമലമ്മയെ പ്രസവത്തിനു വിളിക്കാൻ പോകണം. ആകെ സ്വത്ത് ഒരു വാഴക്കുല മാത്രം. കൂടിയാൽ ഒന്നേമുക്കാൽ രൂപാകിട്ടിയേക്കും.

കുറുപ്പ്:– അരിവാങ്ങാം ഏതായാലും.

പെണ്ണ്;– ഒന്നുമുടക്കാതെ ഞാനെങ്ങനാ പള്ളിക്കൂടത്തിൽ പോകുന്നത്.

തള്ള:– നീ പോവണ്ടാ.

ചെറുക്കൻ:– എനിക്കു ലൈബ്രറി ഫീസു കൂടിയേതീരൂ.

കുറുപ്പ്:– ഞാൻ വല്ലടത്തുമങ്ങുകേറിപ്പോവുകോ തൂങ്ങിച്ചാവുകോ ചെയ്യും.

പടിക്കപ്പുറത്ത് ഒരു കാറുവന്നുനിന്നതുകൊണ്ട് തൽക്കാലം ബഡ്ജററു ചർച്ചകൾ മുടക്കി അംഗങ്ങൾ കാറിൻെറ നേരേ എത്തിനോക്കി.

പെണ്ണ്:– മണ്ഡലം പ്രസിഡണ്ടും മററുമാ.

കുറുപ്പ്:– പിരിവിനായിരിക്കും.

തള്ള:– നല്ലനേരത്താ കെട്ടിയെടുത്തിരിക്കുന്നത്.

ഇതിനകം മണ്ഡലം പ്രസിഡണ്ടും കൂട്ടരും പടികയറി വീട്ടുമുററത്തെത്തിയിരുന്നു. കുടുംബാംഗങ്ങൾ എഴുന്നേററ് അമ്പരന്നു നോക്കിനിന്നു.

മണ്ഡലം പ്രസിഡണ്ട്:– ഞങ്ങൾ കോൺഗ്രസിൽ ആളുചേർക്കാൻ വന്നിരിക്കയാ. ഇവിടെത്രപേരുണ്ട്? എല്ലാരേം ചേർത്തേക്കാം. ആളൊന്നിനു നാലണയാ ഫീസ്.

തള്ള– കഞ്ഞിക്കരിവാങ്ങാൻ കാശില്ലാതെ വിഷമിക്കുമ്പോഴാ കോൺഗ്രസ്സിനു അണകൊടുക്കുന്നത്.

മണ്ഡലം– അതാ പറേന്നതു പെങ്ങക്കു കോൺഗ്രസ്സെന്തുവാന്നറിഞ്ഞുകൂടാന്ന്. പണമില്ലാത്തോരു പണം തരികേവേണ്ട, വെറുതേ അങ്ങുചേർന്നോണ്ടാൽ മതി.

കുറുപ്പ്– പണം പിന്നാരു കൊടുക്കും?

മണ്ഡലം— മഹാത്മാഗാന്ധിയുടെ ശിഷ്യന്മാരുണ്ട് അതിനുള്ള പണവുമായി കാത്തിരിക്കുന്നവർ. ഇവിടെത്ര പേരാ പതിനെട്ടുകഴിഞ്ഞവർ. പേരും മേൽവിലാസവും പറഞ്ഞാട്ടെ. മെമ്പറാക്കിയ ടിക്കററു തന്നേക്കാം. (അല്പം ആലോചിച്ചിട്ട്) പിന്നെ ഒരു കാര്യം ഓർത്തോളണം. ചാക്കോച്ചനാ ഇതിനു പണം മുടക്കുന്നത്. തെരെഞ്ഞെടുപ്പുവരുമ്പോൾ ചാക്കോച്ചനെ കോൺഗ്രസ്സ് പ്രസിഡണ്ടാക്കണം.

തള്ള– കാശുവേണ്ടെങ്കിൽ ഏതിലും ചേരാം പക്ഷേ വോട്ടുകൊടുക്കുന്നേനു കാശ് ഇങ്ങോട്ടുകിട്ടാതെങ്ങനാ.

കുറുപ്പ്,– ആവോട്ടല്ലിത്. കോൺഗ്രസ്സിനകത്തെ തെരഞ്ഞെടുപ്പാ.

തള്ള– എന്തുകഴുവുമാട്ടെ, വോട്ടുചെയ്യണേൽ കാശുവേണം.

മണ്ഡലി.... ഇപ്പോഴത്തെ പ്രസ്ഥാനം മെമ്പറന്മാരേ ചേർക്കുന്നതാ. വോട്ടുകാര്യം പിന്നെ വരും.

തള്ള— എന്നുവന്നാലും ഞങ്ങടെ നില ഇതാ.

മണ്ഡലി– ഇരിക്കട്ടെ, അതും പരിഗണിക്കാം. ഇതാ ടിക്കററു പിടിച്ചാട്ടെ.

മണ്ഡലം പ്രസിസണ്ട് ആ കുടുംബത്തിലെ പ്രായപൂത്തിയായവർക്കെല്ലാം കോൺഗ്രസ്സ് മെമ്പർഷിപ്പുകൊടുത്തതിനുശേഷം അടുത്ത വീട്ടിൽ കയറി മെമ്പറന്മാരെ ചേർക്കാനായി ഇറങ്ങി. അദ്ദേഹത്തിൻെറ കാർ കഷ്ടിച്ച് ആറുവാര നീങ്ങിയപ്പോഴേക്കും പുറകേ മറെറാരു കാർവന്നു കുറുപ്പിൻെറ പടിക്കൽ നിന്നു. അഞ്ചാറാളുകൾ അതിൽനി



ന്നും ഇറങ്ങി കുറുപ്പിന്റെ മുമ്പിൽ എത്തി. അതിൽ ഒരാൾ പഞ്ചായത്തുമെമ്പറാണെന്നു കുറുപ്പിനറിയാമായിരുന്നു. അയാൾ ആ സംഘത്തിന്റെ നേതാവാണെന്നും തോന്നി.

പഞ്ചായം— കുറുപ്പച്ചാ ഞങ്ങൾ വന്നതു് കോൺഗ്രസ്സിൽ ആളുചേക്കാനാ.

കുറുപ്പ്— ഞങ്ങളൊക്കെ അങ്ങു ചേന്നേച്ചിരിക്കുവാ.

പഞ്ചായം— അതു ചാക്കോച്ചന്റെ കോൺഗ്രസ്സിലാ. ഞങ്ങൾ വന്നതു് ചെറിയാച്ചന്റെ കോൺഗ്രസ്സിനുവേണ്ടിയാ.

തള്ള— അപ്പൊഴേ, ഇങ്ങനെ ചാക്കോന്നും ചെറിയാനെന്നും തൊടങ്ങിയാൽ ഗാന്ധിയെടെ കോൺഗ്രസ്സാന്നു പറേന്നതെന്തുവാ.

പഞ്ചായം— കോൺഗ്രസ്സ് ഏതായാലും ഗാന്ധിയേടെ കോൺഗ്രസ്സാ. അതിൽ ചെറിയാച്ചന്റെ കോൺഗ്രസ്സാ മെച്ചം. അറിവില്ലിയോ പി. സി. ചെറിയാച്ചനെ? വല്യ പണക്കാരനാ. ലക്ഷംപേരെ ചേത്തിരിക്കുവാ സ്വന്തം കയ്യീന്നു പണംമൊടക്കി. ഇത്രനല്ല കോൺഗ്രസ്സുകാരൻ വേറെ കാണുമോ?

തന്ത— അത്രയൊന്നും പറയണ്ടാ, ചാക്കോച്ചനും സ്വന്തം കൈയീന്നാ പണംമൊടക്കിയതു്. ഞങ്ങളിപ്പം അഞ്ചുപേരുചേന്നു. ഒന്നേകാൽരൂപാ കൊടുക്കേണ്ടതാ. ഒററപ്പൈസാ കൊടുത്തില്ല. കൊടുക്കാനൊള്ളതു ചാക്കോച്ചൻ കൊടുത്തോളും.

പഞ്ചായം— അത്രയ്ക്കൊന്നും ചാക്കോച്ചൻ പൊങ്ങണ്ടാ. നാലണ വാങ്ങിക്കാതെ നിങ്ങളെ മെമ്പറാക്കിയെന്നല്ലിയോ ചാക്കോച്ചന്റെ മിടുക്കു്. എന്നാലു് ഞങ്ങളു് നാലണ അങ്ങോട്ടുതരാം. ഫീസിന്റെ നാലണേം രൊക്കം നാലണേം കൂടുമ്പോഴെത്രാ? ആളൊന്നിനു് എട്ടണ! എന്നാലും ചെറിയാച്ചൻ മാറുന്നില്ല.

കുറുപ്പ്— അഞ്ചുപേർക്കു നാലണാന്നു പറഞ്ഞാൽ ആകെ ഒന്നേകാൽ രൂപയാ. അത്രേം കിട്ടുന്നതൊരു കാര്യമാണു താനും. എന്നാലും ഞങ്ങളൊന്നാലോചിച്ചുനോക്കട്ടെ, ഒരാളിന്റെകൂടെ ചേർന്നേച്ചു് അന്നുതന്നെ മററാരാളിന്റെകൂടെ ചേരുന്നതു് തത്വമാന്നോ.

പഞ്ചായം— ഇന്നു ചേരണമെന്നില്ല. നാളെയായാലും മതി.

തള്ള— ഇങ്ങേരു പറേന്നതു് വകവയ്ക്കണ്ടാ. രൂപാ തന്നാട്ടെ, ഞങ്ങൾ ഇന്നേ ചേർന്നേക്കാം.

കുറുപ്പ്— വേണ്ടാ നാളെ ചേർന്നാൽ മതി. (ഭാര്യയുടെ ചെവിയിൽ മന്ത്രിച്ചിട്ടു്) ഞങ്ങൾ നാളെ പറയാം. നാളെ ഇങ്ങോട്ടു കടന്നാട്ടെ.

പഞ്ചായവും കൂട്ടുകാരും ഇറങ്ങിയതോടെ കുറുപ്പിന്റെ വീട്ടുകാരി ഭത്താവിന്റെനേരെ ചീറിയടുത്തു. ഒന്നേകാൽ രൂപാ കിട്ടുമായിരുന്നതു തട്ടിക്കളഞ്ഞതിനുള്ളതായിരുന്നു കേസ്സ്. കുറുപ്പിനു ക്ഷോഭമൊന്നുമുണ്ടായില്ല.

കുറുപ്പ്— നീയെന്തറിഞ്ഞിട്ടാ ഈ ചാടുന്നതു്? ആദ്യം നാലണ, അഞ്ചുമിനിട്ടിനകം എട്ടണ, ഇങ്ങനങ്ങോട്ടു കൂടിയാൽ നാളെയാകുമ്പോൾ ആളൊന്നിനെത്രയാകും? ഒന്നു കൂട്ടിനോക്കിയേ—?

തള്ള— നാളെ കൂടുമെങ്കിൽ നാളേം ചേരരുതോ? രണ്ടു കക്ഷിക്കാരല്ലിയോ പിടിച്ചുപറിക്കാൻ നിൽക്കുന്നതു്.

കുറുപ്പ്— (മണ്ടത്തം സമ്മതിക്കുന്ന ഭാവത്തിൽ) അതു നേരല്ലാ. ഇന്നിവരുടേതു വാങ്ങിച്ചാൽ നാളെ മററവരുടേതും വാങ്ങാമല്ലോ. എന്നുതന്നേമല്ല ആരറിഞ്ഞു മൂന്നാമതും കക്ഷിയുണ്ടോന്നു്. ഏതായാലും അവരങ്ങു കടന്നിട്ടില്ലേൽ ഞാനൊന്നോടിയേച്ചുവരാം.

തള്ള— നിങ്ങളല്ലിയോ പറഞ്ഞതു് പെമ്പുത്തി മോശമാന്നു്. ഇപ്പം എങ്ങിനിരിക്കുന്നു. ഏതായാലും ഈ കോൺഗ്രസ്സ് ഇങ്ങനങ്ങു വളർന്നേച്ചാൽമതി, നമുക്കു തൽക്കാലം നിന്നുപൊറുക്കാം.

കുറുപ്പ്— പ്രസംഗിച്ചോണ്ടുനിന്നാലൊക്കത്തില്ല. ഞാനൊന്നോടീട്ടുവരട്ടെ. (മേലോട്ടുനോക്കി അത്ഭുതപൂർവം) എങ്കിലും ഈ ഗാന്ധീനുപറേന്നോൻ ഒരു വല്യോൻതന്നെയാ.


പ്രമേഹരോഗികൾ ശ്രദ്ധിക്കുക!

★ സലോബ്സിൻ ★

പ്രമേഹരോഗത്തിനു് ഇന്നു് ഡാക്ടറന്മാർ ശുപാർശ ചെയ്തുവരുന്ന സിദ്ധൗഷധമാണു് ഞങ്ങളുടെ സലോബ്സിൻ (SALOBCEIN)

(Regd: by Government of India)

HERE IS THE OPINION OF AN EMINENT DOCTOR:—

"I have tried Salobcein Tablets manufactured by Messrs, Varmas Ayurveda Pharmacy, Alleppey for the last six months on cases of Diabetes Mellitus. The total number of cases treated with the above drug was about 200. In all the cases Fasting Blood sugar estimation was done before and after treatment. Excepting in about 5—7 % of the cases in all the rest the results were very good as estimated by the symptoms and blood and urine analysis. I have not found any untowards side re-actions also. Considering the economy and utility of the drug I feel this is something of real interest to people suffering from "DIABETES MELLITUS."

Dr. R. SANKARA RAM B Sc., M B. B S.
Narayana Guru Medical Mission, Pathirappally, ALLEPPEY.

30 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്കു് വില 4—00
60 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്കു് വില 7—50
വി. പി. ചാർജ്ജു് പുറമെ.

ആവശ്യപ്പെടുക—

വർമ്മാസ് ആയുർവ്വേദഫാർമസി (*Regd*), മുല്ലയ്ക്കൽ, ആലപ്പുഴ.

സ്റ്റോക്കിസ്റ്റന്മാർ— (1) M/s Vikram Medical Stores, 323. B. Delislie Rd., Bombay-11. (2) Allbutt & Co., 182, Mount Rd., Madras-2 (3) കെ. കെ. കുരുവിള & സൺസ്, കോട്ടയം (4) സ്വാമി & Co. ആലപ്പുഴ



പക്ഷേ കാടാനിറങ്ങിയ കുറപ്പിനു് കാടാൻപററിയില്ല. മൂന്നാമതൊരു കാറം അതിൽനിന്നുമിറങ്ങിയ ഏതാനും സന്ദർശകരും അയാളെ തടഞ്ഞു.

സന്ദർശകപ്രമാണി— ഞങ്ങഠം കുറപ്പിനെ കാണാനായിട്ടുതന്നെയാ വന്നതു്. കുറപ്പും വീട്ടുകാരും കോൺഗ്രസ്സിൽ ചേരണം.

കുറപ്പ്— ഞങ്ങഠം ഇന്നു് ഇതിനകം രണ്ടു കോൺഗ്രസ്സിൽ ചേർന്നേച്ചിരിക്കയാ. ആദ്യത്തെ കോൺഗ്രസ്സുകാർ ഒന്നും തന്നില്ല. ഒന്നും വാങ്ങിച്ചുമില്ല. രണ്ടാമത്തെ കോൺഗ്രസ്സ് നന്നാലണവച്ചു തരാമെന്നേററിരിക്കയാ. ഓരോ രൂപയിൽ കുറഞ്ഞാൽ വേണ്ടാന്നു ഞങ്ങളും.

പ്രമാണി— ഓരോ രൂപാ കിട്ടിയാലെന്തെടുക്കാനാ? പിള്ളേരുവല്ലോരും വളൎന്നനിൽപ്പുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞാട്ടെ, അവക്കു് ഞങ്ങളുടെ കോൺഗ്രസ്സ് അധികാരത്തിൽ വന്നാലുടൻ ഉദ്യോഗമാ.

കുറപ്പ്— ഇപ്പം കിട്ടുന്നതാണു ഞങ്ങഠംക്കു കാര്യം.

പ്രമാണി— ഇപ്പോഠം എട്ടെട്ടണ വീതവും പിന്നീടു് പിള്ളേക്കെല്ലാം ഉദ്യോഗവും അതുപോരെ?

തള്ള— നിങ്ങടെ കോൺഗ്രസ്സേതാ? ചാക്കോച്ചൻെറ കോൺഗ്രസ്സാ രാവിലെ വന്നതു്, പിന്നെ വന്നതു ചെറിയാച്ചൻേറതു്, നിങ്ങടേതിൻെറ പേരെന്തുവാ?

പ്രമാണി— ഞങ്ങടേതാ അസ്സൽ ഗാന്ധിജിയുടെ കോൺഗ്രസ്സ്. എറണാകുളത്തു പനമ്പള്ളിയുടെ കീഴിലാ അതു്. എങ്ങനായാലും അതേ ജയിക്കു.

തള്ള— രൊക്കമൊള്ളതിങ്ങു തന്നാട്ടെ. ഞങ്ങഠം ചേർന്നേക്കാം. (കുറപ്പിനോടു്) നിങ്ങളെങ്ങാണ്ടോ പോകുവാന്നല്ലിയോ പറഞ്ഞതു്. ഇവിടെ വായിനോക്കിനിൽക്കാതെ ഒന്നോടിയേച്ചുവന്നാട്ടെ.

പനമ്പള്ളി കോൺഗ്രസ്സിൻെറ രണ്ടരയും, ചെറിയാൻ കോൺഗ്രസ്സിൻെറ ഒന്നേകാലും ആ കുടുംബത്തിനു കിട്ടി. വാഴക്കുലവെട്ടാതെ അന്നത്തെ കാര്യങ്ങഠം നടന്നു. രാത്രി അത്താഴത്തിനുമുമ്പു് ചാക്കോ കോൺഗ്രസ്സ് വീണ്ടും എത്തി.

മണ്ഡലി— കുറപ്പച്ചനെന്താ ഇങ്ങനെ ചതിച്ചതു്?

കുറപ്പ്— എന്തോ ചതിച്ചെന്നാ? വരുന്നോരു വരുന്നോരു് അവരുടെ കോൺഗ്രസ്സാ നല്ലതെന്നുപറഞ്ഞു. അതിലെല്ലാം ഞങ്ങളങ്ങു ചേരുകേംചെയ്തു.

മണ്ഡലി— അങ്ങനെ പോരാ, ചേരുന്നെങ്കിൽ ചാക്കോച്ചൻെറ കോൺഗ്രസ്സിൽതന്നെ ചേരണം—അത്രേം പരിശുദ്ധമായ കോൺഗ്രസ്സില്ല.

തള്ള— എന്നാൽ ഒന്നുടെ ചേർന്നേക്കാം. പക്ഷെ മുമ്പേ ചേർന്നപോലെ കളിപ്പിച്ചേച്ചു പോവാൻപററുകില്ല ആളൊന്നിനു് അഞ്ചുരൂപാവീതം തരാമോ?

മണ്ഡലി— അതിത്തിരി കൂടുതലാ. ഒന്നുംരണ്ടും പേരെയല്ല പത്തുലക്ഷത്തിനെയാ ഞങ്ങഠംക്കു വേണ്ടതു്. അപ്പോ തുകയെന്താകും? രണ്ടുരൂപാവച്ചു് ഒതുങ്ങിയാട്ടെ. അതു് നിങ്ങളായിട്ടാ. നിങ്ങളേക്കാളും നല്ല കോൺഗ്രസ്സുകാർക്കുപോലും ഒന്നിൽകൂടുതൽ കൊടുത്തില്ല.

കുറപ്പ്— ശരി, എന്നാൽ രണ്ടുവീതം മതി.

അങ്ങനെ അത്താഴത്തിനു മുമ്പു വീണ്ടും പത്തുരൂപാകൂടി കുറപ്പിനു കിട്ടി. ഉറങ്ങാൻ കിടന്നപ്പോഠം കുറപ്പിൻെറ ഭാര്യയും പ്രാർത്ഥിച്ചു. "എൻെറ പൊന്നു ദൈവമേ ഈ തങ്കപ്പെട്ട കോൺഗ്രസ്സിനെ രക്ഷിക്കേണമേ!"

.... .... .... ....

പിറേറദിവസം ചാക്കോയുടേയും ചെറിയാൻെറയും പനമ്പള്ളിയുടേയും ഓരൊ പ്രസ്താവനകഠം പത്രത്തിൽവന്നു.

കേരളാകോൺഗ്രസ്സിൽ ഗ്രൂപ്പുവഴക്കില്ലെന്നും ഉണ്ടെന്നു തോന്നുന്നതു് കമ്മ്യൂണിസ്ററുകാർ നുണപരത്തുന്നതുകൊണ്ടാണെന്നുമായിരുന്നു അതിൻെറ സാരം!!

....0....


## ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈ: ലിമിററഡ്

**ആലപ്പുഴ.**

ഏ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസുകളിലായി

### 8,000 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി

ക്യാഷ്സെക്യൂറിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| A. | മാസം ഒന്നിനു് | 50 | ഇ. രൂപാവീതം | 40 | മാസം ഇ. രൂപാ | 2000 |
| B. | ,, | 30 | ,, | 40 | ,, | 1200 |
| C. | ,, | 25 | ,, | 40 | ,, | 1000x2 |
| D. | ,, | 20 | ,, | 40 | ,, | 800x2 |
| E. | ,, | 15 | ,, | 40 | ,, | 600x2 |

വയ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണു്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈവററ് ലിമിററഡ്
പാലസ്റോഡ്, ആലപ്പുഴ.

# മരാമത്തിൻെറ മൗലികം

## സങ്കരസർക്കാർ അതു മാനിക്കുമോ?

"പടവരുന്നു. പട്ടാളത്തെ വിളിക്കണം." വിയത്തൊലിച്ച് ഏങ്ങലടിച്ചുകൊണ്ട് പട്ടത്തിൻെറ പ്രൈവററുസിക്രട്ടറി ഓടിക്കയറി മുഖ്യമന്ത്രിയോട് പറഞ്ഞു. കോർപ്പറേഷൻതെരഞ്ഞെടുപ്പിൽ ഋഷികേശൻനായർ ഗർഭിണിയെ ചവുട്ടിയതിനു പ്രതിഷേധിക്കാൻ കമ്മ്യൂണിസ്റ്റ്—ആറെസ്പിക്കാർ ഘോഷയാത്ര നടത്തുന്നതിനെപ്പററിയാണ് സിക്രട്ടറി പറഞ്ഞതെന്നായിരുന്നു പട്ടം ധരിച്ചത്. "പട്ടാളമൊന്നും വേണ്ടാ. ഋഷികേശൻ നോക്കിക്കോളും. താൻ വിരളാതെ ജോലിനോക്കൂ." എന്നായിരുന്നു പട്ടത്തിൻെറ മറുപടി. "അയ്യോ ഇതു തോട്ടികളും തൂപ്പുകാരുമൊന്നുമല്ല. നമ്മുടെ പണക്കാരെല്ലാംകൂടെ ഇളകിവരികയാ." എന്നിട്ടും പട്ടത്തിനു ബോദ്ധ്യമായില്ല. പാലാബാങ്ക് തകർന്നതിനു കേന്ദ്രത്തെയല്ലാതെ സംസ്ഥാനസർക്കാരിനെ ആരും കുററപ്പെടുത്തിയതായി അറിഞ്ഞിരുന്നില്ല. ലഘുനിക്ഷേപപദ്ധതിക്കു ചില പണക്കാരെ അല്പം ഞെരുക്കിയെന്നുള്ളതൊഴിച്ചാൽ മൊത്തത്തിൽ പണക്കാർ പിണങ്ങേണ്ട കാര്യമൊന്നും ഉണ്ടായതായി അദ്ദേഹത്തിനു തോന്നിയില്ല. ചുരുക്കത്തിൽ സിക്രട്ടറി ഭ്രാന്തുപറയുകയാണെന്നാണ് അദ്ദേഹം തീരുമാനിച്ചത്. പക്ഷേ തീരുമാനം പെട്ടെന്നു മാറേറണ്ടിവന്നു. അത്യുച്ചത്തിലുള്ള മുദ്രാവാക്യം വിളികൾ അതിനകം സിക്രട്ടറിയേററിനെ ഉലച്ചുതുടങ്ങി.

"പി. ഡബ്ളിയൂ. ഡി—യെ തൊട്ടാൽ സർക്കാരിനെ തട്ടും." "എൻജിനീയറന്മാർ കൺട്രാക്ടരുടെ ബന്ധുക്കൾ" "സങ്കരസർക്കാർ നീതിനടത്തണം" "ജീവൻകൊടുത്തും സമരംനേടും" ഇത്യാദികളായിരുന്നു മുദ്രാവാക്യം. പട്ടം ജനാലയിൽക്കൂടി റോഡിലേക്കു നോക്കി. ഈയിടെപോലും ലക്ഷക്കണക്കിനു കൺട്രാക്ടുനേടിയ വൻകിട മരാമത്തുമുതലാളിമാരാണ് ഘോഷയാത്രയുടെ മുൻപന്തിയിൽ. ചെറുതും വലുതുമായ എൻജിനീയറന്മാർ, അതിൻപുറകിൽ എൻജിനീയറാഫീസിലെ ക്ലാർക്കന്മാർ, വക്കസൂപ്രണ്ടന്മാർ, കങ്കാണികൾ, ഓവർസീയറന്മാർ, ഇങ്ങനെ വരിവരിയായി ആ ഘോഷയാത്ര പുറകോട്ടു നീണ്ടുകിടക്കുന്നു.

ഒററപ്പാലം കെട്ടില്ല.
കെട്ടിടമൊന്നും പണിയില്ല.
റോഡുകളൊക്കെ കുഴിയാക്കും.
സങ്കരസർക്കാർ കരുതിക്കോ!

എന്നിങ്ങനെയുള്ള പടപ്പാട്ടുകളോടുകൂടി ഘോഷയാത്ര സിക്രട്ടറിയേററുവളപ്പിലേക്കു കടന്നു. പോലീസ് അവരെ തടഞ്ഞില്ല. പട്ടം തിടുക്കത്തിൽ പോലീസുമന്ത്രിയേയും ഐ. ജി—യേയും ഫോണിൽ വിളിച്ചെങ്കിലും പോലീസുകാർ ഘോഷയാത്രയെ ചെറുക്കാൻ കൂട്ടാക്കിയില്ല. ഗത്യന്തരമില്ലാതെ ഘോഷയാത്രയെ ഉപചരിച്ചു സ്വീകരിക്കാനും അവരുടെ അവകാശവാദം എന്താണെന്നു മനസ്സിലാക്കാനും പട്ടം ചീഫ്സെക്രട്ടറിയെ നിയോഗിച്ചു. ഒരു തടിയൻ മെമ്മോറാണ്ടവും അഞ്ചുപേരടങ്ങിയ ഒരു നിവേദകസംഘവും ഘോഷയാത്രക്കാർക്കുവേണ്ടി പട്ടത്തിൻെറ മുമ്പിൽ ഹാജരാക്കപ്പെട്ടു.

പട്ടം— ഇതിലെഴുതിയിരിക്കുന്നതിൻെറ രത്നച്ചുരുക്കം എന്താ? വിശദമായി വായിക്കാൻ ഇപ്പോൾ സമയമില്ല.

ഡപ്യൂട്ടേഷൻ— പി. ഡബ്ളിയൂ. ഡി—യിൽ അഴ!മതിയുണ്ടെന്നുള്ള സർക്കാരിൻെറ ആരോപണം പിൻവലിക്കണം. സസ്പെണ്ടുചെയ്തിരിക്കുന്ന ഇൻജിനീയറന്മാരെ നിരുപാധികം തിരിച്ചെടുക്കണം.

പട്ടം— കൈക്കൂലി മുതലായ ആരോപണങ്ങളാണ് അവരുടെപേരിലുള്ളത്.

ഡപ്യൂട്ടേഷൻ— അതിനെ ഞങ്ങൾ വെല്ലുവിളിക്കുന്നു. സർക്കാർ ഈ മൂന്നു എൻജിനീയറന്മാരുടെപേരിൽ നിഷ്പക്ഷമായ നീതികാണിച്ചിട്ടില്ല.

പട്ടം— ആരോപണം തെററാണെങ്കിൽ അതു തെളിയിക്കാനുള്ള എല്ലാ സൗകര്യവും അവക്കു ലഭിക്കും.

ഡപ്യൂ— അതല്ലാ ഇവിടെ പ്രശ്നം. ഈ ഘോഷയാത്രയിൽ കേരളത്തിലെ എല്ലാ ഇൻജിനീയറന്മാരും കൺട്രാക്ടറന്മാരും സിൽബന്ധികളും ഉണ്ട്. കൈക്കൂലികൊടുക്കാത്ത ഒരൊററ കൺട്രാക്ടർ ഞങ്ങളുടെയിടയിലില്ല. ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ സർക്കാരിനെ വെല്ലുവിളിക്കുന്നു. കൈക്കൂലിവാങ്ങാത്ത ഒററ എൻജിനീയറും ഈ ഘോഷയാത്രയിലില്ല. ഒരൊററ എൻജിനീയറെങ്കിലും അതിനു് അതീതനായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം.

പട്ടം:— മരാമത്തുവകുപ്പിൽ സകലരും അഴിമതിക്കാരാണെന്നാണോ നിങ്ങളുടെ വാദം?

ഡപ്യൂ:— അങ്ങേയ്ക്കു ധൈര്യമുണ്ടെങ്കിൽ അഴിമതിയില്ലാത്ത ഒററ ആളിനെയെങ്കിലും ചൂണ്ടിക്കാണിക്കണം. ഒരു ക്ളാർക്കിനേയോ ശിപായിയേയോ ആയാലും മതി.

പട്ടം:— എല്ലാവരും അഴിമതിക്കാരായതുകൊണ്ട് ചിലരെയെങ്കിലും മാതൃകാപരമായി...........?

ഡപ്യൂ:— അതാണ് അനീതി. ഭയങ്കരമായ അനീതി. ഒന്നുകിൽ മരാമത്തുവകുപ്പുകാരേയും ബന്ധപ്പെട്ടവരേയും മുഴുവൻ ശിക്ഷിക്കണം. അങ്ങനെ ആയാൽ രാജ്യത്തെ എല്ലാ പദ്ധതിയും സ്തംഭിക്കും. അതിനു ധൈര്യമില്ലെങ്കിൽ മരാമത്തുവകുപ്പിനെ തൊട്ടുകളിക്കാതെ മാറിനിൽക്കണം.

പട്ടം:— നിങ്ങളെ മാററിനിർത്തിയാൽ മററു വകുപ്പുകാർ എന്തുപറയും?

ഡപ്യൂ:— അതു ഞങ്ങളുടെ പ്രശ്നമല്ല. ഞങ്ങളെ ഇന്നുവരെയും ഒരു സർക്കാരും ഭയപ്പെടുത്തിയിട്ടില്ല— ഇനിഭയപ്പെടുത്താൻ അനുവദിക്കയുമില്ല. വേണ്ടിവന്നാൽ മരാമത്തു വകുപ്പുകാർ ഒരു വിമോചനം സംഘടിപ്പിക്കാൻവരെ ശക്തരാണെന്നുള്ളതു മറക്കരുത്.

പട്ടം:— അഴിമതിനിരോധന പ്രവർത്തനം അവസാനിപ്പിക്കണമെന്നാണു നിങ്ങൾ പറയുന്നതിൻെറ സാരം. ഇതു ഞാൻ മാത്രമായി തീരുമാനിക്കാവുന്ന കാര്യമല്ല. മന്ത്രിസഭകൂടി ഇന്നുതന്നെ അതേപ്പററി ആലോചിക്കാം. എന്തായാലും ഞാൻ നിങ്ങളുടെ ബാദ്ധ്യവാനാണ്. എനിക്കു് ഏഴുവർഷം ഭരിക്കണം.

ഡപ്യൂ:— മരാമത്തുകാരുടെ മൗലികാവകാശം മാനിക്കാൻ ശ്രദ്ധിക്കുമെങ്കിൽ ഞങ്ങൾ മുഖേന ആപത്തുണ്ടാകയില്ല. മററു വിപത്തുകൾക്കു ഞങ്ങൾ ഉത്തരവാദികളുമല്ല.

അനുഭാവപൂർവ്വമായ മറുപടികേട്ടുകൊണ്ടു ഡപ്യൂട്ടേഷൻ വിജയലഹരിയോടുകൂടി ഘോഷയാത്രയെ തിരികെ നയിച്ചു.

—:o:—

സരസൻ

# ഉപകാരസ്മരണ

പണ്ടീയെമ്മെസ് രാജാജിയുമൊ-
ന്നൊണ്ടൊരുസഖ്യംചെയ്തു വിചിത്രം!
മലയാളത്തിൽ കമ്മ്യൂണിസ്റ്റുകൾ
കൊലവിളിഭരണം തുടരുംകാലം
അതിലെതിരാളികളരിശംകൊണ്ടൊരു
സമരം ഹന്ത! തുടങ്ങീനാട്ടിൽ
വെളിയിലിറങ്ങി നടന്നീടാനും
പ്രചരണജോലി തുടങ്ങീടാനും
വഴിയില്ലാതഥ സമരക്കാരുടെ
വലയിൽപ്പെട്ടു കുഴഞ്ഞീയെമ്മെസ്
"നാട്ടാർ നമ്മെ കൊല്ലും മുമ്പെ
കൂട്ടിനുവരണേ വെളിയാളുകളേ!
ഞങ്ങടെ ചെയ്തികൾ നന്നെന്നോതി
ഭംഗിപറഞ്ഞു ഫലിപ്പിക്കേണേ!"
എന്നുപറഞ്ഞഥ നിലവിളികൂട്ടിയ
സംഗതികൾ രാജാജിയറിഞ്ഞു
"ഏതായാലും ബ്രാഹ്മണനല്ലേ!
നേതാവായൊരു മന്ത്രിയുമല്ലേ!
ആപത്തിങ്കൽപ്പെട്ടവനല്ലേ!
സ്നേഹത്തോടു വിളിച്ചതുമല്ലേ!'
ഏവംപലവിധമോർത്തു പതുക്കെ
പാവം കിളവനടുക്കൽച്ചെന്നു
പാർട്ടിക്കാരുടെ ചെയ്തികളെല്ലാം
കൂട്ടത്തോടെ ഗുണകരമാണതു
കൊള്ളാമെന്നു പ്രസംഗംചെയ്തെഴു
ന്നള്ളീ,യങ്ങേരുടനേതന്നെ
സമരംതീർന്നു. പൊളിഞ്ഞു പാർട്ടിക-
ളഖിലരുമണ്ടർഗ്രൗണ്ടിലൊളിച്ചു
കാലംചെറുതു കഴിഞ്ഞപ്പോൾ രാ-
ജാജിക്കും ചില കാര്യംവന്നു
താൻ പ്ലാനിട്ട സ്വതന്ത്രപ്പാർട്ടി
സ്ഥാനം നാട്ടിലുറപ്പിച്ചീടാൻ
ആളുപിടിച്ചു നടക്കുന്നേരം
ചാലേ പഴയ വിചാരംപൊങ്ങീ
'കേരളമൊന്നു കറങ്ങിപ്പോരാം
വീരസഖാക്കടെ സഖ്യംനേടാം
താനുപകാരം ചെയ്തവരല്ലേ
തന്നെയുമവരു സഹായിക്കില്ലേ
ഇങ്ങനെ മനസ്സിലുറപ്പിച്ചങ്ങേ-
രങ്ങനെനേരേ യാത്രതിരിച്ചു
ഒരുത്തരേയും കാണാഞ്ഞിട്ടാ
നിരത്തിലൂടേ വിളിച്ചുചൊല്ലി
"പണ്ടുപകാരം ചെയ്തവരാരാ-
നുണ്ടോകൂവേയിവിടെങ്ങാനും"
ഇതുകേട്ടണ്ടർഗ്രൗണ്ടിലിരിക്കു-
ന്നവർ തല വെളിയിൽ കാണിക്കാതെ
അവിടെയിരുന്നു വിളിച്ചുപറഞ്ഞു
"അളിയാ കഴിവില്ലൊന്നും ചെയ്യാൻ
കാര്യമതെല്ലാമന്നുകഴിഞ്ഞു
വൈരമതിനിയും പണ്ടേപ്പോലെ
'പൂശക'നാം നീ പൂശകനിനിമേൽ
'മൂഷികർ' ഞങ്ങൾ മൂഷികരിനിയും

—o—




രാജാജിയുടെ പ്രസ്സ്കോൺഫ്രൻസ്

# രാജാജി പേടിച്ചോടി

## പെരുന്നയിൽ നടന്ന മന്നം–രാജാജീ സമ്പർക്ക കഥ

വലിയ പ്രതീക്ഷകളോടുകൂടിയാണ് രാജാജി പെരുന്നയിലെത്തി മന്നത്തു പത്മനാഭനെ സന്ദർശിച്ചത്. പ്രായത്തിലും പ്രൗഢിയിലും ആദർശത്തിലും സ്വതന്ത്രാപാർട്ടിയിൽ ഒരു നേതാവാകുവാൻ മന്നത്തു പത്മനാഭനെപ്പോലെ മറ്റാരും കേരളത്തിലില്ലെന്നാണ് രാജാജി ധരിച്ചത്. വി. പി. മേനവൻ മുതൽ പേർ അങ്ങനെയാണ് ധരിപ്പിച്ചിരുന്നതും. മന്നത്തിനെകിട്ടിയാൽ കേരളം മുഴുവനായും സ്വതന്ത്രത്തിനുകിട്ടിയതായി കണക്കാക്കുകയും ചെയ്യാം. അതിനാൽ ഏതുവിധേനയും അദ്ദേഹത്തെ പാട്ടിലാക്കണമെന്നുള്ള ദൃഢനിശ്ചയമാണ് രാജാജിക്കുണ്ടായിരുന്നത്.

ശ്രീ. മന്നം സന്തോഷപൂർവം രാജാജിയെ സ്വീകരിച്ചു. സദാശിവൻ പിള്ള മുതലായ മന്നത്തിന്റെ അന്തേവാസികൾ ആദരപൂർവം അകലെമാറി ഒഴിഞ്ഞുനിന്നു. നേതാക്കന്മാർ സംഭാഷണം തുടങ്ങി. അഞ്ചുമിനിട്ടു സംസാരിച്ചുകഴിഞ്ഞപ്പോൾ മന്നം മുറ്റത്തുനില്ക്കുന്നവരിൽ ഒരാളിന്റെ നേരേ കണ്ണിറുക്കി ഏതോ അടയാളം കാണിച്ചു. ഉടൻതന്നെ അയാൾ പോക്കറ്റിൽനിന്നും ഒരു രസീതുബുക്കും വലിച്ചെടുത്തുകൊണ്ട് അകത്തു കയറി രാജാജിയെ സമീപിച്ചു വന്ദിച്ചു.

രാജാജി:– ഇദ്ദേഹം ഏതാ?

മന്നം:– ഇവിടത്തെ കരയോഗത്തിലെ ഒരു പ്രവർത്തകനാ. സംഭാവനയ്ക്കു വന്നതാണെന്നാ തോന്നുന്നത്. നവാബുകളും രാജാക്കന്മാരുമുള്ള പാർട്ടിയുടെ നേതാവാണെന്നു കേട്ടു വന്നിരിക്കയാ. എന്തെങ്കിലുമൊരു നക്കാപ്പിച്ച കൊടുത്താൽ വേണ്ടില്ല.

രാജാജി:– ഞാൻ സംഭാവനകൊടുക്കുന്ന കൂട്ടത്തിലല്ല. എങ്കിലും നിങ്ങളുടെ അംഗത്വം പാർട്ടിക്കുവേണമെന്നുള്ളതുകൊണ്ട് തൽക്കാലം നിഷേധിക്കുന്നില്ല. (മുറ്റത്തു നിന്നിരുന്ന പ്രൈവററ് സിക്രട്ടറിയേ വിളിച്ചിട്ട്) ഈയാൾക്കു ഒരു ആയിരം ഉറുപ്പികയുടെ ചെക്കുകൊടുത്തേക്കു.

കരയോഗം:– കരയോഗം അങ്ങയുടെ പേരിൽ തികച്ചും നന്ദിയുള്ളതായിരിക്കും. സ്വതന്ത്രാപാർട്ടിക്കു ഞങ്ങളുടെ സകല പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

മന്നം:– മതി. പണം വാങ്ങിക്കൊണ്ടുപോകൂ. പിന്തുണയുടെകാര്യമൊക്കെ ഞാൻ പറഞ്ഞോളാം. (രാജാജിയോട്) കരയോഗം എന്റെയുംകൂടെയാണെങ്കിലും ഈമാതിരി അനവസരത്തിൽ പിരിവിനു വരുന്ന ഏർപ്പാട് എനിക്കിഷ്ടമല്ല.

രാജാജി:– സാരമില്ല. അങ്ങയുടെ സംഘത്തിനുവേണ്ടി എന്തുചെയ്യാനും ഞാനും എന്റെ പാർട്ടിയും സന്നദ്ധമായിരിക്കും.

കരയോഗം പ്രവർത്തകൻ ചെക്കുവാങ്ങി ഒഴിഞ്ഞപ്പോൾ വീണ്ടും നേതാക്കന്മാർ ഗൗരവമുള്ള രാഷ്ട്രീയ സ്വകാര്യചർച്ചതുടങ്ങി. മുറ്റത്തുനിന്നവർക്കുകേൾക്കാൻ കഴിയാഞ്ഞതുനിമിത്തം ചർച്ചാവിഷയം എന്താണെന്ന് അറിഞ്ഞിട്ടില്ല. ഒരഞ്ചുമിനിട്ടുകൂടി കഴിഞ്ഞപ്പോൾ മന്നം മുററത്തേക്കുനോക്കി വേറൊരാളിന്റെ നേരേ കണ്ണുകാണിച്ചു. ഒട്ടും മടിക്കാതെ ഒരു രസീതുബുക്കുമായി അയാളും കയറിച്ചെന്നു രാജാജിയെ തൊഴുതു.

മന്നം:– (രസീതുകാരോട്) തനിക്കെന്താടോ ഇത്ര വകതിരിവുകേടുവന്നത്. ഇദ്ദേഹം ഒരതിഥിയല്ലേ—? അതിഥിയോടു സംഭാവന പിരിക്കാമോ? (രാജാജിയോട്) ഇയ്യാള് മലബാറിലെ നായർ കോളനിയുടെ പ്രവർത്തകനാണ്. കോളനിയാണെങ്കിൽ എനിക്കു വളരെ പ്രിയപ്പെട്ട ഒരു പ്രസ്ഥാനവുമാണ്. മറ്റെന്തെല്ലാം മുടങ്ങിയാലും കോളനിമുടങ്ങരുതെന്നാ ആഗ്രഹം. പക്ഷേ എന്തു ചെയ്യാനാണ് കാശിനു വലിയ ക്ഷാമം.



# ഐ. മു. വീണ്ടും പൊട്ടി

## തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുപ്പുപ്രമാണിച്ചുണ്ടായ ഒരു സംഭവവികാസം!

തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കമ്മ്യൂ–ആറെസ്പി ഐ. മു. തോററു. എന്നല്ലാ ദയനീയമായി തോററു! വോട്ടെണ്ണൽ തീർന്നദിവസം സഖാവു ശ്രീകണ്ഠൻ കൗമുദിബാലൻെറ ആപ്പീസിലെത്തി. ബാലനുണ്ടോ എന്നു ചോദിച്ചതിൽ കക്കൂസിൽ പോയിരിക്കയാണെന്നു മറുപടികിട്ടി. അതു കഴിഞ്ഞുവരുന്നതുവരെ ഇരിക്കാമെന്നു സഖാവും തീരുമാനിച്ചു. ആറേഴമിനിട്ടുകഴിഞ്ഞ് ഒരു ചട്ടക്കാരി സഖാവിൻെറ കസേരയിൽ ഉരസി പുറത്തേക്കു കടന്നു. അല്പംകഴിഞ്ഞ ബാലനും പ്രത്യക്ഷപ്പെട്ടു.

ശ്രീകണ്ഠൻ– നമ്മൾ തോററല്ലോ?

ബാലൻ– ഞാനാദ്യമേ പറഞ്ഞതല്ലിയോ? ഇവന്മാരുടെ കൂട്ടുവിട്ട് സങ്കരത്തിൽ ചേർന്നപ്പോഴല്ലിയോ അസംബ്ളിയിൽ ഒന്നെങ്കിലും കിട്ടിയതു്. ഇവിടെയും അതു മതിയായിരുന്നു. ഇപ്പോഴാണേൽ തോറെറന്നു മാത്രമല്ല പതിനായിരത്തിൻെറ കടവുമായി. അതെങ്ങനെ വീട്ടാനാ?

ശ്രീക– കടമോ? അതെങ്ങനെ? അതും ഈ വമ്പിച്ച തുകയ്ക്കു്?

ബാലൻ– ഇപ്പോഠം പോയ മദാമ്മയെ കണ്ടോ? എം. ആർ. എ. മദാമ്മയാ. കഴിഞ്ഞതവണ കൗമുദി മുടങ്ങിയപ്പോഠം ഞാനൊരു പതിനായിരം കടം ചോദിച്ചതു് രേഖകൂടാതെ തന്നോരാ. ഇപ്പം കോൺഗ്രസ്സിനെ എതിർത്തപ്പോഠം അതു തിരിച്ചുചോദിക്കാൻ വന്നതാ.

ശ്രീക– അപ്പോഠം താൻ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ ആളല്ല.

ബാലൻ– എന്നാരുപറഞ്ഞു? അദ്ധ്വാനിച്ചാലും കാശിനു കാശുവേണ്ടേ–?

---

എല്ലാരാഷ്ട്രീയത്തീന്നും വിരമിച്ച് ഇതിൻെറ പ്രവർത്തനത്തിനുതന്നെ ഇറങ്ങിയാലെന്താണെന്നാ ചിന്ത.

രാജാജി:– ഹെയ് അതു പാടില്ല. സ്വതന്ത്രപ്പാർട്ടിയിൽച്ചേർന്നു പ്രവർത്തിച്ചേ പററു. (സ്ക്രട്ടറിയേ നോക്കി) എടോ ഇയ്യാഠംക്ക് ഒരു അയ്യായിരത്തിനു ചെക്കുകൊടുത്തേക്കു.

ചെക്കുവാങ്ങി കോളനിക്കാരൻ പിൻവാങ്ങിയതോടെ രഹസ്യസംഭാഷണം വീണ്ടും തുടങ്ങി. അഞ്ചുനിമിഷം കഴിയുന്നതിനുമുമ്പായി മന്നം വീണ്ടും മുററത്തുനോക്കി കണ്ണിറക്കി. കൊഴുത്തുതടിച്ച ഒരു ഖദർധാരി കൂസലുകൂടാതെ ഒരു രസീതുബുക്കുമായി രാജാജിയുടെ മുമ്പിലെത്തി കൈകൂപ്പി.

മന്നം– വകതിരിവുകേട് കാണിക്കരുതെന്നുപറഞ്ഞാൽ മനസ്സിലാവുകില്ലേ–? (രാജാജിയോട്) കേട്ടോ മിസ്റ്റർ രാജാജീ ഇയാളാണു പാലക്കാട്ട് എൻജിനീയറിംഗ് കോളേജിൻെറ കമ്മററിയുടെ സിക്രട്ടറി. എഴുപതുലക്ഷം രൂപയാണ് ഉടനെ വേണ്ടതു്. എന്തുചെയ്യാനാണ്. എനിക്കാണെങ്കിൽ നല്ല സുഖവുമില്ല. പിന്നെ ഇവിടെവന്നു കയറുന്ന പലരുടെ ഔദാര്യത്തിലാണു നില. എന്നുവച്ചിട്ട് നിങ്ങളെന്തെങ്കിലും കൊടുക്കണമെന്നല്ലാ. സ്വതന്ത്രയിൽ ചേരണമെന്നാണ് എൻെറ ആലോചന. പക്ഷെ ഈ കോളേജിൻെറ കല്ലിടീലെങ്കിലും ഒന്നു കഴിഞ്ഞിട്ടേ നേരം കിട്ടു.

രാജാജി— ഞാൻ പണക്കാരനൊന്നുമല്ല. സ്വതന്ത്രാപാർട്ടിയോടുള്ള സ്നേഹംകൊണ്ടു് ഇറങ്ങിത്തിരിച്ചെന്നേയുള്ളു. എന്തു ത്യാഗം സഹിച്ചും നിങ്ങളെ കിട്ടണമെന്നുണ്ട്. കോളജിനു തൽക്കാലം ഒരു പതിനായിരം ഞാൻ തരാം. ബാക്കിക്കു ഞാനുംകൂടി ഒന്നു പിരിച്ചുനോക്കാം. (സിക്രട്ടറിയോട്) പതിനായിരത്തിൻെറ ചെക്കുകൂടി കൊടുത്തേക്കു.

മന്നം— വളരെ നന്ദി അങ്ങു യാത്രയാകുന്നതിനു മുമ്പ് ഇനിയും പിരിവുകാരാരും വന്നുകയറുകില്ലെന്നാ വിശ്വാസം.

രാജാജി— (അന്ധാളിച്ച്) ഇനിയും വരാനുണ്ടെന്നോ?

മന്നം– (മുററത്തുനിൽക്കുന്ന സദാശിവൻപിള്ളയെ നോക്കി) എന്തെടോ മിഴിച്ചു നിൽക്കുന്നതു്? വല്ലതും പറയാനുണ്ടെങ്കിൽ പറയു. ഇദ്ദേഹം പോകാനൊരുങ്ങുകയാ.

സദാശിവൻപിള്ള– (മുറിക്കകത്തു കയറിയിട്ട്) ഇദ്ദേഹത്തിൻെറ പുറന്നാളാഘോഷം രണ്ടുമാസത്തിനകം നടക്കും. മന്നംനിധി എന്നൊരുനിധി അന്നു കൊടുക്കുന്നുണ്ട്. പതിനയ്യായിരമാ കുറഞ്ഞ സംഭാവന വച്ചിരിക്കുന്നതു്.

രാജാജി– ഞാനിറങ്ങുകയാ. നിങ്ങഠം കോൺഗ്രസ്സിൽതന്നെ നിന്നോളുകയാ ഭംഗി.

സ്ക്രട്ടറിയേയും വിളിച്ചുകൊണ്ടു തിരിഞ്ഞുപോലും നോക്കാതെ രാജാജി ഇറങ്ങിപ്പോയി. ....0....



## — ആര്യകലാനിലയം —

ആലപ്പുഴ.

നവീനരീതിയിലുള്ള നൃത്തങ്ങൾ!

ററി. ആർ. ഓമന തുടങ്ങിയ സിനിമാതാരങ്ങൾ അണിനിരക്കുന്നു.

നൃത്തസംഗീതഹാസ്യ കഥാപ്രസംഗം

By ബേബി, ആര്യകലാനിലയം.

സംവിധാനം: രാമുണ്ണി.




ഞാനാദ്യമേ പറഞ്ഞതാ എം. എൻ. പറേന്നതു വിശ്വസിക്കരുതെന്നു്.

ശ്രീക— അയാളു പറഞ്ഞതു് തിരുവനന്തപുരമെങ്കിലും ഭരിക്കാമെന്നാ.

ബാലൻ— പറഞ്ഞ ചതിച്ചേന്നു് അയാളോടൊന്നു ചോദിച്ചേ വിടാവൂ. നമ്മുടെ കമ്മ്യൂണിസ്റ്റ് ഐക്യം വിട്ടാൽ മദാമ്മ രൂപാ ക്ഷമിക്കും. അല്ലാതെ രക്ഷയില്ല.

ശ്രീക— എന്നാൽ ഞാനൊന്നു പോയിട്ടുവരാം.

ശ്രീകണ്ഠൻ കോപിച്ചിറങ്ങി. മേശതുറന്നു് മദാമ്മയുടെ പടവും നോക്കിക്കൊണ്ടു് ബാലൻ സുഖിച്ചിരുന്നു. ശ്രീകണ്ഠൻ ചീറിപ്പാഞ്ഞു് എൻജിനീയറിംഗുകോളേജുജംഗ്ഷനിൽ എം. എൻ.-ൻെറ വസതിയിൽ ഇരച്ചുകയറി. ദേവകിപ്പണിക്കർ വരാന്തയിലിറങ്ങിനിന്നു.

ശ്രീകണ്ഠൻ— എം. എൻ. ഉണ്ടോ? അത്യാവശ്യമായി ഒന്നു കാണണം.

ദേവകി— അൽപ്പം മുമ്പേ ഇറങ്ങിപ്പോയി. ഇന്നു വരുന്ന ലക്ഷണമില്ല.

ശ്രീക— അത്താഴമുണ്ടോ? അയാളെ കാണാതെ ഞാൻ പോകുന്നില്ല.

ദേവകി— അങ്ങേർക്കു കഞ്ഞിയാ പതിവു്.

ശ്രീക— മതി. ഉള്ളതിങ്ങെടുക്കു. അയാളൊന്നു പട്ടിണികിടക്കട്ടെ.

ദേവകിപ്പണിക്കർ കഞ്ഞിക്കലം എടുത്തു കാണിച്ചു. ശ്രീകണ്ഠൻ അതു വാങ്ങി നിന്നനിൽപ്പിൽ മുഴുവൻ മോന്തി. കൈകഴുകാൻവച്ചിരുന്ന പച്ചവെള്ളവും അതിനുപുറകേ കുടിച്ചു. ദേവകിപ്പണിക്കർ അത്ഭുതപ്പെട്ടു നോക്കിനിന്നു.

ശ്രീക— അയാൾ ഒളിവിൽ പോയതായിരിക്കും.

ദേവകി— ഇപ്പോൾ അതിൻെറ ആവശ്യമില്ലല്ലോ?

ശ്രീക— ആറെസ്പിയെ ചതിച്ചവൻ ഒളിക്കാതെന്തുചെയ്യും? 43-ൽ 40-ം കിട്ടുമെന്നാ അയാൾ പറഞ്ഞതു്. എന്നിട്ടെന്താ കിട്ടിയതു്. വഞ്ചിയൂരിൽ ഒരു വയററുകണ്ണിത്തോട്ടിച്ചിക്കു് ഒരു ചവിട്ടുമാത്രം കിട്ടി. ബാലനു പതിനായിരംരൂപാ കടവുമായി. ഇതിനെല്ലാം എം. എൻ. വേണം സമാധാനം പറയാൻ.

ദേവകി— എനിക്കിതൊന്നും അറിഞ്ഞുകൂടാ. ഇരിക്കുന്നെങ്കിൽ ഇരിക്കാം. അരിവയ്ക്കണമെങ്കിൽ വച്ചുതരാം. അദ്ദേഹം ഏതായാലും ഇന്നു വരുമെന്നു തോന്നുന്നില്ല.

ശ്രീക— വരുമ്പം വരട്ടെ, ഞാൻ പോണില്ല. അരിവച്ചുതന്നാൽ ഉണ്ണാം. ഇല്ലെങ്കിൽ പട്ടിണിയിരിക്കാം. ഏതായാലും ആ ചതിയനെ കണ്ടിട്ടേ പോകുന്നുള്ളു.

ദേവകിപ്പണിക്കർ ഗത്യന്തരമില്ലാതെ പരുങ്ങി. സഖാവിനോടു സാമം പറഞ്ഞാൽ ഫലിക്കില്ലെന്നു മനസ്സിലായി. അവസാനം തട്ടിൻപുറത്തേക്കു ദയനീയമായി നോക്കി. തൂണിൽനിന്നും നരസിംഹം ഇറങ്ങിയതുപോലെ തട്ടിൻപുറത്തിൻെറ കതകുതുറന്നു് സഖാവു് എം. എൻ. താഴെച്ചാടി.

ശ്രീക— (ചൊടിച്ചു്) താനെന്താടോ ഈ ചതിവുകാണിച്ചതു്?

എം. എൻ— ക്ഷമിക്കു് ശ്രീകണ്ഠാ. തോററതെൻെറ കുററമാണോ? ജയിക്കുമെന്നാ വിചാരിച്ചതു്.

ശ്രീക— തൻെറക്കൂടെ കൂടാതിരുന്നെങ്കിൽ എന്തെല്ലാം ലഭിക്കാമായിരുന്നെന്നു തനിക്കറിയാമോ? ഒന്നാമതു് ജയിച്ചകൂട്ടത്തിൽ ഞങ്ങളും കണ്ടേനം. പിന്നെ പലതും.

എം. എൻ— ഇപ്പം തോററുപോയല്ലോ!

ശ്രീക— അതുകൊണ്ടു് എൻെറ കൂട്ടുപിരിഞ്ഞെന്നു പറയാനാ വന്നതു്.

എം. എൻ— പിരിഞ്ഞോ! സമ്മതമാ. പക്ഷേ ശ്രീകണ്ഠാ, അദ്ധ്വാനിക്കുന്നവർഗ്ഗത്തിൻെറ പാർട്ടിയാ നമ്മുടേതു്.

ശ്രീക— പോടോ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ വീട്ടിൽ ഞാനും പോയിട്ടുണ്ടു്. അവിടെങ്ങും അത്താഴം കഞ്ഞിയല്ല. പിന്നെ തൻെറക്കൂടെ കൂടിയവകയിൽ ബാലൻെറ നഷ്ടം താനറിഞ്ഞോ? പതിനായിരം രൂപയും ഒരു മദാമ്മേം! വേണ്ടാ ഇനി ഈ കൂട്ടുവേണ്ടാ. അദ്ധ്വാനിച്ചാൽമാത്രംപോരാ, വല്ലതും കിട്ടുകേം കൂടെവേണം. അതിനുള്ള പാർട്ടിയാ ആറെസ്പി! മനസ്സിലാക്കിക്കോ. ഞാനിറങ്ങുകയാ. തൻെറ കഞ്ഞിവേണ്ടാ ബാലൻറവിടെ ചോറുകാണും.

എം. എൻ— എന്നാലാകട്ടെ.

....o....




★ ഹമീഡ്യ ജർദാ ★

സുഗന്ധ ഔഷധപ്പുകയില

താംബൂലാവശ്യത്തിനു് അനുയോജ്യവും തൃപ്തികരവുമാണു്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാർക്കു് ലേബൽ പരിശോധിച്ചു വാങ്ങുവിൻ. വ്യാജനിർമ്മാണം കണ്ടു വഞ്ചിതരാകരുതു്.

നിർമ്മാതാക്കൾ— കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ-ആലപ്പുഴ.

Phone No. 632. P. B. No. 188.


കനാൽ ജലത്തർക്കം തീർന്ന് —
കാഷ്മീർ പ്രശ്നപരിഹാരം
കാഷ്മീർ പ്രശ്നം തുടങ്ങി മറ്റുപ്രശ്നങ്ങളിലേക്കു കടക്കുമ്പോൾ

# പതിനൊന്നിന്റെ പരിദേവനം!

[ഒന്നും ചെയ്യാതെ സസ്പെൻറിൽ നിർത്തിയിരിക്കുന്ന വിദ്യാഭ്യാസബില്ലിലെ പതിനൊന്നാം വകുപ്പിന്റെ അന്ത്യാപേക്ഷ]

(വാണക്കുററി)

ബില്ലെന്നപേരിൽ പിറന്നു—നല്ല
കല്ലുണ്ടപോലെയിരുന്നു.
ചെല്ലമായ്ത്തന്നെ വളന്നു—പക്ഷേ
പുല്ലായ് ഗണിച്ചിന്നകന്നു.
എന്നെപ്പടച്ചവർ പോയി—പിന്നെ
വന്നവർക്കന്യ ഞാനായി.
കഷ്ടമേ കീറിയുപേക്ഷി—ച്ചൊരു
മുട്ടിയായ് ഞാൻ നിറം മാറി.
ഞാനുയിർപ്പെററതിൽ പിന്നീ—ടെത്ര
നൂതനബില്ലുകളുണ്ടായ്.
എല്ലാരേം കെട്ടിച്ചയച്ചു—എന്നെ
നിർല്ലജ്ജമൊററതിരിച്ചു.
ഇഷ്ടമില്ലെങ്കിലോ വേണ്ട—എന്നെ
ക്കെട്ടാനൊരുത്തനും വേണ്ട
കൊന്നേക്കുവി,നില്ല ഖേദം—ഏവം
വല്ലാതെ നിൽക്കയിൽഭേദം.
വല്ലോരും നോക്കുമോ മേലിൽ—എന്റെ
യൗവ്വനം പോകുന്ന നാളിൽ.
അത്രവിരൂപിയായീഞാൻ—നിങ്ങൾ
ക്കിത്രവെറുപ്പു വരുവാൻ.
പ്രായം തികഞ്ഞങ്ങിരുന്നാൽ—പെണ്ണു
പേയാകും കാലം കഴിഞ്ഞാൽ
പേരുദോഷങ്ങളുമുണ്ടാ—മതു
തീരാക്കളങ്കമായ് തീരാം.
കട്ടിലൊഴികയുമില്ല—ചത്തു
കെട്ടിയെടുക്കയുമില്ല.
കൈക്കൊള്ളാൻ പേടിയതിന്റെ–പേരിൽ
സസ്പെന്റിലാക്കി വെറുതെ
ഒന്നുകിൽ കെട്ടിച്ചയപ്പിൻ—എന്നെ
യല്ലെങ്കിൽ ചുട്ടങ്ങെരിപ്പിൻ
എന്മനം ചുട്ടുപറഞ്ഞാൽ—നിങ്ങ
ളെല്ലാമൊരുപോൽ മുടിയും.
കാര്യമില്ലാതെ പടച്ചു—മുണ്ട
ശ്ശേരി ഗുണംപിടിക്കില്ല.
പിന്നെയിന്നെന്നെത്തൊടാത്ത—നിങ്ങ
ളെല്ലാം...ഞാൻ പ്രാകുമേ!...വേണോ?

...o...


സന്ദർശിക്കുവിൻ! സന്ദർശിക്കുവിൻ!!
നിങ്ങളുടെ
ഹോട്ടൽ
ഹരിഹരഭവൻ
(ബ്രാഹ്മിൻസ്)
പ്രൈവററ് ബസ്സ്സ്റ്റാൻഡിനു സമീപം,
കായംകുളം.

എല്ലാഇനം ജൗളിത്തരങ്ങളും
കുറഞ്ഞ വിലയ്ക്കു് കിട്ടുന്നതിനു്
ഞങ്ങളെ സമീപിക്കുക
ഗീതാസ്
ഓച്ചിറ.
Prop: ബി. കെ. കുറുപ്പ് & ബ്രദർ.

# രണ്ടു മഹാവാരങ്ങൾ കഴിഞ്ഞു

എൻ.പി.

ഇതു വാരങ്ങളുടെ കാലമാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ടുകാരുടെ മര്യാദവാരം—ആരു നിശ്ചയിച്ചതായാലും കൊള്ളാം, നിശ്ചയിച്ച ആൾ ബുദ്ധിമാനാണ്—വാരത്തിനു മുൻപും പിൻപും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ, മര്യാദവേണമെന്ന് നിർബന്ധമില്ലെന്നാണു സൂചന. ബ്ളോക്കു ഹെഡ്ഡുകളുടെ ശീമക്കൊന്നവാരം—ഇന്നുവരെ അതു് എന്താണെന്ന് ആർക്കും മനസ്സിലായിട്ടില്ല. വനമഹോത്സവവാരം—വനങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ കഴിവുള്ളിടത്തോളം വെട്ടിമുറിച്ച്, ഒളിച്ചു നാട്ടിലേക്കു കടത്തിയിട്ടും അവ നിന്ന സ്ഥലങ്ങൾ കൈവശപ്പെടുത്തി, പിന്നെയും അവിടെങ്ങാനും വല്ല വൃക്ഷങ്ങളും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവ ഭസ്മീകരിച്ച് തീയിട്ടു ചുട്ടും മഹോത്സവം ആഘോഷിക്കണമെന്ന് ഏതോ ഒരു മുൻഷി പണ്ടൊരുകാലത്തു് നിർദ്ദേശിച്ചതു് ഇന്നും അഭംഗുരം നടന്നുവരുന്നു. നഗരമദ്ധ്യങ്ങളിലാണ് വനമഹോത്സവാഘോഷങ്ങളുടെ പ്രകടനം! കുന്നുംകുഴിയുമായി കിടക്കുന്ന തലസ്ഥാനനഗരിയിലെ ഹജൂർപറമ്പിൽ അന്നൊരു കുഴിയെടുത്തു് ഒരു മഹാസദസ്സു മുഴക്കുന്ന ഹർഷാരവങ്ങൾക്കിടയിൽ രാജ്യോന്നമനത്തിൽ അതീവതല്പരനായ ഭരണാധികാരി ഒരു മാവിൻതയ്യോ പ്ളാവിൻതയ്യോ നട്ടു. ഒരു വെള്ളിസ്പൂണിൽ ഒരു സ്പൂൺ വെള്ളമൊഴിക്കും, അവിടം ഒരു ദണ്ഡകാരണ്യമാവട്ടെ എന്ന പ്രാർത്ഥനയോടെ. ഓ, ഒരബദ്ധം പറഞ്ഞു. കുഴി പുതിയതായി എടുക്കേണ്ട ആവശ്യമില്ല, പഴയ കുഴിയുണ്ടു്. വനമഹോത്സവം തുടങ്ങിയ കാലംമുതൽ ഓരോ വർഷവും മുൻ ഭരണാധികാരികൾ അതേ കുഴിയിൽതന്നെയാണ് തൈവച്ചു വനമഹോത്സവം ആഘോഷിച്ചതു്. തൈവച്ചതിനുശേഷം ആഘോഷസമേതം ഉദ്യോഗസ്ഥാനുദ്യോഗസ്ഥസഞ്ചയത്താൽ പരിസേവിതനായി, ഒരു മഹായജ്ഞം നിർവഹിച്ച സംതൃപ്തിയോടെ ഭരണാധികാരി തിരിച്ചു രഥത്തിൽകയറി ഉപവിഷ്ടനാകുന്നതിനു മുമ്പുതന്നെ ഏതെങ്കിലും ഒരു അജശ്രേഷ്ഠൻ ആ മഹാവനം ഒരു കമ്മിനു് ഉള്ളിലാക്കി നടന്നുകഴിയും. 'പക്ഷെ എല്ലാ വാരങ്ങളും ആഘോഷിക്കുവാൻ ഉദ്യോഗസ്ഥന്മാർക്കു് ഉത്സാഹമാണ്. എന്തെന്നാൽ വാരങ്ങളുടെയെല്ലാം അടിയിൽ കുഴപ്പമില്ലാത്ത കുംഭകോണങ്ങൾക്കു സൗകര്യമുണ്ടു്—പിന്നെയും കിടക്കുന്നു ചെറുകിടവ്യവസായവാരം, എൻ. ബി. എസ്സ്-കാരുടെ പുസ്തകവാരം തുടങ്ങി അനേകം വാരങ്ങൾ. ചില പൊതു നേതാക്കന്മാർ ഇടയ്ക്കിടെ ഉറക്കത്തിൽ നിന്നുണർന്നു് പത്രദ്വാരാ ആഹ്വാനം ചെയ്യാറുണ്ടു്, ബഹുജനങ്ങളെ ഏതെങ്കിലും ഒരു കുന്ത്രാണ്ടത്തിൻെറ പേരിൽ പ്രതിഷേധവാരം ആചരിക്കാൻ. ഉള്ള 52 വാരങ്ങളും തികയാത്തമട്ടിൽ വളർന്നിട്ടുണ്ടു് വാരങ്ങൾ.

കമ്പം കൂടല്ലൂർ വഴി കുമളിയിലെത്തിയ ഞാൻ കണ്ട കാഴ്ച ഭയങ്കരമായ ഒന്നായിരുന്നു. കള്ളത്തേവന്മാർ കൂട്ടംകൂട്ടമായി ആനക്കൊമ്പുകളും വഹിച്ചുകൊണ്ടു് മലതാണ്ടി പാണ്ടിയിലേക്കിറങ്ങുന്നു. എവിടെനിന്നാണ് ഇത്രയും ആനക്കൊമ്പുകൾ ഒന്നിച്ച്. അവരോടു ചോദിക്കാൻ ധൈര്യംവന്നില്ല. കേരളത്തിലേക്കു കടന്നു കാടുകളിലെങ്ങും ശബ്ദമേയില്ല. അങ്ങോട്ടു പോയപ്പോൾ പക്ഷികളുടെ കർണ്ണാനന്ദകരമായ കളകളനാദം. ഇപ്പോൾ ഒരു ചീവീടുപോലും ചിലക്കുന്നില്ല. അപ്പോഴുണ്ടു് വേറൊരുകൂട്ടം ആളുകൾ. ചിലരുടെ കയ്യിൽ തോക്കുണ്ടു്, പിന്നാലെ വരുന്നവരെല്ലാം കലമാൻ, മ്ളാവ്, തുടങ്ങിയ അനവധി ജന്തുക്കളുടെയും, കാട്ടുകോഴി തുടങ്ങിയ പക്ഷികളുടെയും മൃതദേഹങ്ങൾ കെട്ടിയെടുത്തിട്ടുണ്ടു്. അങ്ങനെ അനവധി സംഘങ്ങൾ.

ഇത്രമാത്രം ഇവർക്കൊന്നിച്ചെങ്ങിനെ വേട്ടയാടാൻ കഴിഞ്ഞു. എക്സ്പ്ളനേഷൻ അതിലെ കടന്നുവന്ന ഒരു മലയരയനോടു ഞാൻ ചോദിച്ചു. അവർ പറയുന്ന കാര്യങ്ങൾകേട്ടു ഞാൻ വാപൊളിച്ചിരുന്നുപോയി. രാഷ്ട്രപതി രാജേന്ദ്രപ്രസാദുമുതൽ രാഷ്ട്രീയോപജീവി കുട്ടാണ്ടിവരെയുള്ള മഹാത്മാക്കൾ നിത്യമെന്നവണ്ണം കുറഞ്ഞുവരുന്ന തങ്ങളുടെ സംരക്ഷണക്കാര്യത്തിൽ പൊതുജനശ്രദ്ധ ആകർഷിക്കുവാൻ ഒരു വാരം ആഘോഷിക്കുവാൻ ആഹ്വാനംചെയ്തിരിക്കുന്നുവെന്നും ആ വാരത്തിൽ റേഡിയോവിൽകൂടി പ്രസംഗങ്ങളും പത്രത്തിൽക്കൂടി ലേഖനങ്ങളും മൈക്കിൽക്കൂടി പ്രസംഗങ്ങളും ഉണ്ടാവുമെന്നും പത്രദ്വാരാ അറിഞ്ഞു് ആനമുതൽ എലിവരെയുള്ള മൃഗങ്ങളും കഴുകൻമുതൽ കുരുവിവരെയുള്ള പക്ഷികളും മൃഗവും പക്ഷിയുമല്ലാത്ത വവ്വാലുകളും ദീർഘമായി ഒന്നു നിശ്വസിച്ചു. നിശ്വസിച്ചുപോകും. എന്തെന്നാൽ മീനച്ചിൽകാരും കാഞ്ഞിരപ്പള്ളിക്കാരും തൊടുപുഴക്കാരുമെല്ലാം അവരെ കൊന്നുതിന്നുകയാണ്. അവരുടെ പാർപ്പിടങ്ങൾ അക്രമിച്ചെടുത്തു് അവരെ കുടിയിറക്കുകയാണ്. ആനകളേപ്പോലും ഓടിച്ച് മലയുടെ പാണ്ടിഭാഗത്തേക്കുവിട്ടു. നോക്കിയിരിക്കുകയാണ് കള്ളത്തേവന്മാർ, അവയെ വെടിവച്ചുകൊന്നു കമ്പിപഴുപ്പിച്ചുവച്ചു കൊമ്പെടുക്കാൻ. വല്ല ആനയും ഞാൻ പോകുന്നില്ലെന്നുപറഞ്ഞു് സത്യഗ്രഹത്തിനുനിന്നാൽ അക്രമിയായ ആന ആളുകളുടെ കുടിയിളക്കി എന്നെല്ലാം പത്രത്തിലെഴുതിച്ച് സർക്കാരിനേക്കൊണ്ടു വെടിവയ്പിച്ചു കൊല്ലും. കുടിയേറിപ്പാർപ്പുകാരിൽചിലരുടെ പെണ്ണുങ്ങളുടെ അന്തക്കപ്പായങ്ങളുടെ ഫ്രാണമേററുതന്നെ ഒട്ടനവധി വന്യമൃഗങ്ങളും പക്ഷികളും ചത്തുപോയിട്ടുണ്ടു്. മലബാറിലെ ജന്മികളുടെ കാടുകളിൽപോയി വല്ലവിധവും കഴിഞ്ഞുകൂടാമെന്നുവച്ചാൽ, അവിടെയും രക്ഷയില്ല, തിരുവിതാംകൂറിൽനിന്നുചെല്ലുന്ന "ചേട്ടന്മാർ" വാങ്ങിക്കഴിഞ്ഞു. അതാണവസ്ഥ. പിന്നെ എങ്ങിനെ നിശ്വസിക്കാതിരിക്കും. തലസ്ഥാനനഗരിയിൽ ഒരു ജാഥ സംഘടിപ്പിച്ചുവെന്നും ഒരു

ബഹുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വന്യമൃഗസംരക്ഷണയോഗത്തിൽ അദ്ധ്യക്ഷൻതന്നെ മനുഷ്യന്റെ ക്രൗര്യംകൊണ്ടു് കഴിഞ്ഞ ഒരു നൂററാണ്ടിനകം അനേകം ജന്തുക്കൾ നാമാവശേഷമായിട്ടുണ്ടെന്നും, ആഫ്റിക്കയിലെ ബ്ളൂബക്ക്, ബർഷൽ സീബ്രാ, ക്വാഗാ, ആസ്ട്രേലിയായിലെ ഗ്രേററ് ഓക്ക്, ഡോഡോ, സമുദ്രപ്പശു, അമേരിക്കയിലെ സഞ്ചാരിപ്രാവു്, ഇൻഡ്യയിലെ നായാടിപ്പുലി, ഇരട്ടക്കൊമ്പൻ കാണ്ടാമൃഗം, മാന്തളിർവർണ്ണത്തലയൻ കാട്ടുതാറാവു്, മലങ്കയിൽ ഇവ ചില ഉദാഹരണങ്ങൾ മാത്രമാണെന്നും മററും കാണിച്ചു് ശോകസങ്കുലമായ ഒരു പ്രസംഗം ചെയ്തുവെന്നും പ്രസംഗത്തിന്റെ അന്ത്യത്തിൽ വന്യമൃഗങ്ങളോടു് പരസ്യമായി ക്ഷമായാചനം ചെയ്യുകകൂടി ഉണ്ടായി എന്നും, സദസ്യരായ ഉദ്യോഗസ്ഥന്മാരുടെ കണ്ണുകളിൽ നിന്നും ഉണക്കത്തേങ്ങാവലിപ്പത്തിൽ കണ്ണുനീർ ഉരുണ്ടുവീണു എന്നും മററും റേഡിയോമുഖേന അറിഞ്ഞ വന്യമൃഗങ്ങളും പക്ഷികളും വവ്വാലുകളും, ഇടനാടൻപെണ്ണുങ്ങൾ കുളിച്ചൊരുങ്ങി ഓണത്തിനു പററംപററമായി സിനിമാകാണാനിറങ്ങുന്നതുപോലെ കാടുകളിൽനിന്നും മേടുകളിൽനിന്നും വനങ്ങളിൽനിന്നും പൊന്തുകളിൽനിന്നും കുഞ്ഞുങ്ങളേയും കുട്ടികളേയും പെറുക്കിയെടുത്തുകൊണ്ടു് ഘോഷയാത്രയായി ഇറങ്ങി. അയൽസംസ്ഥാനമായ മദ്രാസിൽത്തന്നെ വന്യമൃഗങ്ങളുടെ ഗംഭീരമായ ഒരു ഘോഷയാത്ര ഉണ്ടായിരുന്നുവെന്നും, ഒരു മന്ത്രിയായിരുന്നു ആ ഘോഷയാത്ര നയിച്ചതെന്നും, മന്ത്രിയും ആനയും ഒഴിച്ചുള്ളവയെല്ലാം കൂടുകളിലായിരുന്നുവെന്നുംകൂടി അറിഞ്ഞപ്പോൾ ഘോഷയാത്രക്കാരുടെ ഉത്സാഹം വർദ്ധിച്ചു. ആന അമറി, കടുവാ അലറി, കടമാൻ കരഞ്ഞു, കരടി ശബ്ദിച്ചു. ഊളൻ കൂവി, കുരങ്ങു ചിലച്ചു, മൂങ്ങാ മൂളി, കുയിൽ പാടി—കള്ളത്തേവന്മാർ, കരിംകുരങ്ങുരസായനക്കാരൻ, കാട്ടുപൂച്ചലേഹ്യക്കാരൻ, അജമാംസകഷായക്കാരൻ, തുകൽപ്രേമികൾ, ഇറച്ചിവേണ്ടവർ, എല്ലാവരും ഘോഷയാത്രക്കാരുടെനേക്കൊരു കുതികുതിച്ചു. എം. എസ്. പി–ക്കാരുടെ മുമ്പിൽനിന്നും വിമോചനന്മാർ എന്നപോലെ മൃഗങ്ങൾ ഓടി. പക്ഷികൾ പറന്നു—വന്യമൃഗസംരക്ഷണാഘോഷവാരം കഴിഞ്ഞു് എണ്ണിനോക്കിയപ്പോൾ വാരത്തിൻമുമ്പുണ്ടായിരുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും മൂന്നിൽ ഒന്നേ ഉണ്ടായിരുന്നുള്ളുവത്രേ.

എന്നാലിനി ദേശീയശുചിത്വാചരണവാരാഘോഷപരിപാടികൾ ഒന്നു കണ്ടുകളയാമല്ലോ എന്നു കരുതി ഞാൻ അടുത്ത പട്ടണത്തിലേക്കു തിരിച്ചു. മഹാത്മാഗാന്ധിയുടെ ജന്മദിനം ശുചിത്വാചരണദിനമായി ആഘോഷിക്കാൻ തീരുമാനിച്ച കേന്ദ്രനെയും സംസ്ഥാനന്മാരെയും ഞാൻ അഭിനന്ദിച്ചു. ഉള്ളാണു് ശുചിയാകേണ്ടതു്—സാദ്ധ്യമല്ല—പുറമെങ്കിലുമാകട്ടെ.

റോഡിൽക്കൂടി ആളുകൾ ധാരാളു് പോകുന്നുണ്ടു്—യോഗസ്ഥലത്തേക്കാണു്. ഒരു രണ്ടുനിലക്കെട്ടിടത്തിന്റെ മുകളിൽനിന്നും ആരോ ഒരാൾ കെട്ടാത്ത ഒരു കടലാസുപൊതിയെടുത്തു് റോഡിലേക്കു് എറിഞ്ഞു. എന്റെ മുമ്പിൽക്കൂടി നടന്നുപോയ ഒരു മാന്യന്റെ തലയിൽത്തന്നെ വന്നു വീണു, അതു്. പൊതിക്കുള്ളിൽനിന്നും രസായനംപോലെയുള്ള എന്തോ ഒന്നു് അയാളുടെ തലയിലും ഉടുപ്പിലും വീണു. വീണ സാധനത്തിന്റെ നിറവും കോപത്തോടെ ആ മാന്യൻ ആ മാളികയിലേക്കു നോക്കുന്നതും കണ്ടപ്പോൾ എനിക്കു മനസ്സിലായി ആ സാധനമെന്താണെന്നു്. ഏതോ അമ്മ ഓമനശിശുവിന്റെ കണ്ടിവെണ്ണ കടലാസിൽപൊതിഞ്ഞു് പതിവുപോലെ ഉടയോനില്ലാത്ത റോഡിലേക്കിട്ടതാണു്. എളുപ്പംനോക്കിയിട്ടു. ദുരുദ്ദേശമൊന്നുമില്ല. ഞാൻ പൊട്ടിച്ചിരിച്ചുപോയി.



റോഡുമുഴുവൻ തുണ്ടുകടലാസ്. പതിവിൽ കൂടുതൽ കടലാസുതുണ്ടുകൾ കണ്ടതിന്റെ കാര്യം ഒരാൾ പറഞ്ഞുതന്നു.

തലേന്നാൾ നഗരസഭയിൽനിന്നും കുറെനോട്ടീസുകൾ വിതരണം ചെയ്തുവത്രേ. ഗൃഹവും നഗരവും ശുചിയായി സംരക്ഷിക്കുന്നതിനു് ഓരോ പൗരനും ഉള്ള കടമയെപ്പററി ഒരാഹ്വാനം, അടുത്തദിവസത്തെ യോഗത്തെപ്പററിയുള്ള ഒരു വിവരണം, യോഗം കഴിഞ്ഞാലുടൻ മന്ത്രിയും നഗരസഭാദ്ധ്യക്ഷനും റോഡു തൂക്കുന്നു എന്നുള്ള അറിയിപ്പു്—എല്ലാംഅടങ്ങിയ നോട്ടീസ്. ആ നോട്ടീസുകൾ വലിച്ചുകീറിയിട്ടിരിക്കയാണു് അവിടെയെല്ലാം.

യോഗസ്ഥലത്തിനു് അല്പം ഇപ്പുറത്തായുള്ള ഒരു ചെറിയ റോഡിന്റെ മുക്കിലെത്തി ഞാൻ. എന്റെ മുന്നിൽക്കൂടി നടന്ന രണ്ടുമൂന്നു ചുമട്ടുകാരിപ്പെണ്ണുങ്ങൾ ഉള്ളിലോട്ടുള്ള ഒരു ചെറുറോഡിലേക്കു തിരിയുന്നതിനിടയിൽ പെട്ടെന്നു് ഒരു എബൗട്ടേൺ അടിച്ചു നിന്നു. ഞാൻ അങ്ങോട്ടു നോക്കി. അവിടെ ഒരു ട്രാഫിക്ക്സ്തംഭനമാണു് രണ്ടു തടിയന്മാർ റോഡിൽനിന്നുകൊണ്ടു് മൂത്രമൊഴിക്കുകയാണു്. ഒരുപററം പെണ്ണുങ്ങൾ അപ്പുറത്തും പുറംതിരിഞ്ഞു നിൽക്കുന്നു. ഇടയ്ക്കിടെ ഒളികണ്ണിട്ടു നോക്കുന്നുണ്ടു് പിന്നിലേക്കു്, ആ സ്രോതസ്സു് വാർന്നുകഴിഞ്ഞോ എന്നു്. അവന്മാർക്കാണെങ്കിൽ ഒരു കൂസലുമില്ല. അങ്ങനെ കുറെ പെണ്ണുങ്ങൾ ഇരുമാർഗ്ഗങ്ങളിലും നാണിച്ചു തലയുംകുനിച്ചു നിൽക്കുന്നു എന്ന വിചാരമേയില്ല.

“ദേശീയശുചിത്വവാരം ആചരിക്കുന്ന ഇന്നെങ്കിലും ഇതുപോലെ പബ്ളിക്ക് ന്യൂയിസൻസ് ചെയ്യുന്നവരെ പിടിച്ചു പ്രോസിക്യൂട്ടു ചെയ്യരുതോ



ഹെ!" അതിലെ നടന്നുപോയ ആ മറ താഹേസ്ഥിനോട്ട് ഞാൻ ഏതാണ്ട് ആ ജ്ഞാസപരത്തിൽ ചോദിച്ചു, അവരെ പ്രാസികൂട്ടു ചെയ്യുകയാണെങ്കിൽ എന്നെ ഒരു സാക്ഷിയായി വയ്ക്കരുതല്ലോ എന്നു കരുതി ഞാൻ വേഗം യോഗസ്ഥലത്തേക്കു നടന്നു.

ത്രപ്പ് ഉൽഘാടനത്തിനുള്ള ആരംഭമാണ്. മന്ത്രി, നഗരസഭാദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ തുടങ്ങിനൂറോളം ആളുകൾക്ക് ആളിനൊന്നുവീതം എന്ന കണക്കിന് ചൂലുകൾ തയ്യാറാക്കിവച്ചിരുന്നു. നേതാക്കന്മാരുടെ നട്ടെല്ല് സ്വന്തം നിയന്ത്രണത്തിലല്ല എന്ന വിചാരംകൊണ്ടായിരിക്കണം ഒന്നരയാൾ കിളരമുള്ള ഒരു കാട്ടുകമ്പിന്റെ അററത്ത് കഷണ്ടിക്കാരന്റെ തലമുടിപോലെ അഞ്ചാറ് ഈർക്കിൽ പുതുക്രൃസ്ത്യാനിപ്പെണ്ണുങ്ങളുടെ വസ്ത്രങ്ങളിലെ ഞൊറിപോലെ വിതിർത്തു ചേർത്തിട്ടുള്ള ചൂല്. രാമലക്ഷ്മണന്മാർ കാട്ടിൽപ്പോകാൻനേരം വൽക്കലം വാങ്ങിയ രീതിയിൽ നേതാക്കന്മാർ ചൂലു വാങ്ങി. ഫോട്ടോഗ്രാഫർ മുന്നോട്ടുവന്നു. ചൂലുവാങ്ങുന്നത്, വാങ്ങിക്കൊണ്ടു ചിരിക്കുന്നത്, കുന്തം തോളിൽവച്ചു നടക്കുംപോലെ ചൂലും തോളിൽവച്ചു നടക്കുന്നത്, തുടങ്ങിയ പ്രവൃത്തനങ്ങളുടെ അനേകം ഫോട്ടോ എടുത്തു. ഫോട്ടോകൾ തൽക്ഷണം പത്രമാഫീസുകളിലേക്കയക്കാൻ ഏർപ്പാടുംചെയ്തു. ത്രത്തുവാരാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്ന സ്ഥലം നേരത്തെ ത്രത്തുവാരിയിട്ടിരുന്നതിനാൽ ത്രപ്പുകാർക്ക് വിഷമംനേരിടേണ്ടിവന്നില്ല. ഉസ്സഹമായ ഒരു നാററം എവിടെയും. നഗരസഭാദ്ധ്യക്ഷൻ ത്രത്തുനടക്കുന്നതിനിടയിൽ എന്തിലോ ബ്ളീം എന്നൊന്നു ചവിട്ടി പുതിനോ എന്നുരുണ്ടുവീണു. കിടന്ന കിടപ്പിൽ അയാൾ ആരെയൊക്കെ ചീത്തവിളിക്കുന്നുണ്ട്. ഉപാദ്ധ്യക്ഷൻ എന്തിലോ ചവിട്ടി. ചവിട്ടിയ കാൽ കുടഞ്ഞു. മന്ത്രിതുടങ്ങി അടുത്തുനിന്നവരുടെ ദേഹത്തെല്ലാം എന്തോ സാധനം വന്നു വീണു. എല്ലാവരുടെയും മുഖത്ത് ഒരിളിപ്പും ഒരു വളിപ്പും. ചെങ്ങാതികൾക്കു മനസ്സിലായി അവിടമെല്ലാം ഒരു പൊതുകക്കൂസാണെന്നും മന്ത്രിയും മററും ത്രക്കാൻ വരുന്നതറിഞ്ഞ് മുനിസിപ്പാലിററിക്കാർ തലേന്നാൾ രാത്രി അവിടെയെല്ലാം ലഘുവായി മണ്ണു വിതറിയിട്ടിരിക്കയാണെന്നും. പിന്നെ ആരും ത്രക്കാനിറങ്ങിയില്ല. ഘോഷയാത്ര ആർപ്പുവിളികളോടെ യോഗസ്ഥലത്തേക്കും, ഉരുണ്ടുവീണ അദ്ധ്യക്ഷൻ കുളിച്ചു വസ്ത്രംമാറാനും തിരിച്ചു.

യോഗസ്ഥലത്ത് നല്ല ജനക്കൂട്ടം. ഇരിക്കാൻ ഒരു സ്ഥലംനോക്കി ഞാൻ നടന്നു. എല്ലായിടത്തും മുറുക്കിത്തുപ്പിയിരിക്കയാണ്. യോഗസ്ഥലത്ത് കപ്പലണ്ടിവ്യാപാരമുണ്ടായിരുന്നതിനാൽ കാലിലെല്ലാം കപ്പലണ്ടിത്തോടുകൾ തറച്ചുകയറി. അപ്പോഴുണ്ട് പഴത്തൊലിയിൽ ചവിട്ടി ഒരാൾ വീഴുന്നു. വീണതു് ഒരു ക്ഷയരോഗിയുടെ തലയിലേക്കാണ്. തുടർന്ന് ഒരു ചെറിയ ബഹളം. നടന്നു നടന്ന് ഞാനൊരിടത്തു ചെന്നിരുന്നു. തുടയുടെ അടിയിൽ ഒരു ചൂട്. ഞാൻ മേൽപ്പോട്ടു ചാടി. ആരോ എറിഞ്ഞിരുന്ന എരിയുന്ന ഒരു സിഗററുതുണ്ടിന്റെ മുകളിലായിരുന്നു ഞാനിരുന്നത്.

മന്ത്രിവന്നു. പ്രാസംഗികന്മാരും വന്നു. നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞു. പ്ളാററുഫോറത്തിൽ ഭാരവാഹികൾ ആരെയോ തേടി അസ്വസ്ഥതയോടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. കാര്യമെന്തെന്ന് അന്വേഷിച്ചപ്പഴല്ലേ മനസ്സിലാകുന്നത്. സ്വാഗതപ്രാസംഗികനായി നിശ്ചയിച്ചിരുന്ന നഗരസഭാസാമാജികനെ കാണുന്നില്ല. അയാളെ മറുതാഹേഡ് പിടിച്ചുകൊണ്ടുപോയിരിക്കയാണുപോലും, റോഡിൽ മൂത്രവിസർജ്ജനം നടത്തിയതിന്. കഷ്ടം ഞാനാണു കാരണക്കാരൻ. സ്വാഗതപ്രാസംഗികനെ വിടുവിക്കാൻ കുറെ പ്രമാണികൾ ഓടി. പോലീസിന്റെ മർദ്ദനമുറകളിൽ പ്രതിഷേധം രേഖപ്പെടുത്തണമെന്നുവരെയായി.

എത്രയും പെരിയ ബഹുമാനപ്പെട്ട കേന്ദ്രൻ, സംസ്ഥാനന്മാർക്ക് ചീട്ടയച്ചു, വന്യമൃഗസംരക്ഷണവാരവും ദേശീയ ശുചിത്വദിനാചരണവാരവും ഗംഭീരമായി ആഘോഷിക്കാൻ. ഉജ്ജ്വലമായി ആഘോഷിച്ചുവെന്ന് കേന്ദ്രനു റിപ്പോർട്ടും ചെന്നു. കേന്ദ്രന്റെ വിചാരം ഈ രണ്ടു വാരങ്ങളും ആഘോഷിച്ചുകഴിഞ്ഞതുമുതൽ വന്യമൃഗങ്ങൾക്കും കാട്ടുപക്ഷികൾക്കും ദിവസവും കൊഴുക്കട്ടചുഴുങ്ങിക്കൊടുത്ത് ജനങ്ങൾ സംരക്ഷിക്കയാണെന്നാണ്. അതുപോലെ പൗരസഞ്ചയംമുഴുവൻ ശുചിത്വബോധം പൂർണ്ണമായും ഉള്ളവരായിരിക്കുന്നുവെന്നും. പാവം കേന്ദ്രൻ!

—o—


ഉത്തരവാദിത്വമുള്ള സ്വർണ്ണാഭരണങ്ങൾക്കും
ആഭരണങ്ങൾ ആർഡർ അനുസരിച്ച്
കൃത്യസമയത്ത് ചെയ്തുകിട്ടുന്നതിനും

സന്ദർശിക്കുക—നിങ്ങളുടെ

രാധാകൃഷ്ണാജ്ജ്വല്ലേഴ്സ്

മുട്ടംബസ്സാർ, ചേർത്തല.

Prop: കെ. വി. തങ്കപ്പൻ.

# അഷ്ടമുടിക്കായലിലെ

# ആത്മഹത്യയുടെ യഥാർത്ഥ കാരണം

## പോലീസുകാരൻെറ അസ്സൽകത്തിൻെറ ശരിപ്പകർപ്പ്.

അഷ്ടമുടിക്കായലിലെ റയിൽപാലത്തിൽനിന്നും രണ്ടു കുഞ്ഞുങ്ങളേയുംകൊണ്ടു് കായലിൽചാടി ആത്മഹത്യചെയ്ത പോലീസ്സ് ദമ്പതികളുടെ ഒരു ബാഗ്ഗും അതിനുള്ളിൽ ഒരു കത്തും പാലത്തിൽനിന്നും കണ്ടെടുത്തതായി വാർത്തയുണ്ടായിരുന്നല്ലോ. ആത്മഹത്യചെയ്ത പോലീസ്സുയുവാവിനു് സ്വന്തം മാതാപിതാക്കളിൽനിന്നുമുണ്ടായ ക്രൂരമായ പെരുമാററം സഹിച്ചുകൂടാതെ ഈ കടുംകൈ പ്രവർത്തിച്ചതായിട്ടാണു് കത്തിൽ വിശദീകരിച്ചിരിക്കുന്നതെന്നും റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ അതിസൂക്ഷ്മമായി അന്വേഷണം നടത്തിയതിൽ അറിയാൻ കഴിഞ്ഞതു് ബാഗ്ഗിലുണ്ടായിരുന്ന കത്തല്ലാ ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നതെന്നാണു്. സന്തപ്തകുടുംബം എഴുതിവച്ചിരുന്ന അസ്സൽ കത്തു് മാററിയിട്ടു പോലീസ് സാഹിത്യകാരന്മാരാരോ ഒരു കെട്ടുകഥയെഴുതി പകരം വച്ചതാണെന്നു സംഭവസ്ഥലത്തു് പല കിംവദന്തി ആദ്യംമുതലേ ഉണ്ടായിരുന്നതാണു്. അസ്സൽ കത്തു മാററാനും കള്ളമായി ഒരു കത്തുണ്ടാക്കി തൽസ്ഥാനത്തു വയ്ക്കാനും എന്താണു കാരണമെന്നുള്ളതു വ്യക്തമായിരുന്നില്ല. അസ്സൽ കത്തിൻെറ ശരിപ്പകർപ്പെന്ന ഭാവത്തിൽ ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ഒരു കത്തിൽനിന്നും ചിലതെല്ലാം ഊഹിക്കാൻ കഴിയുന്നുണ്ടു്. എന്നാൽ ഇതു് അസ്സൽകത്തിൻെറ പകർപ്പുതന്നെയാണോ അതോ ഏതെങ്കിലും കമ്മ്യൂണിസ്റ്റു് നുണപ്രചാരകൻ അധികാരികളെ കരിതേയ്ക്കാൻ കെട്ടിച്ചമച്ചതാണോ എന്നു നിശ്ചയമില്ല. ഏതായാലും കത്തിൻെറ പകർപ്പു് സരസൻവായനക്കാരുടെ അറിവിനായി താഴെച്ചേർക്കുകയാണു്.

### കത്തു്. (ശരിപ്പകർപ്പു്)

കേരളീയ സഹോദരങ്ങളുടെ
അറിവിനായി എഴുതുന്നതു്.

ബഹുമാനപ്പെട്ട നാട്ടുകാരെ,

ഈ എഴുത്തു് നിങ്ങളുടെ ശ്രദ്ധയിൽ എത്തുമ്പോഴേക്കും ഞാനും എൻെറ പ്രിയപ്പെട്ട ഭാര്യയും ഞങ്ങളുടെ ഓമനകളായ രണ്ടു കുഞ്ഞുങ്ങളും പരലോകത്തെത്തിയിരിക്കും. കേരളാ പോലീസ്സുസേനയിലെ ഏററവും താണപടിയിൽ ഏററവും തുച്ഛമായ ശമ്പളവും പററി കഴിഞ്ഞുകൂടുന്നവനാണു ഞാൻ. പോലീസിൽ എൻെറ പരിശീലനഘട്ടം ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനാൽ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ്സ്കൂളിലാണു് ഇന്നും എൻെറ ലാവണം. പോലീസ് ജോലിയെപ്പററി പല തെററിദ്ധാരണയും പൊതുജനങ്ങളുടെയിടയിൽ ഉണ്ടെങ്കിലും യഥാർത്ഥമായ സമൂഹസേവനം നിർവഹിക്കാൻ പററിയ ഒരു മഹത്തായ തൊഴിലാണു് പോലീസ് ഉദ്യോഗം. അതുപോലെ അഴിമതിക്കും കൈക്കൂലിക്കും ജനദ്രോഹത്തിനും ഇതുപോലെ സൗകര്യം കൊടുക്കുന്ന തുറയും വേറെയില്ല. ഇതിൽ ആദ്യം വിവരിച്ച രീതിയിലുള്ള ഒരു മനോഭാവത്തോടെ ഞാൻ പോലീസിൽ ചേർന്നതു്. ട്രെയിനിംഗ്സ്കൂളിൽ ഡ്രില്ലും പരേഡും നിയമസമാധാനപാലനംസംബന്ധിച്ചപ്രാഥമികപാഠങ്ങളും അഭ്യസിക്കുകയായിരിക്കുമെന്നാണു ഞാൻ വിശ്വസിച്ചതു്. പ്രാരംഭദിവസങ്ങളിൽ അതെല്ലാമായിരുന്നു പരിശീലനപരിപാടി.

എന്നാൽ ഏതാനും മാസം മുമ്പു് പെട്ടെന്നു ഭാവംമാറി, പോലീസ് ഡിപ്പാർട്ടുമെൻറിൻെറ വീര്യം നഷ്ടപ്പെട്ടിരിക്കയാണെന്നും വീണ്ടും വീര്യം കൂട്ടണമെന്നും രാഷ്ട്രീയനേതാക്കൾ മുറവിളി തുടങ്ങി. റിട്ടയർ ചെയ്യാറായവർക്കു് വീര്യം കൂടുന്നതിനേക്കാൾ സ്ഥായിയായ ഫലമുണ്ടാകുന്നതു് ട്രെനിംഗ് സ്കൂളിലുള്ള ചെറുപ്പക്കാരായ പുതിയ പോലീസുകാർക്കു വീര്യംകൂട്ടുകയായിരിക്കുമെന്നു് ഒരാശയം എങ്ങനെയോ പൊന്തിവന്നു് അധികാരികളുടെ അംഗീകാരം നേടി. ഡ്രില്ലിനും പരേഡിനും പുറമേ വീര്യം കൂട്ടാനുള്ള പരിപാടികളും ഞങ്ങൾ പഠിക്കണമെന്നു നിർബന്ധപൂർവം നിർദ്ദേശമുണ്ടായി, കള്ളം തെളിയിക്കുക, കൊല തെളിയിക്കുക, ആൾബഹളത്തിൽ സമാധാനം ഉറപ്പിക്കുക, ഘോഷയാത്രയും മീററിംഗും പൊളിക്കുക. പിക്കററുകാരെ തകക്കുക, ഇങ്ങനെ പലയിനങ്ങളായിട്ടാണു വീര്യംകൂട്ടു പരിശീലനത്തിൻെറ പദ്ധതി.



കള്ളത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്ത് യുക്തിപൂർവം ആലോചിച്ചും അന്വേഷിച്ചും കള്ളനെ കണ്ടുപിടിക്കേണ്ടതാണെന്നായിരുന്നു അതുവരെ ഞങ്ങളിൽ പലരും വിശ്വസിച്ചിരുന്നത്. എന്നാൽ വീര്യവർദ്ധനപദ്ധതി ആരംഭിച്ചപ്പോൾ ആ സങ്കൽപ്പം പാടേതെററി. ആലോചിക്കാതെ അന്വേഷിക്കുക മുതലായ മിനക്കേടൊന്നും വീര്യമുള്ള പോലീസുകാർ ഒരുങ്ങുകയില്ലെന്നായിരുന്നു പുതിയ പദ്ധതിയുടെ ഒന്നാംവകുപ്പിൽ വ്യക്തമാക്കിയിരുന്നത്. കള്ളം നടന്നതായാലും അല്ലെങ്കിലും കട്ടവനായാലും അല്ലെങ്കിലും പരാതികിട്ടിയാൽ ആദ്യം കാണുന്നവനെ പിടികൂടി ലാക്കപ്പിൽ അടച്ചു മോഷണം സമ്മതിപ്പിക്കുകയാണത്രെ വേണ്ടത്. മററാരെയും പെട്ടെന്നു കിട്ടുന്നില്ലെങ്കിൽ പരാതിക്കാരനായ വാദിയേത്തന്നെ പിടികൂടി അയാളാണു മോഷ്ടിച്ചതെന്നു സമ്മതിപ്പിക്കുന്നതിലും തെററില്ല. ഇങ്ങനെ നിരപരാധികളേക്കൊണ്ടു കുററം ഏററു പറയിക്കുന്നതിനു പലതരം പ്രയോഗങ്ങളുമുണ്ട്. കാൽവെള്ളയിൽ അടിച്ചു തൊലിപൊളിക്കുക, നഖത്തിന്റെ കീഴിൽ സൂചി കയററുക, കണങ്കാലിന്റെ മുകളിൽക്കൂടി റൂൾത്തടി ഉരുട്ടുക മുതലായ സാധാരണ മുറകളും പറഞ്ഞാൽ അശ്ലീലമായിപ്പോയേക്കാവുന്ന പ്രയോഗങ്ങളും ഇതിൽ ഉൾപ്പെടും.

ഇതിലെല്ലാം പ്രായോഗികവൈദഗ്ദ്ധ്യം സിദ്ധിച്ച ഹേഡങ്ങത്തമാർ ആഴ്ചയിലൊരിക്കൽ മാതൃകാപാഠം കാണിക്കും. ആദ്യമായി ഞങ്ങളെ മാതൃകാപാഠം കാണിച്ച ഹിഡുംബൻ കുഞ്ഞൻപിള്ളഅങ്ങത്ത വലിയശാലക്ഷേത്രത്തിൽ കുളിച്ചുതൊഴുതിട്ടു തിരിച്ചുവരുന്ന ഒരു ബ്രാഹ്മണനെ പിടികൂടി ക്യാമ്പിൽ കൊണ്ടുവന്ന് തൃശ്ശൂർ നടന്ന ഒരു അരഞ്ഞാണമോഷണം ഞങ്ങളുടെ മുമ്പിൽവച്ച് അഞ്ചുമിനിററു നേരത്തെ ലഘുപ്രയോഗംമൂലം ഏററുപറയിച്ചിട്ട് കേസ്സു ചാർജ്ജുചെയ്യുകയും ചെയ്തു. ആ പ്രയോഗം പകുതിവരെയേ നോക്കിനിൽക്കാൻ എനിക്കു കഴിഞ്ഞുള്ളു. എന്നാൽ നോക്കിനിന്നു പഠിച്ചാൽമാത്രംപോരാ ക്യാമ്പിലുള്ള ഓരോരുത്തരും ഓരോ ദിവസംവീതം പ്രാക്ടിക്കൽ നടത്തിക്കാണിക്കണമെന്ന് പിറേറദിവസം ഉത്തരവായി. എന്റെ കൂട്ടുകാരിൽ മുക്കാൽപ്പേരുടേയും പ്രാക്ടിക്കൽ കഴിഞ്ഞു. അവരിൽ എത്രപേർ ഫസ്റ്റ്ക്ലാസിൽജയിക്കുകയുംചെയ്തു. എന്റെ ടേൺ അടുത്ത തിങ്കളാഴ്ചയാണ്. ഏതെങ്കിലും ഒരു വല്യമ്മയെക്കൊണ്ട് ഏറുമാന്നൂരുള്ള ഒരു കൊന്നത്തെങ്ങിലെ തേങ്ങാ മോഷ്ടിച്ചതായി സമ്മതിപ്പിക്കണമെന്നാണ് എനിക്കു നിർദ്ദേശിച്ചിരിക്കുന്ന പാഠം. എന്നെപ്പററി പ്രത്യേകം കരുണയുള്ളതുകൊണ്ട് തീരെ പ്രയാസംകുറഞ്ഞ ഒരു പാഠം തെരഞ്ഞെടുത്തുതന്നതാണെന്നാണ് ക്യാമ്പിന്റെ ചാർജ്ജുവഹിക്കുന്ന ഇൻസ്പെക്ടർഏമാൻ പറഞ്ഞത്.

കൊലപാതകം ഏററുപറയിക്കുന്നതാണ് മറെറാരു വകുപ്പ്. അതു സംബന്ധിച്ച് ഇതിനകം പതിനൊന്നു മാതൃപാഠങ്ങൾ നടത്തിക്കാണിച്ചു. ഞാൻ ഏററവും പുറകിൽ കണ്ണും മുറുകെ അടച്ച് കുനിഞ്ഞിരിക്കയായിരുന്നതുകൊണ്ട് ഇടയ്ക്കിടെയുള്ള നിലവിളിയും ഞരക്കങ്ങളും കേൾക്കുകമാത്രമേ ചെയ്തുള്ളു. കുററം സമ്മതിച്ച പ്രതിക്കു വെള്ളം കൊടുക്കുക, അയാളെ ആസ്പത്രിയിലെത്തിക്കുക മുതലായ ഘട്ടം വരുമ്പോഴേ ഞാൻ കണ്ണുതുറക്കാറുണ്ടായിരുന്നുള്ളു. അതിനും പരിശീലകർ നമ്പരുമുറയ്ക്കു പ്രാക്ടിക്കൽനടത്തിക്കാണിക്കണം. എന്റെ മൂന്നാമത്തെ മുൻനമ്പരുകാരന്റെ പ്രാക്ടിക്കൽ നാളെയാണ്. ഭർത്താവിനെക്കൊന്ന കുററം ഒരു ഭാര്യയെക്കൊണ്ടു സമ്മതിപ്പിക്കുകയാണ് അയാൾ ചെയ്യേണ്ടത്. ആറുമാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ തള്ളയേയാണ് അയാൾ അതിനായി കണ്ടുവച്ചിരിക്കുന്നതെന്ന് രഹസ്യമായി എന്നെ അറിയിച്ചിട്ടുണ്ട്. കുററം സമ്മതിക്കാൻ മടിക്കുന്നപക്ഷം തള്ളയുടെ മുമ്പിൽവച്ച് കുഞ്ഞിന്റെ കാലുരണ്ടും പിടിച്ചു രണ്ടായി വലിച്ചുകീറാനാണ് അയാളുദ്ദേശിക്കുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. അടുത്ത രണ്ടു നമ്പരുകാരുടെ പ്രാക്ടിക്കൽ കഴിഞ്ഞാൽ അടുത്തത് എന്റെ മുറയാണ്. അതോർക്കുമ്പോൾ പോലും ഞാൻ നടുങ്ങിപ്പോകുന്നു. മീററിംഗുപൊളിക്കുക, ഘോഷയാത്ര പിരിച്ചുവിടുക, പിക്കററിംഗു മുടക്കുക മുതലായ പരിപാടികൾ വേറെയുമുണ്ട്.

മറെറന്തെങ്കിലും തൊഴിലിനുള്ള പരീക്ഷായോഗ്യതയോ ശുപാർശാസാദ്ധ്യതയോ കൈമടക്കിനുള്ള ധനശേഷിയോ എനിക്കില്ല. കൊതിച്ചുകിട്ടിയ പോലീസ്തുറയിൽ ജോലിചെയ്യാനുള്ള വീര്യം എന്തുചെയ്താലും എനിക്കുണ്ടാവുകയുമില്ല. അങ്ങനെ ഗത്യന്തരമില്ലാതെ എന്റെ ജീവൻ അവസാനിപ്പിക്കുകയാണ്. നിഷ്കളങ്കമായ പ്രേമത്തിൽ എന്നോടുചേർന്ന എന്റെ പ്രേയസിയും ഞങ്ങളുടെ നിർമ്മലദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ഓമനസൂനങ്ങളായ രണ്ടു കുഞ്ഞുങ്ങളും ഈ അന്ത്യഘട്ടത്തിലും എന്നെ അനുഗമിക്കാൻതയ്യാറാവുകയാണ്.

അടുത്ത ജന്മം എന്നൊന്നുണ്ടെങ്കിൽ പിച്ചയെടുത്താലും കേരളാപ്പോലീസിൽ ചേരാതിരിക്കുവാൻ ഞങ്ങൾ നാലുപേരും ശ്രദ്ധിക്കുന്നതായിരിക്കും.

ലോകത്തിനു മംഗളം വരട്ടെ.

—o—



# കോൺഗ്രസ്സ് തനിയേ ഭരിക്കാറായി

## ഏ. ഐ. സി. സി-യിലേക്ക് നായിഡു സമർപ്പിച്ച റിപ്പോർട്ട്

കേരളത്തിലെ കോൺഗ്രസ്സ് പ്രവർത്തനം പരിശോധിക്കാനായി ഏ. ഐ. സി. സി. യിൽ നിന്നും നിയോഗിച്ച നിയിഡു അവർകൾ പരിശോധനകഴിഞ്ഞ് റിപ്പോർട്ടു സമർപ്പിച്ചിരിക്കയാണ്. പട്ടത്തിന്റെയും കോയയുടെയും പിന്തുണകൂടാതെ തനിയേ ഭരിക്കുവാനുള്ള കഴിവ് കോൺഗ്രസ്സ് നേടിക്കഴിഞ്ഞെന്നാണ് റിപ്പോർട്ടിന്റെ സാരം. പി. എസ്സ്. പി. ലീഗുകളുടെ പിന്തുണയോടുകൂടി ഭരണം തുടർന്നാൽ കോൺഗ്രസ്സിന്റെ നയപരിപാടികൾ തികച്ചും ഫലിപ്പിക്കാൻ സാധിക്കാതെവരുമെന്നും ഇപ്പോൾ ചിലതു സാധിക്കുന്നത് ഭരണക്കൊതിമൂലം പട്ടം കണ്ണടക്കുന്നതുകൊണ്ടാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടത്രേ.

റിപ്പോർട്ട് ഇങ്ങനെ തുടരുന്നു:— "കിഴക്കൻമലയിലെ റിസർവ്വു തെളിയിക്കുക എന്നുള്ളതായിരുന്നു കേരളപ്രദേശത്തുള്ള കോൺഗ്രസ്സിന്റെ മുഖ്യ പരിപാടി. കമ്മ്യൂണിസ്റ്റുകളുടെ കിരാതഭരണകാലത്ത് അവരുടെ ആൾക്കാരും ഈ പ്രസ്ഥാനത്തിൽ മുൻകൈ എടുത്തിരുന്നു. അങ്ങനെ കോൺഗ്രസ്സ് അവിടെ തളരേണ്ടിവന്നു. എന്നാൽ കമ്മ്യൂണിസ്റ്റുകിരാതന്മാരെ താഴെയിറക്കിയതോടുകൂടി മഹാത്മാഗാന്ധിജിയുടെ നാമം റിസർവ്വുകാടുകളിൽ വർദ്ധിതശക്തിയോടുകൂടി വീണ്ടും മുഴങ്ങിത്തുടങ്ങി. സർക്കാർവനത്തിൽ ഗാന്ധിത്തൊപ്പിയും കോടാലിയുമായി ഇരമ്പിക്കയറി തടിവെട്ടുകയും അത്യുച്ചത്തിൽ ഗാന്ധിനാമം പാടുകയുംചെയ്യുന്ന കോൺഗ്രസ്സ് പ്രവർത്തകരുടെ ദേശസേവനചാതുര്യവും ഗാന്ധിഭക്തിയും ആരെയും പുളകംകൊള്ളിക്കാതിരിക്കയില്ല. പി. എസ്സ്. പി. യോ ലീഗോ ഈ കാര്യത്തിൽ പിന്തുണ നൽകേണ്ട ആവശ്യം അശേഷമില്ല."

വിദ്യാഭ്യാസവകുപ്പിനെ പരാമർശിച്ച് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "അദ്ധ്യാപകർക്കു സർക്കാരിൽനിന്നും ശമ്പളം കൊടുക്കുകയും മാനേജരന്മാർ അവരെ ഭരിക്കയും ചെയ്യുക എന്നുള്ള നയം ഇന്ന് അത്യന്തം കാര്യക്ഷമമായി തുടരുന്നു. മാനേജരുടെ വീട്ടിൽ വെള്ളംകോരുക അരിവയ്ക്കുക മുതലായ ജോലികൂടി ഇപ്പോൾ അദ്ധ്യാപകർ ചെയ്യേണ്ടതായിട്ടുണ്ട്. വിസമ്മതിക്കുന്ന അദ്ധ്യാപകരെ പിരിച്ചുവിടുന്നതിനു മാനേജരന്മാർക്കുള്ള അധികാരം ഇന്നാരും ചോദ്യംചെയ്യുന്നില്ല. ബി. എ. എൽ. ടി. കളെ മുറ്റംതൂക്കാൻ കിട്ടുക എന്ന മഹത്തായ ഭാഗ്യം മാനേജരന്മാർക്കു നേടിക്കൊടുത്തതിൽ കോൺഗ്രസ്സ് വഹിച്ച പങ്ക് മാനേജരന്മാർ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നുണ്ട്. കിരാതന്മാരായ കമ്മ്യൂണിസ്റ്റുകൾ ഉണ്ടാക്കിയ വിദ്യാഭ്യാസബില്ല് പേരിനെങ്കിലും ഒരു ശകുനംമുടക്കായി ശേഷിക്കുന്നതിൽ മാത്രമേ ഇന്നു മാനേജരന്മാർക്ക് വിഷമം തോന്നുന്നുള്ളു. പട്ടംതാണുപിള്ളയുടെ കൂട്ടുകെട്ടു കളഞ്ഞാൽ ഈ ബില്ല് സമൂലം റദ്ദാക്കാൻ കോൺഗ്രസ്സിനു കഴിയും. അങ്ങനെ ചെയ്യുന്നപക്ഷം മാനേജരന്മാരുടെ സകലവിധമായ പിന്തുണയും കോൺഗ്രസ്സിനു ലഭിക്കുകയും ചെയ്യും."

പോലീസ് വകുപ്പിന്റെ പുനർജീവനമാണ് റിപ്പോർട്ടിൽ ഏറ്റവും കൂടുതൽ സ്തുതിച്ചിരിക്കുന്ന ഭാഗം. "ഇ. എം. എസ്സിന്റെ ഭ്രാന്തമായ നയത്തിൽ പോലീസുകാർ മുഴുവൻ നിർവീര്യമാക്കപ്പെട്ടിരിക്കയായിരുന്നല്ലോ. ഒരു ഇന്ദ്രജാലംകൊണ്ടെന്നപോലെ അതെല്ലാം മാറിക്കഴിഞ്ഞു. ലോക്കപ്പിൽകയറാനിടയാകുന്ന പുള്ളികൾ മഞ്ഞപ്പിത്തം, പേപ്പട്ടിവിഷം, രക്തംകട്ടിയാകൽ മുതലായ കാരണങ്ങളാൽ മുൻ കോൺഗ്രസ്സിന്റെകാലത്ത് അനായാസം മരിച്ചുപോന്നിരുന്ന മഹത്തായ പാരമ്പര്യം ഇപ്പോൾ മിക്കവാറും അതേപടി വീണ്ടെടുക്കപ്പെട്ടിരിക്കയാണ്. മഞ്ഞപ്പിത്തത്തിനും പേപ്പട്ടിവിഷത്തിനും പകരം കിൽബഗ് എന്നൊരു പുതിയ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടെന്നേയുള്ളു. മഞ്ഞപ്പിത്തത്തിനേക്കാൾ കിൽബഗ് എല്ലാവിധത്തിലും മെച്ചപ്പെട്ടതാണെന്നാണ് ലോക്കപ്പുമരണത്തിന്റെ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്. പൊതുസമാധാനം നിലനിർത്തുന്നതിൽ ഇന്നത്തെ കോൺഗ്രസ്സ് പോലീസ് മറ്റേതു സംസ്ഥാനത്തേക്കാളും കേരളത്തിൽ മികച്ചു നിൽക്കുകയാണ്. ഈ കാര്യത്തിൽ പോലീസ് ഇൻസ്പെക്ടറന്മാർക്ക് പ്രത്യേകം പ്രത്യേകം അധികാരപരിധിയില്ലെന്നുള്ളത് കോൺഗ്രസ്സ്ഭരണസമ്പ്രദായത്തിന്റെ സ്തുത്യർഹമായ ഒരു മികവാണെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു ഇൻസ്പെക്ടർക്കു വീര്യം കൂടുതലാണെങ്കിൽ അയാൾക്ക് സ്വന്തം ഉദ്യോഗപരിധിവിട്ടും ആളുകളുടെമേൽ വീര്യം പ്രയോഗിക്കാം. അങ്ങനെ വീര്യം കാണിച്ച ഒരു തിരുവനന്തപുരം ഇൻസ്പെക്ടറെ പോലീസ്മന്ത്രി നിയമസഭാതലത്തിൽ പ്രത്യേകം പുകഴ്ത്തിയത് അഭിനന്ദനീയമായിട്ടുണ്ട്. ഇനി പി. എസ്. പി-യോ ലീഗോ മാറിയാലും പോലീസുകാർ തികച്ചും കോൺഗ്രസ്സിന്റെ പിന്നിലുണ്ടായിരിക്കുമെന്നുള്ളതിൽ സംശയമില്ല."

പട്ടത്തിനെ തള്ളിയാൽ പകരം ആരായിരിക്കണം മുഖ്യനെന്നുള്ളതിനെപ്പറ്റി റിപ്പോർട്ടിൽ ചില അവ്യക്തമായ നിർദ്ദേശങ്ങൾമാത്രമാണുള്ളത്. ആർ. ശങ്കറിന്റെ അവകാശത്തെ ഏതായാലും റിപ്പോർട്ടിൽ അംഗീകരിക്കുന്നില്ല. ഒരു ഡെപ്യൂട്ടിമുഖ്യൻ എന്നുള്ള പദവിയിൽ കൂടുതൽ അദ്ദേഹം അർഹിക്കുന്നില്ലെന്നാണ് സൂചന. കോൺഗ്രസ്സിന്റെ വളർച്ചയ്ക്കും ഇന്നത്തെ വിജയത്തിനും ത്യാഗവും സേവനവും അർപ്പിച്ചവർക്കാണ് ഇതിനുള്ള അവകാശമെന്ന തത്വമാണ് റിപ്പോർട്ടിൽ മുഴപ്പിച്ചു പറഞ്ഞിരിക്കുന്നത്. വിമോചനത്തിന്റെ ചിലവുമുതൽ ഇന്നു കോൺഗ്രസ്സിൽ അംഗങ്ങളെ ഫ്രീയായി ചേർക്കുന്നതിനുള്ള ചിലവുവരെ കണക്കാക്കിയാൽ മുഖ്യമന്ത്രിയുടെ സ്ഥാനത്തിനുള്ള അവകാശം വ്യക്തമാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ കാര്യത്തിൽ മനോരമഗ്രൂപ്പും ദീപികഗ്രൂപ്പും തമ്മിൽ വടംവലിയുണ്ടാകാതെ സൂക്ഷിക്കണമെന്നു ഹൈക്കമാണ്ടിനു മുന്നറിയിപ്പും നൽകിയിട്ടുണ്ട്. പി. ടി. ചാക്കോയ്ക്കുവേണ്ടിയാണ് റിപ്പോർട്ടെന്ന് അദ്ദേഹത്തിന്റെ ഗ്രൂപ്പും പി. സി. ചെറിയാനുവേണ്ടിയാണെന്ന് അദ്ദേഹത്തിന്റെ ഗ്രൂപ്പും വ്യാഖ്യാനിച്ചു സുഖിക്കുകയാണ്.

ഏതായാലും ടി. കെ-യുടെ ഭരണകാലത്തെ മംഗളകരമായ അവസ്ഥയിലേക്കു കോൺഗ്രസ്സ് വീണ്ടും ഉയർന്നുകഴിഞ്ഞിരിക്കുന്നതിനാൽ കഴിവതും വേഗം കോൺഗ്രസ്സിനെ തനിയെ ഭരിക്കാൻ അനുവദിക്കണമെന്നുള്ള അഭിപ്രായം റിപ്പോർട്ടിൽ അസന്നിഗ്ദ്ധമായി ശുപാർശ ചെയ്തിരിക്കയാണ്. ഹൈക്കമാണ്ട് ഈ ശുപാർശ എങ്ങനെ വീക്ഷിക്കുമെന്നുള്ളതിനെപ്പറ്റി അഭ്യൂഹത്തിനു കാലമാകുന്നതേയുള്ളു.

—o—

# പൊതുജനസമക്ഷം




പതിനേഴവർഷക്കാലത്തെ പ്രശസ്തസേവനം കൊണ്ടു് ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാഫാർമസി വക സിദ്ധൗഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൗഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## 1 ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണാറുള്ള മൂത്രാശയസംബന്ധമായും, ഉഷ്ണസംബന്ധമായുമുള്ള രോഗങ്ങൾക്ക് മികച്ച അനുഭവമുള്ള ഒരു സിദ്ധൗഷധമാണ്. കൂടാതെ ശരീരത്തിൽനിന്നും എല്ലാ രീതിയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സൗമ്യാംശത്തെ തടഞ്ഞുനിർത്തി ശരീരത്തിനു കുളുർമ്മയെ ഉളവാക്കുകയും ആരോഗ്യത്തെ പ്രദാനംചെയ്യുകയും ചെയ്യുന്നു.

24 ഗുളികകൾ അടങ്ങിയ പാക്കററിനു് വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2 ധാതുകൽപ്പ

ഇതു് ധാതുശക്തി ക്ഷയിച്ചവർക്കും ശരീരം മെലിഞ്ഞവർക്കും ദിവ്യാനുഗ്രഹമാണ്. എല്ലുന്തി മെലിഞ്ഞ ശരീരത്തെപ്പോലും ഇതു് ഏററവും മാംസളമാക്കുന്നു. ശരീരത്തിനു് കാന്തിയും ഓജസ്സും ആരോഗ്യവും ഉളവാക്കുന്നു. ക്ഷീണിച്ച നാഡിഞരമ്പുകൾക്ക് നവചൈതന്യം നൽകി ജീവിതം വിജയകരമാക്കുകയും ചെയ്യും. ശ്വാസകോശസംബന്ധമായ എല്ലാവിധ ക്ഷീണത്തേയും ഇല്ലാതാക്കുകയുംചെയ്യും.

റാത്തൽ ഒന്നിനു് 6 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 3 ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്ക് കൈകണ്ട ഔഷധമാണ്. ഇതു് മലബന്ധത്തെ ഇല്ലാതാക്കുകയും സുഖവിരേചന ഉണ്ടാക്കുകയുംചെയ്യും. മൂട്ടചുടിച്ചിൽ, മൂട്ടകഴപ്പു്, ഗുദവീക്കം, ഗുദഭ്രംശം, ഫേനക്കുറവു്, വായുവികാരം, കൃമിദോഷം, രക്തംപോക്ക് മുതലായി അർശ്ശോരോഗികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നന്നാണ്. എത്ര ഭയങ്കരമായ ഗ്യാസ്ട്രബിളിനേയും വയററുവേദനയേയും ശമിപ്പിക്കും.

റാത്തൽ ഒന്നിനു് 5 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം

നിർമ്മാതാക്കൾ—

## വിജയാ ഫാർമസി മാവേലിക്കര, കേരളം.

N. B. രോഗവിവരക്കത്തുകൾ ചീഫ് വൈദ്യൻ, എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, മാവേലിക്കര എന്ന വിലാസത്തിൽ എഴുതുക.

**വിജയാഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക**

കാററ്ലോഗിനു് 25 നയാപൈസ സ്റ്റാമ്പയക്കുക.

**സാക്ഷിപത്രങ്ങൾക്ക് അടുത്ത പേജുകൾ നോക്കുക.**

## സ്ഖലനരോഗങ്ങൾ സുഖപ്പെട്ടു.

എം. കെ. നാരായണൻ,
ക്ലോത്തുമർച്ചൻറ്, P. O. മോക്കം, (Via) കുന്നമംഗലം.
മോക്കം, 19—9—1958.

എസ്സ്. എസ്സ്. പിള്ള അവർകൾക്ക്
വിജയാഫാർമസി, മാവേലിക്കര.

സർ,

ശശാങ്ക ഗുളിക ഞാൻ ഉപയോഗിച്ചിട്ട് ഇപ്പോൾ ഏകദേശം ഒന്നരക്കൊല്ലത്തോളമായി. എനിക്ക് മറയ്ക്കിരിക്കുമ്പോൾ മുക്കുമ്പോഴുണ്ടായിരുന്ന ശുക്ലംപോക്കും, സ്വപ്നസ്ഖലനവും ഇതുവരെ ഉണ്ടായിട്ടില്ല.

ശശാങ്കകൊണ്ട് എൻെറ ഉഗ്രമായ രോഗം നശിപ്പിച്ചുതന്ന ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക് എൻെറ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മേൽപ്പറഞ്ഞ രോഗമുള്ള യുവതീയുവാക്കന്മാർ ശശാങ്ക ഉപയോഗിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു.

എന്ന്, എം. കെ. നാരായണൻ (ഒപ്പ്)

*

## ഉഷ്ണരോഗം സുഖപ്പെട്ടു.

K. A. MATHEW, Chennamkarry
Karumpinkalil, 15—4—1958.
Chennamkary P. O.

To, S. S. PILLAI, Chief Vaidyan,
Vijaya Pharmacy, Mavelikara.

Dear Sir,

എൻെറ ഭാര്യ ഏകദേശം നാലുവർഷം ഉഷ്ണസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയും, വളരെയധികം പണം ചെലവുചെയ്യുകയും ചെയ്തു. അങ്ങിനെയിരിക്കവേ വിജയാ ഫാർമസി വക ഒരു പരസ്യംകാണുകയും, ഞാൻ താങ്കളുടെപേർക്ക് രോഗവിവരക്കത്തയക്കുകയും വൈദ്യൻ 'ശശാങ്ക' എന്ന മരുന്ന് എനിക്കയച്ചുതരികയുംചെയ്തു. അതോടുകൂടി അയച്ച നിർദ്ദേശക്കത്തിൽ 'ശശാങ്ക'യുടെ കംപ്ലീററ് കോഴ്സ് (അതായതു് 3 മാസം) ആവശ്യമാണെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ഒരുമാസത്തെ സേവകൊണ്ട് രോഗം പൂർണ്ണമായി സുഖപ്പെട്ടു. രോഗം ഭേദമായിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെയും രോഗം ശമിച്ചതിന് ഒരു കൃതജ്ഞതക്കത്ത് എഴുതാതിരുന്നതു് രോഗം ശരിയായി ഭേദമായി എന്നു ബോദ്ധ്യംവരട്ടെ എന്നു കരുതിയായിരുന്നു. ഇപ്പോൾ പരിപൂർണ്ണമായും ബോദ്ധ്യമായി. ഇതിൻെറ കൃതജ്ഞതപ്രകാശിപ്പിക്കാൻ കുറെ വാചകങ്ങൾ എഴുതിയതുകൊണ്ടു മതിയാകുമെന്ന് ഞാൻ കരുതുന്നില്ല. ഞാനും ഭാര്യയും കുട്ടികളും എന്നും വൈദ്യനു കടപ്പെട്ടവരാണ്. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കെ. എ. മാത്യു (ഒപ്പ്)

*

## പ്രമേഹം സുഖപ്പെട്ടു.

From ചാരുംമൂട്,
19–4–'60.

വിൽഫ്റഡ് ഡിക്രൂസ്,
ജി. എസ്സ്. എസ്സ്. കോർപ്പറേഷൻ,
ചുനക്കര P. O.

വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക്,
മാവേലിക്കര

സർ,



ഞാൻ മൂത്രമൊഴിവു (പ്രമേഹം) രോഗം പിടിപെട്ടു് കഷ്ടപ്പെടുകയും തുടന്ന് താങ്കളെ സമീപിച്ചു് വൈദ്യസഹായം ആവശ്യപ്പെടുകയും നിർദ്ദേശാനുസരണം താങ്കളുടെ ശശാങ്ക ഉപയോഗിക്കുകയും അതിൻെറ ഫലമായി. രോഗം പൂർണ്ണമായി സുഖപ്പെടുകയും ചെയ്തിരിക്കുന്നു. താങ്കളുടെ ഈ ദിവ്യൗഷധം എന്നപ്പോലെ ഇനിയും പലരേയും ഈ രോഗത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമെന്ന് എൻെറ അനുഭവംകൊണ്ട് ഞാൻ വിശ്വസിക്കുന്നു; എന്നുള്ള വിവരവും സന്തോഷപുരസ്സരം അറിയിച്ചുകൊള്ളട്ടെ.

എന്ന്, നിങ്ങളുടെ വിശ്വസ്തമിത്രം
വിൽഫ്രഡ് ഡിക്രൂസ് (ഒപ്പ്)

## ഗ്യാസ്ട്രബിളും വയററുവേദനയും സുഖപ്പെട്ടു.

**എൻ. ഹസ്സൻ, ടീച്ചർ,** കോന്നി,
വാർവിളാകം, വെള്ളപ്പാറ. 1-7-1959.

ശ്രീമാൻ, എസ്സ്. എസ്സ്. പിള്ള,
ചീഫ്‌വൈദ്യൻ,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,



അനേക നാളുകളായി എന്നെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരുന്ന വിശപ്പില്ലായ്മ, നിദ്രാഭംഗം വായുസ്തംഭനം, മലബന്ധം, ശരീരം മെലിച്ചിൽ, വയററുവേദന, എരിച്ചിൽ തുടങ്ങിയ ഭയങ്കര വ്യാധികളിൽ നിന്നും രക്ഷപ്പെടുത്തിയ തിന് അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ രാജ്യത്തുള്ള പ്രധാനപ്പെട്ട ചികിത്സാകേന്ദ്രങ്ങളിലെല്ലാം ചികിത്സിച്ച് ഭേദമാകാതെ നൈരാശ്യത്തിൽ കഴിഞ്ഞുകൂടുമ്പോഴാണ് താങ്കളുടെ പരസ്യം കാണുവാനിടയായതു്. ഒരു വിഫലശ്രമംകൂടി എന്ന നിലയിൽ താങ്കളെ പരിചയപ്പെടുകയും താങ്കളുടെ ജാതീകുസുമാദി എന്ന ഔഷധം ഉപയോഗിക്കുവാൻ എന്നെ ഉപദേശിക്കുകയും ചെയ്തതനുസരിച്ച് ക്രമേണ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തെ സേവകൊണ്ട് എൻെറ രോഗം പരിപൂർണ്ണമായി വിട്ടുമാറുകയും, ഇപ്പോൾ ഞാൻ ആരോഗ്യവാനായിത്തീരുകയും ചെയ്തിരിക്കുന്നുവെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ജാതീകുസുമാദിയുടെ ദിവ്യശക്തിയെപ്പററി അറിഞ്ഞ എൻെറ സ്നേഹിതന്മാരിൽ പലരും പ്രസ്തുത ലേഹ്യം ഉപയോഗിച്ച് സുഖം പ്രാപിച്ചിരിക്കുന്നുവെന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

അങ്ങേക്കും അങ്ങയുടെ മഹൽ സ്ഥാപനത്തിനും വിജയം നേർന്നുകൊള്ളുന്നു.

*

## അർശ്ശസ്സ് സുഖപ്പെട്ടു.

**ററി. കെ. ഭദ്രൻ,** Karigaon,
ഇ. & ഡി. ക്യാമ്പ്, 1—10—1958
ചമ്പമതി ഡൈവേർഷൻസ്കീം
P O. ഹാൽബിഗോൺ
ഗോൾപാററ ഡിസ്ട്രിക്ട്, ആസ്സാം

ചീഫ് വൈദ്യൻ അവർകൾക്കു്,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,

"ജാതീകുസുമാദി" ലേഹ്യം ഉപയോഗിച്ച് അർശ്ശോസംബന്ധമായ എല്ലാ രോഗങ്ങളും സുഖപ്പെട്ടു എന്നറിയിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്.



കഴിഞ്ഞ ഒൻപതു വർഷക്കാലമായി എന്നെ അത്യധികം ക്ലേശിപ്പിച്ച് നൈരാശ്യഗർത്തത്തിലാഴ്ത്തിയ ഈ രോഗം ഇത്ര പെട്ടെന്നു ഭേദമാകുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല.

മേലാൽ എൻെറ അറിവിൽപ്പെട്ട ആരെങ്കിലും അർശ്ശസ്സുരോഗബാധിതരാണെങ്കിൽ അവരെ വിജയാഫാർമസി സന്തോഷപൂർവം ചൂണ്ടിക്കാണിക്കുന്നതായിരിക്കും.

എന്നു്, ബഹുമാനപൂർവ്വം
ററി. കെ. ഭദ്രൻ.

*

# അർശ്ശസ്സും വായുകോപവും സുഖപ്പെട്ടു

**പി. എസ്സ്. ഗോപാലൻ,**
പുളിമൂട്ടിൽ,
ഊരമന P. O., മൂവാററുപുഴ.

ഊരമന,
18—11—'59



അങ്ങയുടെ നിർദ്ദേശമനുസരിച്ച് ഞാൻ എന്റെ അസുഖങ്ങൾക്ക് ജാതീകുസുമാദി ലേഹ്യം ഉപയോഗിച്ചതിൽ പരിപൂർണ്ണാശ്വാസം സിദ്ധിച്ചു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. താങ്കളുടെ സ്ഥാപനത്തിനും താങ്കൾക്കും എന്റെ ആശംസകൾ അറിയിച്ചുകൊള്ളുന്നു.

എന്ന്,
പി. എസ്സ്. ഗോപാലൻ.

★

JAMES P. G. LAMBART,
Merchant & Com: Agent.
Ellayakovilakom, COCHIN-2.

16th November 1959

Dr. S. S. PILLAI, Chief Physician
Vijaya Pharmacy, Mavelikara.

Dear My Doctor,



I feel extremely sorry, because, I did refer to numerous Dictionaries and am entirely fatifued; yet, I was not able to come across any proper word and/or an expression, as to how, I should thank you for your esteemed services, you have rendered to me, under the guidance of our Supreme Lord above

From the year 1950 onwards, I was in an awful condition having involved with unbearable Gastic troubles, Low Blood Pressure and heart weakness; the effect of which, could only be realised by those who are actually into it and all the while, I was having treatments from very efficient Doctors in Trivandrum, Varkala, Cochin and Ernakulam and also had some other Ayurvedic treatments from very efficient physicians and thus did waste a loft, yet, my result was abnormally nil and I lost all my hopes of survival

Thank God, I had an occasion to see your advertisement once and as a last trial measure, I approached you by a letter narating my awful existing conditions and you were very kind enough to guide me to use the following medicines for two months viz:—

JATHIKUSUMADI
SANJEEVANA SUDHA,
SIDHAMAKARADHWAJAM,
BRIHACHAGALADI

and I have already completed one month course

Obviously I am surprised to say that I find miraculous Devine effects and am much released of my troubles and I can boldly say, that your services to the public will surely be a BOON to save so many who are in serious troubles and I sincerely pray our Lord to give you long life and May God help you and your family with entire success in all your careers and enterprises

MAY GOD GRACE
Very sincerely Yours
James. P. G. Lambart (Sd)

# മാസവിശേഷങ്ങൾ

ആലപ്പുഴ— ഡിസ്ട്രിക്റ്റ് ആശുപത്രിയിൽ ഡി. എം. ഒ. വരുന്ന ദിവസംമാത്രം ആശുപത്രി ഡ്യൂട്ടിയിൽ ഉള്ളവരെല്ലാം കൃത്യനിഷ്ഠയുള്ളവരായിക്കാണാം. എന്നാൽ മുന്നറിയിപ്പുകൊടുക്കാതെ ഡി. എം. ഒ. ടി ആശുപത്രി ഒന്നു സന്ദർശിച്ചാൽ ഈ ആശുപത്രിയിൽ നടക്കുന്ന അഴിമതികൾ എന്തെല്ലാമാണെന്ന് കാണുവാൻ കഴിയും. രോഗികൾക്കായി വരുന്ന മരുന്നുകൾ ചോർന്നുപോകുന്നു എന്നും മരുന്നിന്റെ പേരുപോലും വായിക്കാൻ അറിവില്ലാത്തവർ മരുന്നുകൾ കഴിച്ചിട്ടുണ്ടെന്നും കേൾക്കുന്നു. രോഗികൾക്ക് ആവശ്യമുള്ള എല്ലാ മരുന്നുകളും സെൻട്രൽസ്റ്റോറിൽനിന്നും വരുത്തുന്നതിനും സെൻട്രൽസ്റ്റോറിൽനിന്നും അയച്ചുകൊടുക്കുന്നതിനും വേണ്ടതായ എല്ലാ ഏർപ്പാടുകളും ഐക്യകക്ഷി ഗവമ്മെൻറ് ചെയ്തിട്ടുള്ളതായും രോഗികളുടെ ആവശ്യത്തിനുള്ള മരുന്നുകൾ സെൻട്രൽസ്റ്റോറിൽനിന്നും വരുത്തുന്നത് താമസമാണെന്നുണ്ടെങ്കിലും ഉടനെ വേണ്ടിയ മരുന്നുകളാണെങ്കിലും സ്ഥലം മെഡിക്കൽ ഷോപ്പുകളിൽനിന്നും വാങ്ങി ഭാരവാഹികൾ ബില്ലുകൾ അയച്ചാൽ അതിന്റെ പണം ഇന്നത്തെ ഗവമ്മെൻറ കൊടുക്കുന്നതാണെന്നും നിർദ്ദേശം കൊടുത്തിട്ടുള്ളതായും അറിയുന്നു. എന്നാൽ പ്രാണവേദനയോടുകൂടി കിടക്കുന്ന രോഗിയോടും രോഗിയുടെ ആളുകളോടും മരുന്നുവാങ്ങിക്കൊണ്ടുവാ, ഇവിടെ മരുന്നുകൾ ഇല്ലാ എന്ന് ഗവമ്മെൻറിന്റെ ശമ്പളംപററിക്കഴിയുന്ന ഉദ്യോഗസ്ഥന്മാർ പറയുന്നതായി അറിയുന്നു. മെഡിക്കൽ മന്ത്രിയുടെയും അധികാരമുള്ള മേലുദ്യോഗസ്ഥന്മാരുടെയും ശ്രദ്ധ ആലപ്പുഴ ഡി: ആശുപത്രിയിലും പതിഞ്ഞുകാണുവാൻ നാട്ടുകാർ ആഗ്രഹിക്കുന്നു.

കേരളാ വാട്ടർട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരണം തൊഴിലാളികളുടെ ഗുണത്തിനുവേണ്ടിയോ—ചില വ്യക്തികളുടെ ഗുണത്തിനും താൽപ്പര്യത്തിനും വേണ്ടിയോ—? അനുഭവത്തിൽക്കൂടി തെളിഞ്ഞുവരുന്നത് തൊഴിലാളികളുടെ ഗുണത്തിനു വേണ്ടിയുള്ളതല്ലെന്നാണ്. കോർപ്പറേഷൻ ഓട്ടബോട്ടുകൾ എല്ലാം വെള്ളത്തിൽ താഴ്ന്നു തുടങ്ങിയിരിക്കയാണ്. ആലപ്പുഴ–തണ്ണീർമുക്കം ലൈനിലുള്ള പ്രൈവററ് ബസ്സ്സർവീസുകാരുടെപേരിൽ ശിക്ഷണനടപടികൾ എടുക്കാതിരുന്നാൽ യാത്രക്കാരുടെ ജീവനുപോലും ഹാനികരമാണ്. ബോട്ടുജട്ടി പ്ളാററ്ഫോമിൽ രാത്രികാലങ്ങളിൽ പോലീസ് ശ്രദ്ധപതിപ്പിച്ചാൽ അതു് യാത്രക്കാർക്കൊരനുഗ്രഹമായിരിക്കും.

ഗോപാലകൃഷ്ണാ ജുവലേഴ്സിന്റെ 3–ാമത് സ്വർണ്ണാഭരണ വിതരണപദ്ധതിക്ക് എല്ലാ സ്ഥലങ്ങളിലും വിശ്വസ്ഥന്മാരും സമർത്ഥന്മാരുമായ ഏജൻറന്മാരെ ഉടനെ ആവശ്യമുണ്ടെന്നും വമ്മാസ് ആയുർവേദ ഫാർമസിയിൽ ആയുർവ്വേദവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും വിധിപ്രകാരം തയ്യാറാക്കിവരുന്നെന്നും, ദാമു ജുവലേഴ്സിന്റെ മൂന്നാമതു സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറപദ്ധതിയുടെ ആദ്യനറുക്കെടുപ്പ് 1960 നവംബർ 30–ാം തീയതിതന്നെയാണെന്നും അറിയിച്ചിരിക്കുന്നു.

മുട്ടചിറ— കലങ്ങിക്കിടന്നിരുന്ന മിഷ്യൻ ആസ്പത്രിയുടെ ഉന്നമനത്തിനുവേണ്ടി അകമഴിഞ്ഞുസേവിക്കുന്ന ഫാദർ കളപ്പുരയ്ക്കലിനും രോഗികളുടെ ആശാകേന്ദ്രമായി പരിലസിക്കുന്ന വിദഗ്ദ്ധ ഡോക്ടർ എ. ജി. ഡേവിഡ് എം. ബി. ബി.എസ്.എച്ച്. ലഫ്റാനൻറുകേണൽ ജെ. എം. എസ്സിന്റെ സേവനത്തിനും സരസന്റെ ആശംസകൾ.

പുറക്കാട്— കമ്പോളത്തിനു കിഴക്ക് വള്ളക്കടവിലെ രാത്രികാലങ്ങളിലുള്ള ചില യുവപൂവാലന്മാരുടെ ക്യാമ്പും അടുത്തുള്ള ഒരു യക്ഷിയുടെ ഭവനത്തിലേക്കുള്ള പോക്കും സരസനറിയുന്നു. അമ്പലപ്പുഴ കരൂർവെള്ളാഞ്ഞിയിൽ സാധുക്കളുടെ വീടുകളിൽ രാത്രികാലങ്ങളിൽ ചില ചെറുപ്പക്കാരായവർചെന്ന് വീടുകളിൽ പ്രവേശിച്ച് പലവിധമായ ശല്യങ്ങൾ ഉണ്ടാക്കിവരുന്ന സംഗതിയും മററും സരസനമനസ്സിലായി. അധികാരികളുടെ ശ്രദ്ധ പതിഞ്ഞുകണ്ടാൽകൊള്ളാമെന്ന് ആഗ്രഹിക്കുന്നു.

പല്ലാട്— പല്ലാട് വടക്കേക്കവലയിൽ അങ്ങാടിക്കട നടത്തുന്ന രാമകൃഷ്ണൻനായർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം കുറവാണെങ്കിലും ശാസ്ത്രീയമായ രീതിയിൽ പാകപ്പെടുത്തിയെടുത്ത അശ്ലീലം പറയുന്നതിലും എഴുതുന്നതിലും മി: നായർ വളരെ മെച്ചമാണെന്ന് സരസനറിയാം. അങ്ങനെയുള്ള മാന്യന്റെ കടയുടെ കതകിന്മേൽ കേവലമായ അശ്ലീലങ്ങൾ എഴുതിപ്പിടിപ്പിച്ചിരുന്ന വിദ്യാസമ്പന്നരായ പുഷ്പഗിരി വിദ്യാർത്ഥികളുടെ പേരിൽ സരസൻ സഹതപിക്കുകയല്ലാതെ എന്തുചെയ്യുവാനാണ്.

ചീന്തലാർ— വാങ്ങിയാൽ കൊടുക്കുവാൻ വശമില്ലാതെവരും. കൊടുക്കരുതെന്ന് നിർബന്ധമുള്ളവരോ? ആ കരക്കാർക്കുതന്നെ ഇക്കൂട്ടർ ആപത്താണ് ഒരു കരക്കാർ ഒന്നിച്ച് നരകത്തിൽ വീഴുന്നതിലും നല്ലതു്, ഇവരെ നാടുകടത്തുകയല്ലേ? അല്ല ആലോചിക്കു!

കുടശനാട്— മിസ്റ്റർ കെ. കെ. പറങ്ങാടിയുടെ കാളക്കൂടവൈദ്യശാല മുടക്കാനു് വല്ലപ്പോഴും പുറത്തു ഗ്രാൻറുകിട്ടുന്നുണ്ടെങ്കിലും പാരായം ആൻറ് മറേറതിനും ഗ്രാൻറുകൊടുക്കാത്തതു് പുതിയ കാരവാങ്ങിയവിവരം ആരും അറിയാഞ്ഞിട്ടാണോ? പെരുമാററം നന്നാക്കിയാൽ കരളിനു സുഖം കാണും കേട്ടോ വൈദ്യരേ?

പൂഴിക്കോൽ— സ്ഥലത്തെ പുരാതനകുടുംബാംഗമായ പൊതിപ്പടിക്കൽ ശ്രീ. നാരായണപിള്ളയുടെ മകൻ പി. എൻ. കരുണാകരൻനായരും, കൊഴുവനാൽ പൂത്തേടത്ത് ശ്രീ. ഗോപാലൻനായരുടെ മകൾ കുമാരി ചെല്ലമ്മയും തമ്മിലുള്ള വിവാഹം 23—10—'60 ഞായറാഴ്ച, ഏററുമാനൂർ മഹാദേവർക്ഷേത്രത്തിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

എരുമേലി— പേരുത്തോട്ടിൽ വി. എൻ. കെ. കെ. കങ്കാണിയും ഏതാനും ചില ആളുകളുംകൂടി റൂം 66 നിയമസഭയിൽ ചർച്ചചെയ്തതിനെപ്പററി, മലവർഗ്ഗക്കാരെയും മററു കർഷകരായ ചില ആളുകളെയും പറഞ്ഞു കബളിപ്പിച്ച് പണപ്പിരിവുകൾ നടത്തുന്നുണ്ട്. പാലാമ്പടത്തുകാർക്ക് അനുവദിച്ച 932 ഏക്കറിൽ 356 ഏക്കർ കർഷകരുടെ കൈയിലാണ്. ആ ഭൂമി നിങ്ങൾക്കുതന്നെ വാങ്ങിത്തരാമെന്നു പറഞ്ഞാണ് പണപ്പിരിവുനടത്തിവരുന്നതു്.

കളമശ്ശേരി— ശ്രീ. ആർ. പത്മനാഭപിള്ളയെ കളമശ്ശേരി സരസൻ ഏജൻറായി നിയമിച്ചിരിക്കുന്നു.

കമ്പഴ–മൈലപ്രാ— വില്ലേജടിസ്ഥാനത്തിൽ പഞ്ചായത്തു രൂപീകരിക്കണമെന്നുള്ള കമ്പഴ–മൈലപ്രായിലെ ബഹുജനങ്ങളുടെയും പഞ്ചായത്തുകമ്മിററിയുടെയും, ഭൂരിപക്ഷം മെമ്പറന്മാരുടെയും ആഗ്രഹാഭിലാഷങ്ങൾക്കു വിപരീതമായി ചന്തുമേനോൻ റിപ്പോർട്ടുണ്ടാക്കി നാടിന്റെ പുരോഗതിയെ തടയുന്നതിനെ പ്രതിഷേധിച്ച് 23–10–60–ൽ 2000–ൽപരം സമ്മതിദായകർ ഒരു വമ്പിച്ച പ്രകടനം കമ്പഴ ജംഗ്ഷനിൽനിന്നും ആരംഭിച്ച് യോഗസ്ഥലമായ കമ്പഴ വടക്ക് ജംഗ്ഷനിൽ എത്തുകയും സമരസമിതി കൺവീനർ എം. ടി.

മാനവേലിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയും ചെയ്തിരിക്കുന്നു.

പാലമററം— പ്രവർത്തനരഹിതമായി കിടന്നിരുന്ന "ചന്ദ്രോദയ ആർട്ട്സ് ക്ലബ്ബ്" വീണ്ടും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ടി ക്ലബ്ബ് അംഗങ്ങൾ അടുത്തമാസാവസാനം ഒരു നാടകവും ഒരു കഥാപ്രസംഗവും നടത്താൻ തീരുമാനിച്ചിരിക്കുന്നു.

പീരുമേട്— പള്ളിക്കുന്നിൽ എസ്സ്. നേസ്സിലാസ്സിന്റെ കടയിൽ സരസൻ കിട്ടുന്നതാണ്. ചക്കാത്തുവായനക്കാരുടെ പേരുവിവരം അടുത്തതിൽ.

കുത്താട്ടുകുളം— സോമില്ലിനുസമീപത്തുള്ള ഒരു മാൻപേടയുടെ ഞായറാഴ്ചപര്യടനവും സ്നേഹവ്യാപാരവും സരസനറിയുന്നു. പേരുവിവരം അടുത്തതിൽ. നിലംപരിശാകാറായ സ്ഥലത്തെ പ്രൈമറിസ്കൂളിന്റെ കാര്യത്തിൽ ബഹു: ഗവ: ശ്രദ്ധിക്കണമെന്നപേക്ഷ.

വെള്ളിമല— രജാക്കണ്ടംഭാഗത്ത് ഒരു ചായക്കടക്കാരനും ഏതാനും സഞ്ചി ഊററിക്കുടിക്കുന്ന ആളുകളും വഴിയേപോകുന്ന ആളുകളെ ചായകുടിക്കാൻ എന്ന നിലയിൽ വിളിച്ചു കളിയാക്കുകയും ദേഹോപദ്രവമേല്പിച്ചുവിടുകയും അവരുടെ പതിവായിത്തീർന്നിരിക്കയാണ്. വണ്ടൻമേട്ടുമാർക്കററിലെ കശാപ്പുകാരനായ ഒരാൾ ഈ കൂട്ടത്തിനു നേതൃത്വം കൊടുക്കുകയും, നല്ല തുക തരാമെങ്കിൽ കേരളത്തിലെ ഏതു പ്രമാദമായ കേസുകളും ഒതുക്കിത്തീർക്കാമെന്നു പലർക്കും വാഗ്ദാനംചെയ്തിട്ടുള്ളതായും അറിയുന്നു.

അരയൻകാവ്— സി. എസ്. ബി' യുടെ പ്രണയലേഖനംകീറിക്കളച്ചിലും ചെത്തുകാരൻ എടുത്തു വായിച്ചതുമായ രഹസ്യങ്ങൾ ഇനിയും സരസൻ പരസ്യപ്പെടുത്തുമേ! പള്ളിവാതുക്കലെ യക്ഷിയുടെ ശല്യം നീർപാറ എത്തിയിരിക്കുന്നു. സൂക്ഷിക്കാൻ സരസന്റെ മുന്നറിയിപ്പ്. യുഗപ്രവാചകനു സരസന്റെ അഭിനന്ദനം.

കല്ലാർകുട്ടി— 12-ാംതീയതി ശനിയാഴ്ചരാത്രി ജനതാസ്കൂളിൽവച്ച് ശ്രീ. കാച്ചിററ രാമചന്ദ്രൻ ആൻഡ് പാർട്ടിയുടെ കഥാപ്രസംഗം ഉണ്ടായിരിക്കുന്നതാണ്. സരസൻ ഒററപ്രതി ആവശ്യമുള്ളവർ പി. എൻ. പൊന്നപ്പന്റെ കടയിൽ അന്വേഷിക്കുക.

തിരുവമ്പാടി— സുഹൃത്തുക്കളെ, കഴിഞ്ഞലക്കം സരസൻ നമ്മേസംബന്ധിച്ചിടത്തോളം ചിലതു സംഭവിച്ചു. അധികൃതരുടെ ശ്രദ്ധയെ ആകർഷിച്ചു. കാര്യമറിയാതെ തെററിദ്ധരിച്ചു. ചില ഭീരുക്കൾ അരിശംകൊണ്ടു. കരിംചന്തക്കാർക്കു ചില താക്കീതുകൾനൽകി—നാട്ടിന്റെ നീറുന്ന പ്രശ്നങ്ങൾ അനവധിയെന്നു നിങ്ങൾ കണക്കിലെടുക്കുക. നിങ്ങളിൽ പലരും മറന്നിരിക്കയില്ലല്ലോ ജീവൻമരണസമരംചെയ്ത ഒരു സഹോദരിയുടെ പ്രസവകഥ. യാത്രാസൗകര്യമുള്ള റോഡോ, ശുശ്രൂഷിക്കുവാനൊരു ഡാക്ടറോ, പോകട്ടെ ഒരു മിഡ്വൈഫ് എങ്കിലുമോ ഉണ്ടായിരുന്നുവെങ്കിൽ ആ അന്നമ്മയുടെ കണ്ണുനീരിന്റെ കഥ നിങ്ങളെ വിഷമിപ്പിക്കുമായിരുന്നോ? സരസൻ വ്യക്തമായി പറയുന്നു: ഇനിയും ഇവിടെ അന്നമ്മമാരും ചിന്നമ്മമാരും ഉണ്ടെന്നു മറക്കരുതേ എന്ന്. നമ്മുടെ പൊതുപ്രശ്നങ്ങളെ അറിഞ്ഞു പ്രവർത്തിക്കുക.

പെരുമ്പളം— മാർക്കററ് അഭിവൃദ്ധിയിൽ. പക്ഷേ ചില പൂവാലന്മാരുടെ കുത്തിയിരിപ്പും വേലിചാരലും ഒന്നു നിറുത്തണേ.

അരൂക്കുററി— വടുതല ജട്ടിയിൽ രാത്രി ബോട്ടിൽ ഇറങ്ങുന്ന യാത്രക്കാർക്കു വഴിനടക്കുവാൻ നിവൃത്തിയില്ലെന്നു പൊതുജനസംസാരം. അധികാരികൾ ശ്രദ്ധിക്കണം. അരൂക്കുററിയിൽ കനാൽജട്ടിയുണ്ടെങ്കിലും രാത്രികാലങ്ങളിൽ ബോട്ട് അടുക്കുന്നില്ലെന്നു ജനശബ്ദം.

പാണാവള്ളി— ആന്ദിലത്തോടിനു സമീപം ഒരു ഒളിച്ചുകളി നടക്കുന്നതും സരസൻ അറിയുന്നു വിശദവിവരം പിന്നാലെ. സരസനോടു കളി നല്ലതിനല്ല.

പൂച്ചാക്കൽ— ചന്തയിലെ ചില കച്ചവടക്കാർക്കു സരസനോട് ഒരു ഓക്കാനം. കച്ചവടത്തിനിടയിൽ കണ്ണു കോങ്കണ്ണാകുന്നതും പട്ടികൊരയും നിരാശയും സരസൻ അറിയുന്നു. ഡാക്ടർ സാറിന്റെ സേവനം പുരോഗതിയിൽ.

ഒററപ്പുന്ന— വാട്ടർ ട്രാൻഡ്പോർട്ട് അധികാരികൾ കടത്തുബോട്ട് ഇട്ടതുകൊണ്ട്. രാത്രികാലങ്ങളിൽ യാത്രചെയ്യുന്ന യാത്രക്കാർക്കു കൃപാ ഒന്നുമാത്രം. ബോട്ടുജട്ടിയിലെ കളിയാക്കൽ പ്രസ്ഥാനത്തിൽ അധികാരികൾക്കും പങ്കുണ്ടോ!

തൈക്കാട്ടുശേരി— പൊതുജനവായനശാലാപ്രവർത്തനം അഭിവൃദ്ധിയിൽ. സ്ഥലത്ത് ചില മദ്യപാനികളുടെ ശല്യംനിമിത്തം രാത്രികാലങ്ങളിൽ വഴിനടക്കുന്നതിനു നിവൃത്തിയില്ലെന്നൊരു ജനരോഷം. പകലത്തെ മുതലാളി രാത്രിയിലെ റൗഡി, ചില കടകളിൽ കാത്തിരുന്നു സരസൻ മോഷ്ടിക്കുന്ന മാന്യന്മാരുടെ പേരുവിവരം അടുത്തതിൽ.

ചെങ്ങന്നൂർ— പി. ഡബ്ലിയു. ഡി. വർക്സ്സൂപ്രണ്ടു മാത്യു സാധു ജോലിക്കാരെ പല രൂപത്തിലും ഉപദ്രവിക്കുന്നുണ്ട്. കാരണം അവർ എൻ. എം. ആർ. തൊഴിലാളിയൂണിയൻ അംഗങ്ങളായതുകൊണ്ട്. അവർക്ക് ഇന്നു ചെങ്ങന്നൂരാണ് ജോലിയെങ്കിൽ നാളെ മാന്നാത്താണ്. മറെറന്നാൾ എണ്ണയ്ക്കാട്ടാണ്. അവർ അങ്ങനെ നടന്നു ക്ഷീണിച്ച് അവിടെ ചെല്ലുമ്പോൾ 8 മണി കഴിഞ്ഞാൽ അവർക്ക് അന്നത്തെ ജോലി പൂജ്യമാണ്. അന്നത്തെ പണം ഉദ്യോഗസ്ഥന്മാർക്കാണ്. അവർ യൂണിയൻമുഖേന പരാതിപ്പെട്ടാൽ ചോദിക്കാനും പറയാനും ഒററ ഉദ്യോഗസ്ഥന്മാർപോലും ഇല്ല. ജോലിക്കാരെ കാണാൻവന്ന എൻ. എം. ആർ. തൊഴിലാളിയൂണിയൻ സെക്രട്ടറിയെ തല്ലുമെന്നുവരെ ഈ മാത്യു പറഞ്ഞു. അത്ര അഹങ്കാരമാണ് മാത്യുവിനുള്ളത്. ആലപ്പുഴ ഡിവിഷൻ ഓഫീസർമുതൽ താഴെയോട്ടുള്ള ഉദ്യോഗസ്ഥന്മാരായ അസിസ്റ്റൻറ് എൻജിനീയർ സെക്ഷനാഫീസർ മുതൽപേർ മാത്യുവിന്റെ കളിപ്പാവകളാണ്. അപ്പോൾ മാത്യുവിനു എന്തും ചെയ്യാം. ആയതിനാൽ ഒന്നുകിൽ ഈ ഉദ്യോഗസ്ഥന്മാരെ ഇവിടെനിന്നും മാററി നീതിമാന്മാരായ ഉദ്യോഗസ്ഥന്മാരെ ഇവിടെ നിയമിക്കണം അല്ലെങ്കിൽ ഈ വർക്കുസൂപ്രണ്ടു മാത്യുവിനെ ഉടനടി ഇവിടെനിന്നും മാററാൻ അധികാരികൾ ശ്രദ്ധിച്ചാൽ കൊള്ളാം. കൂടാതെ ചില കൺട്രാക്ററർപണികളും മററും അടുത്തതിൽ.

കല്ലറ— കല്ലറയിലും സരസൻ ചക്കാത്തുവായനക്കാർ പുരോഗതിയിൽ, സരസന്റെ വരിസംഖ്യ കുടിശിഖക്കാർ പണംകൊടുത്ത് ഏജൻറിനെ സഹായിക്കാൻ അപേക്ഷ.

മൂവാററുപുഴ— ഗവമ്മെൻറ് ആശുപത്രിയിൽനിന്നും സാധുക്കളായ രോഗികൾക്കു കിട്ടുന്നതായ ഭക്ഷണം തക്ക സമയത്തു കിട്ടുന്നില്ലെന്നുള്ള പരാതി പ്രാബല്യത്തിൽ വരുന്നതുകൊണ്ട് അധികാരികൾ ഉടനടി ഇക്കാര്യത്തിൽ ശ്രദ്ധിച്ചാൽകൊള്ളാം.

തലപ്പുഴ:— തലപ്പുഴ പഞ്ചായത്തുബോർഡ് വക തലപ്പുഴ ബസാറിലുള്ള റേഡിയോ ശബ്ദിക്കാതെയായിട്ട് മാസം ഒന്നിലധികമായി. ഇനി എത്രകാലം ഇങ്ങനെ കിടക്കേണ്ടിവരും. ഇനിയെങ്കിലും പഞ്ചായത്ത് അധികാരികളുടെ സത്വരശ്രദ്ധ പതിയുമോ? ഇവിടങ്ങളിലും പരിസരപ്രദേശങ്ങളിലുമുള്ള വാററുംവിൽപ്പനയും പുരോഗമിക്കുന്നു. പോലീസ് അധികാരികൾ ശ്രദ്ധിക്കണം.

ഞീഴൂർ— ഞീഴൂർ ചന്തയിൽനിന്നു മയക്കല്ലുകുട്ടി കുരുക്കുവഴിക്കു കിഴക്കോട്ടു

ള്ള പോക്കും പോക്കുവഴി ചില ചില സാധനങ്ങൾ കൊടുക്കൽവാങ്ങലുകൾ നടത്തുന്ന വിവരവും നാട്ടുകാരോടൊപ്പം സരസനും അറിഞ്ഞു. വിശദവിവരവും പേരുവിവരവും അടുത്തതിൽ.

തോട്ടയ്ക്കാട്:— ഇവിടത്തെ മിഷ്യൻ ആശുപത്രിയിൽ ഇപ്പോഴും നിയമിതനായിരിക്കുന്ന ഡോക്ടർ ശ്രീ. എം. പി. നൈനാൻ അവർകളുടെ നിസ്വാർത്ഥസേവനവും പുതിയ നേഴ്സുകളുടെ ആതുരശുശ്രൂഷകൾക്കും സരസന്റെ അകമഴിഞ്ഞ അഭിനന്ദനം.

പിറവം— പിറവം ടൌൺറോഡ് താറിടാത്തതുകാരണം പൊടിപടലംകൊണ്ട് അന്തരീക്ഷം എപ്പോഴും മൂടപ്പെട്ടകയാണ് അതിനാൽ ബിസ്സിനസ്സുകാരും പൊതുജയങ്ങളും അനുഭവിക്കുന്ന ദുരിതങ്ങൾ അനവധിയാണ്. പിറവം റോഡ് ഒരു മൈൽ താറിടുന്നതിന് എസ്റ്റിമേററ് അനുവാദം ഗവമ്മെൻറ് നൽകീട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. നാളിതുവരെ യാതൊരു പണിയും ആരംഭിച്ചിട്ടില്ല. ഇതിനേക്കാളും പ്രാധാന്യം കുറഞ്ഞ പല ഗ്രാമറോഡുകൾപോലും ചില എം. എൽ. ഏ. മാരുടെ സ്വാധീനംകൊണ്ട് ടാറിംഗ് കഴിഞ്ഞിരിക്കയാണ്. എന്നാൽ രണ്ടു മന്ത്രിമാരെ പ്രസവിച്ച പിറവം നിവാസികളുടെ കാര്യത്തിൽ പലതിനും കുമരനു കുമ്പിളിൽതന്നെ കഞ്ഞി. സ്റ്റീഫൻസാറിനെ അവഹേളിക്കുവാൻ കരുതിക്കൂട്ടി പ്രവർത്തിച്ച കരുത്ത കൈകളുടെ പൂർവ്വീകചരിത്രങ്ങളും മററും മററും പിന്നാലെ.

കോട്ടയം— ആസ്പത്രി ഫാമിലി പ്ലാനിംഗ്നേഴ്സ് സരോജിനിയുടെ ഡാക്ടരുമായുള്ള എഴുത്തുകൈമാററവും ആശുപത്രി പറയുന്നു. അടുത്തതിൽ. തിരുവാതുക്കൽ ശിശുസംരക്ഷണ കേന്ദ്രത്തിലെ അമ്മിണി സൂസമ്മമാരുടെ മണർകാട്ടു പള്ളിപ്പോക്കും, തിരുവാതുക്കലുള്ള ഒരു പട്ടാളക്കാരന് എഴുത്തുകൊടുക്കുന്നതും ചില ചെറുപ്പക്കാരെ കേന്ദ്രത്തിൽ വിളിച്ചുവരുത്തി കാപ്പിസൽക്കാരം നൽകുന്നതായി തിരുവാതുക്കൽ ഒരു ബഹളം. മാർക്കററിലെ ഒരു പലചരക്ക കച്ചവടക്കാരൻ സ്കൂട്ടറിൽ ചാലുകുന്നുഭാഗത്തുള്ള ചില ഓലപ്പുരകളിൽ രാത്രികാലങ്ങളിലെ സന്ദർശനത്തിൽ ചാലുകുന്നുഭാഗത്ത് ചുങ്കത്തിന് ഒരു കണ്ണുകടി. വിദ്യാർത്ഥി ഉമ്മന്റെ കാലുപിഴച്ചുപോക്ക് സൂക്ഷിക്കണം. കേശവൻമുതലാളി തിരുവാർപ്പിലെ പറമ്പുനോക്കാൻപോകും കല്ല്യാണപ്പറമ്പിൽനിന്നും ഓട്ടംപിടിച്ചതും ജീപ്പ് തനിയെ പുറകേ ചെന്നെന്നും കല്ല്യാണവീട്ടിൽ സംസാരം. പൊന്നിയും കൂട്ടരും ഏററുമാനൂർ സിനിമായുടെ വീട്ടിൽ ചെന്നതും ഏറെപിടിച്ച് കാറിൽ പറന്നെന്നും അയൽപക്കത്തുള്ള ഓലപ്പുര പറയുന്നു. എംപ്ളോയിമെൻറ് എക്സ്ചേഞ്ചിലെ ടൈപ്പിസ്റ്റ് ഉദ്യോഗത്തിന് അപേക്ഷയുംകൊണ്ടുചെന്ന ഒരു യുവതിയെ ലോഡ്ജിൽ കൊണ്ടുപോയെന്നും ടൈപ്പിസ്റ്റിന്റെ തൊഴിൽ ഇതാണെന്നും ആഫീസ്സ് മാറിപ്പറയുന്നു.

കല്ലൂർക്കാട്— ശിവരാമപിള്ളയുടെ പോസ്റ്റാഫീസിലെ സൊള്ളൽ കൊള്ളാം. സമയം ദീർഘിപ്പിക്കുന്നതു്. സിനിമാകാണലും കടയിലേക്കുള്ള ക്ഷണിക്കലും സരസൻ അറിയുന്നുണ്ട്. വിശദവിവരങ്ങൾ അടുത്തതിൽ.

തൃച്ചാററുകുളം— ചില പറന്നുനടക്കുന്ന പറവക്കുവേണ്ടി ചില പൂവാലന്മാർ വാൾപോസ്റ്റ് എഴുതിയൊട്ടിക്കുന്ന രഹസ്യം സരസൻ അറിയുന്നു. കള്ളി വെളിയിലാകാതെ സൂക്ഷിക്കുന്നതു നന്ന്. കട്ടോണ്ടും കള്ളൻ മുന്നോട്ട് എന്ന രീതിയിൽ ചില രാത്രീഞ്ചരന്മാരുടെ സഞ്ചാരം നിത്തണേ!

തുരുത്തിഭാഗം— രാജപ്പൻ പാർട്ടിയുടെ വിശാലഹൃദയം സരസൻ അറിയുന്നുണ്ട് തൊണ്ടുതല്ലീ നല്ലതുതന്നെ—വിശദവിവരം അടുത്തതിൽ. മററത്തിഭാഗം പബ്ളിക്കമാർക്കററിനുസമീപം ചില കോമാളികളുടെ കുത്തിയിരുപ്പു നിമിത്തം സ്ത്രീകൾക്ക് വഴിനടക്കുവാൻ നിവത്തിയില്ലെന്ന് ഒരു പൊതുജനസംസാരം അധികാരികൾ ശ്രദ്ധിക്കണം.

കായംകുളം— സ്ഥലം ഗവമ്മെൻറാശുപത്രിയിലെ ഡോക്ടർ ആശുപത്രിസമയംകഴിഞ്ഞ് വീട്ടിൽപോയാൽപ്പിന്നെ അവിടെ നടക്കുന്നതു് മദ്യപാനവും മററ് ആഭാസത്തരങ്ങളുമാണെന്ന് ഒരു ജനസംസാരം. ലേബർ ആഫീസർ കടകളിൽപ്പോയി ചെയ്യേണ്ട കാര്യമെല്ലാം ആഫീസിൽവച്ചുതന്നെ നടത്തുന്നതിന്റെ രഹസ്യം എന്തെന്ന് സരസൻ അറിഞ്ഞു. ഫുഡ് ഇൻസ്പെക്ടരുടെ നടപടികൾ നിയമത്തിന് വിരുദ്ധമെന്ന് ജനശബ്ദം.

മാവേലിക്കര— ഗവമ്മെൻറ് ആശുപത്രിയിൽ ഉദ്ദേശം ആയിരക്കണക്കിനാളുകൾ വന്നുപോകുന്നുണ്ട്. ഈ സ്ഥാപനത്തിൽ മുൻപ് 5 ഡോക്ടരും അതിനുവേണ്ട സജ്ജീകരണങ്ങളും ഉണ്ടായിരുന്നു. അവിടെ രണ്ടു ഡോക്ടറന്മാർ മാത്രമേ ഇപ്പോഴും നിലവിലുള്ളു. ലക്ഷത്തിൽ പരം രൂപാ ചെലവുചെയ്തു് കൊട്ടിടങ്ങളും കുററംതീർത്തു് പൂട്ടിയിട്ടിരിക്കയാണ്. രോഗികൾ വരാന്തയിലാണ് കിടക്കുന്നതു്. ഗവമ്മെൻറിന്റെ ഈ നടപടികളിൽ നാട്ടുകാർക്ക് പ്രതിഷേധമുണ്ട്.

ഹരിപ്പാട്— സ്ഥലത്തു് ഹോട്ടലും ചായക്കടകളും ധാരാളമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ശുചീകരണത്തെപ്പററി ഹെൽത്ത് ഡിപ്പാർട്ടുമെൻറുകാർ ശ്രദ്ധിച്ചാൽ ആശുപത്രിക്കും, മററു ഡിസ്പെൻസറികൾക്കും ഒരനുഗ്രഹമായിരിക്കും. ഗവ: ആശുപത്രിയിലെ ഡോക്ടർ ഗംഗാധരന്റെ നടപടികളിൽ നാട്ടുകാർക്ക് പ്രതിഷേധമുണ്ട്. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

തട്ടാരമ്പലം— സ്ഥലത്തെ പോലീസിന്റെ സതപരശ്രദ്ധകൊണ്ടാണോ മദ്യപാനവും ചൂതുകളിയും നാൾക്കുനാൾ വർദ്ധിച്ചുവരുന്നതു്?

തോട്ടപ്പള്ളി— കോളണിക്കെട്ടിടത്തിന്റെ മദ്ധ്യത്തിൽ ഒരു ഹെൽത്ത്ഡിപ്പാർട്ടുമെൻറ് മിഡ്വൈഫ് എന്നുള്ള ഒരു ബോർഡ് മാത്രം അവശേഷിച്ചിട്ടുണ്ട്. നിരാശ്രയരായ അനേകം സ്ത്രീകൾ ഈ കോളണിയിൽ താമസിക്കുന്നുണ്ട്. നാട്ടുകാർ അധികൃതസ്ഥാനങ്ങളിൽ പരാതിപ്പെട്ടിട്ടും ഒരു നടപടിയും എടുക്കാത്തതിന്റെ കാര്യം എന്താണെന്നു മനസ്സിലാകുന്നില്ലാ.

തൃക്കുന്നപ്പുഴ— വില്ലേജാഫീസർ നിയമത്തിനു വിപരീതമായി മുന്നോട്ടുപോകുന്നതു് നന്നല്ലാ.

ചൂളത്തെരുവ്— സ്ഥലത്തെ ഷാപ്പിനു സമീപം ചൂതുകളിയും മററും മററും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പോലീസ് ശ്രദ്ധിച്ചാലും. ശ്രീ. രാഘവൻവൈദ്യന്റെ അധികാരത്തിൽ നടത്തിവരുന്ന മരുന്നുകട നാട്ടുകാർക്കും വൈദ്യന്മാർക്കും ഒരനുഗ്രഹംതന്നെ.

പൊന്നാംവെളി— ചന്തസമയത്തു് ചില ചെറുപ്പക്കാരുടെ ചന്തയിലുള്ള കറക്കവും മററും വർദ്ധിച്ചുവരികയാണ്. മോശമാണേ.

ഉറവൂർ— തെക്കേനടയിൽ വിട്ടുള വാദ്ധ്യാരുടെപൗരോഹിത്യംമൂലം കടക്കരപ്പള്ളി വാസുദേവപ്പൈയുടെ വസതിയിൽ ചില ശിശുക്കൾ നടമാടിവരുന്നതായി നാട്ടുകാർ പറയുന്നു.

തിരുനെല്ലൂർ— ബ്രാഹ്മവിദ്യാസദനത്തിൽ നടത്തിവരുന്ന ഹോമിയോഡിസ്പെൻസറിയിലെ ഡോക്ടരുടെ ചികിത്സ നാട്ടുകാർക്ക് ഉപകാരത്തിനു പകരം ഉപദ്രവകരമായിത്തീർന്നിരിക്കയാണ്. പല അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടുണ്ടെന്നു് ജനസംസാരമുണ്ട്. അധികൃതർ ശ്രദ്ധിക്കണം.

തൊടിയൂർ (വേങ്ങറ)— പേരെടുത്ത കാട്ടിവിളകുട്ടിയും പട്ടാളക്കാരനുമായുള്ള മത്സരക്കളിയിൽ കുട്ടി തോററെന്നും, രാത്രികാലങ്ങളിൽ പൂവാലന്മാരുടെ ഓട്ടവും, നാട്ടുകാരുടെ പരാതിയും, പട്ടികരയും മററും മററും സരസൻ അറിഞ്ഞു.

ചേപ്പാട്ട് — പി. എം. ഡി. മിഡിൽസ്കൂൾ ഹെഡ്മാസ്റ്ററുടെ മുരുമകളുടെ നിയമനം നടത്തിപ്പിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് അംഗീകരിച്ചതിൽ നാട്ടുകാർക്കും മററ് അദ്ധ്യാപകന്മാക്കും അമർഷമുണ്ട്. ഗവമ്മെൻറ് ശ്രദ്ധിക്കണം.

വടക്കനാര്യാട്ട് — ചെല്ലപ്പൻസാറിൻെറ അവധിയെടുക്കലും മദ്ധ്യസ്ഥതതീരുമാനവും മററും സരസനറിഞ്ഞു. അദ്ധ്യാപകന്മാർ ഇങ്ങനെ തുടങ്ങുകയാണെങ്കിൽ അവർ പഠിപ്പിക്കുന്ന വിദ്യാത്ഥികളുടെ കാര്യം കണ്ടറിയേണ്ടതാണ്.

പള്ളിക്കൽ — സ്ഥലം വനിതാസമാജം സെക്രട്ടറി കുറേനാളുകളായി അഭിമാനമുള്ള യുവാക്കന്മാരെ അധിക്ഷേപിക്കുന്ന പുതിയ പരിപാടിയുമായി രംഗപ്രവേശം ചെയ്യുന്നുണ്ട്. ഇതു നിറുത്തിയാൽക്കൊള്ളാമെന്നു സരസൻെറ മുന്നറിയിപ്പ്.

കുറുമുള്ളൂർ — സ്ഥലം കൊല്ലം എറണാകുളം റെയിൽവേയ്ക്കു കിഴക്കുവശമുള്ള ചില വീടുകളിലെ പത്തും പതിനേഴും വയസ്സു പ്രായമുള്ള അവിവാഹിതരായ പെൺപിള്ളേരും, വിവാഹാനന്തരം രണ്ടുമൂന്നു കുട്ടികളുമുള്ള ചെറുപ്പക്കാരുമായുള്ള സമ്പക്കംമൂലം സാമാന്യം മാനംമര്യാദയായി ജീവിക്കുന്ന മററു ചെറുപ്പക്കാർക്കു കണ്ണുതുറന്നു വഴിയേ നടക്കുവാൻ പാടില്ലാത്തവിവരം സരസൻ അറിയുന്നു. വിശദവിവരം പുറകെ.

വള്ളിക്കുന്നം — ചൂനാട്ടുചന്തയിൽ സരസൻ കാണുമ്പോഴും ചില മുതലാളിമാർക്കു ഓക്കാനംവരുകയും, അഥവാ എടുത്താൽ പൈസാ കൊടുക്കാൻ പ്രയാസവുമാണ്. ഏതായാലും ചില മുതലാളിമാരുടെ കാര്യം സരസൻ തുറന്നു പറയുമേ. കൃഷ്ണപുരം ദേശസേവിനി ഗ്രന്ഥശാലയുടെ ഒരു വിശേഷാൽപൊതുയോഗം കൂടുകയുണ്ടായി.

വെളിയം — സരസൻെറ വെളിയം ഏജൻറായി ശ്രീ. വൈ. തോമ്മസിനെ നിയമിച്ചിരിക്കുന്ന വിവരം നാട്ടുകാരായ എല്ലാ പത്രബന്ധുക്കളെയും അറിയിച്ചുകൊള്ളുന്നു. സ്ഥലത്തും പരിസരങ്ങളിലും സരസൻ ഒററപ്രതി ആവശ്യമുള്ളവർ ടിയാനെ സമീപിക്കുക.

കൊട്ടാരക്കര — പുലമൺജംഗ്ഷനിലെ രാത്രികാലങ്ങളിലുള്ള അടിപിടിക്കു സ്വല്പം കുറവുണ്ടെങ്കിലും കാതരാക്ഷിമാരുടെ അഴിഞ്ഞാട്ടം വളരെ കേമംതന്നെ. ഈ തോന്നിവാസങ്ങൾ സരസൻ അറിയുന്നുണ്ടേ. സ്ഥലം ഗവ: ആശുപത്രിയിൽ വെച്ചുകെട്ടുമായി ചെല്ലുന്ന രോഗികളോട് കുറച്ചു ദയകാണിച്ചാൽ കൊള്ളാം. അവരോടു ചീറിഅടുക്കാതെ (കൈയിൽ കാശില്ലെങ്കിലും) കുറച്ചു ദയവുകാണിച്ചാൽ വളരെ ഉപകാരമായിരിക്കും. അധികാരികൾ ശ്രദ്ധിച്ചു കണ്ടാൽ കൊള്ളാമെന്നു ജനശബ്ദം.

വാഴക്കുളം — ആറാംമൈൽമുതലുള്ള റോഡ്സൈഡിലെ തടികൾ ലേലം ചെയ്തതിൽ 18 പേർ യോജിച്ചതിനാൽ 10 രൂപാ 11 അണ വീതം കിട്ടി. ഈ വിളവുതിന്നതിൽ വേലിയുംപെടും. മൂന്നു വേലികളാണു പെട്ടതു്. ഈ വീതത്തിൽ ഭേദം എത്രയോ നല്ല വരുമാനമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ആവത്തിക്കാതിരുന്നാൽ നന്ന്.

ഉഴവൂർ — സ്ഥലത്തു നടക്കുന്ന ചില പ്രേമനാടകങ്ങളും ഒളിച്ചുകളിയും സരസൻ അറിയുന്നുണ്ടേ. സൂക്ഷിച്ചില്ലെങ്കിൽ പേരുവിവരം അടുത്തതിൽ. സരസൻ ഒററപ്രതി എന്നെൻ കുരിക്കാടിൻെറ പക്കൽനിന്നോ കെ. കെ. നാരായണൻെറ മുറുക്കാൻകടയിൽനിന്നോ കിട്ടുന്നതാണ്.


പരിശുദ്ധ സ്നേഹത്തിൻെറ തങ്കനൂലിഴകളാൽ നെയ്തെടുക്കപ്പെട്ട അതിമനോഹരമായ ഒരു കലാശില്പം!!

"ത്യാഗദേവത"



അവതരിപ്പിക്കുന്നത് —

സുപ്രസിദ്ധ കാഥികൻ

ആലപ്പി സദാനന്ദൻ

& പാർട്ടി.

ആലപ്പി P. O.


പാലക്കുഴ — സരസൻ ആവശ്യമുള്ളവർ ചെറുകുന്നേൽ പീടികയിലും മി. കെ. എം. മാത്യുവിൻെറപക്കലും അന്വേഷിക്കുക.

വൈക്കം — ചെമ്മനത്തുകരയിൽ ഒരുമടൽ ഓലയ്ക്കുവേണ്ടി അളിയന്മാർതമ്മിൽ അടിപിടിനടന്നതായ ഒരു അനിഷ്ടസംഭവം ഉണ്ടായിരിക്കുന്നു. അതിൽ കക്ഷിപിടുത്തക്കാരും പോലീസുകാരും ചേർന്നു വെള്ളംകുടിച്ചു പിരിയാതെ അടികൊണ്ടയാളിനു വേണ്ടതു ചെയ്തുകാണുവാൻ ആഗ്രഹിക്കുന്നു. സ്ഥലം എൽ. പി. എസ്സ്-ലെ ടീച്ചേഴ്സ് അവരുടെ കത്തവ്യം നിറവേറാത്തതുമൂലം കുട്ടികൾക്കു ആ പോലും അറിയുവാൻപാടില്ലായെന്നു രക്ഷകത്താക്കളുടെ ഇടയിലൊരു സംസാരം.

കരുനാഗപ്പള്ളി — ഗവ: ആശുപത്രിയിലെ കണ്ടിജൻസിജീവനക്കാരിൽ കുറാളായ ആ യുവകോമളൻെറ, ആശുപത്രിയിൽ മരുന്നുവാങ്ങാൻവരുന്ന രോഗികളോടുള്ള അപമര്യാദയായിട്ടുള്ള പെരുമാററവും മററും മററും സരസൻ അറിയുന്നു. അങ്ങാടിക്കൽ ചന്തയിലെ കോമളന്മാരുടെ ചക്കാത്തുവായനയും മററു നടപടികളും സരസനറിയുന്നു.

എടത്വാ — കന്നിമാസത്തിൻെറ അവസാനദിവസം സമീപിച്ചപ്പോൾ സ്ഥലത്തുള്ള പേപിടിച്ച പട്ടികൾ ചില ആര്യവൈദ്യശാലകൾ സന്ദർശിച്ചു പേകളയുവാൻ പരക്കംപായുന്നതു് സരസൻ അറിയുന്നു. സൂക്ഷിച്ചില്ലെങ്കിൽ വൈദ്യൻ ചീത്തയാകും.

ചവറ സൗത്ത് — ഈ സ്ഥലത്തുനിന്നും ആലുംകടവ്, തുറയിൽക്കടവ് എന്നു രണ്ടു പ്രൈവററുബസ്സ്സർവീസുകൾ നടത്തിയിരുന്നു. കുറേക്കാലമായി കാണുന്നില്ല. പൊതുജനങ്ങൾ വളരെ വലയുന്നു. കരുനാഗപ്പള്ളിയിൽ രാവിലെ ആറുമണിമുതൽ വൈകിട്ട് ഏഴരവരെ ട്രാൻസ്പോർട്ടുബസ്സ്സർവീസ് നടത്തിയാൽക്കൊള്ളാം. മുൻപു് പഞ്ചായത്തു് പ്രമേയം അയച്ചിട്ടുണ്ട്.

മങ്കൊമ്പ് — ചേന്നങ്കരി കുട്ടമ്മ അമ്പലപരസരം കാടുകയറി ഇരുൾ വ്യാപിച്ചിരിക്കുന്നു. ക്ഷേത്രക്രിയക്കാർ ക്ഷേത്രത്തിൽ വരാറില്ല. പമ്പിംഗ് നടക്കുന്ന ഈ അവസരത്തിൽ ചില മോട്ടോർതറകളിൽ മീററർബോർഡിൽ പെട്ടിവെയ്പിക്കുന്നതും ചില തറകളിൽ പെട്ടിവയ്ക്കാൻ നിർബന്ധിക്കാത്തതും സരസനറിഞ്ഞു.

...0...

# ശാസ്ത്രീയമായ പ്രസവരക്ഷ!

## അമ്മമാരിൽ ആരോഗ്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു.




പ്രസവം കഴിഞ്ഞാൽ അടുത്ത ദിവസംമുതൽ "പ്രസൂതികാമൃതം" (Regd) (അരിഷ്ടം) കാലത്തും വൈകുന്നേരവും ആഹാരത്തിനുമുമ്പ് സേവിക്കുക. ഇങ്ങനെ 12 ദിവസം കഴിഞ്ഞാൽ "ധാന്വന്തരം കഷായം" അര ഔ: തിളപ്പിച്ചാറിയ വെള്ളം 1 ഔ: ചേർത്ത് കാലത്തും വൈകുന്നേരം 5 മണിക്കും ഉപയോഗിക്കുക. ഉച്ചയ്ക്ക് ആഹാരത്തിനു ശേഷവും, അത്താഴത്തിനു ശേഷവും "ദശമൂലാരിഷ്ടം" ഒരൗൺസുവീതം സേവിക്കുക. തേച്ചുകുളിക്കുവാൻ, നീരിളക്കക്കാരെങ്കിൽ "നിർഗ്ഗുണ്ഡിതൈലം" മുടികൊഴിച്ചിൽ ഉള്ളവരെങ്കിൽ സ്പെഷ്യൽ "നീലിഭൃംഗാദി തൈലമോ" ദേഹത്ത് "സ്കിൻടോൺ" കുഴമ്പും തേയ്ക്കുക. ഇപ്രകാരം 24 ദിവസം കഴിഞ്ഞാൽ "മൃഗമദാദി രസായനം" ഒരു മാസം തുടർച്ചയായി കാലത്തും വൈകുന്നേരവും ഒരു ക. തൂക്കം മുതൽ രണ്ടു ക. തൂക്കംവരെ സേവിക്കുക.

ഈ ശാസ്ത്രീയമായ പ്രസവരക്ഷാക്രമം അനുഷ്ഠിക്കുവാൻ ഓരോ അമ്മമാരും ശ്രദ്ധയുള്ളവരായിരിക്കുക.
ഔഷധങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കിട്ടും.
വി. പി. ഏർപ്പാട് ഹെഡ്ഡാഫീസിൽമാത്രം—കൂടുതൽ വിവരം ഔഷധസഹിതം.

## S. D. ഫാർമസി, H. O. ആലപ്പുഴ. Phone No. 586 (P. Box. 61)

ബ്രാഞ്ചുകൾ— തിരുവനന്തപുരം, ചേർത്തല, അമ്പലപ്പുഴ, കത്തിയതോട്, എടത്വാ, പാലാ, തൊടുപുഴ, കൊച്ചി (തോപ്പുംപടി), തൃശ്ശൂർ, ചങ്ങനാശ്ശേരി, മട്ടാഞ്ചേരി; എറണാകുളം (With Nursing home)

## S. D. ഫാർമസീസ്- ★ സ്ഖലനനിവാരണി ★

യുവലോകത്തിനു് അനുഗ്രഹീതമായ സിദ്ധൗഷധം.

രൂക്ഷമായ ആഹാരങ്ങൾ കഴിക്കുന്നതുകൊണ്ടോ, ദുശ്ശീലങ്ങൾക്ക് ചെറുപ്പത്തിൽ വശംവദനാകുന്നതുകൊണ്ടോ, കൃത്യസമയങ്ങളിൽ ആഹാരം ഉപയോഗിക്കാതെ ശരീരം ചൂടാകാൻ ഇടയാകുന്നതുകൊണ്ടോ, എന്നല്ല ഇതുപോലെയുള്ള മററു പലവിധ കാരണങ്ങളാൽ മൂത്രത്തിനു മുമ്പോ, പിമ്പോ. ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ സ്വപ്നം കണ്ടോ ഉണ്ടാകുന്ന സ്ഖലനരോഗങ്ങളെ വളരെവേഗം ശമിപ്പിക്കുവാൻ ഞങ്ങളുടെ സ്ഖലനിവാരണി അതിപ്രശസ്തമാണു്. ഈ സിദ്ധൗഷധം പരസഹസ്രം ആളുകൾ ഉപയോഗിച്ച് രോഗശാന്തി വരുത്തിയിട്ടുണ്ട്.

രണ്ടാഴ്ച സേവിയ്ക്കുന്നതിനുള്ള ഡപ്പി 1 ക്കു് 5—50. V. P. ചാർജ്ജു് 1—19. S. T, പുറമെ.


Edited, Printed & Published by R. Madhavan Pillai at the Sarasan Press, Changanacherry.

1960 NOVEMBER SARASAN, CHANGANACHERRY, R.N. 3204/57. Reg. No. M. 6257


# സ്വർണ്ണാഭരണ വിതരണ പദ്ധതി No. 3.

## Rs. 1501 സ്പെഷ്യൽ സമ്മാനം

## A. B. എന്നീ

രണ്ടു ഗ്രൂപ്പുകളായി ഉടൻ ആരംഭിക്കുന്നു.

നറുക്കു വീണാൽ
വീണ്ടും പണം അടയ്ക്കേണ്ടാ.

വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ററസിനു നേരിട്ടോ 8 ന. പ. സ്റ്റാമ്പുസഹിതമോ ആവശ്യപ്പെടുക.

## ഗോപാലകൃഷ്ണാ ജുവലേഴ്സ്,

മുല്ലയ്ക്കൽ, ആലപ്പുഴ, കേരളാ സ്റ്റേററ്.

ഫോൺ നമ്പർ: 511.


Cover Printed at the Victory Press, Kottayam.